
Date of publication:
9 നവംബർ 2014 / വോള്യം 4 / ലക്കം 5 / വില 15 ₹

# സംഘടിത

അന്വേഷി
പ്രസിദ്ധീകരണം



## “സ്ത്രീകളും പൊതു ഇടവും”




സംഘടിത

നവംബർ 2014 | വോള്യം 8 | ലക്കം 5

# ഉള്ളടക്കം

ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

## ഒരു പൊതുവിട പ്രവേശന വിളംബരം

മിനി സുകുമാർ

15. വസ്ത്ര-ആക്ഷേപം : പൊതുയിടങ്ങളിലെ സ്ത്രീശരീര വിന്യാസങ്ങൾ - **ഷീബ.കെ.എം.**
20. സൈബർ പൊതുമണ്ഡലവും മലയാളിസ്ത്രീയും - **ശ്രീജ.എസ്**
24. മലയാള സിനിമയിലെ സ്ത്രീഇടം, പൊതുഇടം **ശ്രീദേവി പി.അരവിന്ദ്**
28. നഗരത്തിന്റെ അവകാശികൾ - **അന്ന.എം**
31. ക്യാമ്പസ് : പൊതുഇടങ്ങളിലെ ആൺയുക്തിയും പ്രതിരോധ സമരങ്ങളും - **ഷഹാന വി.പി**
41. ഉപ്പും മുളകും - **ഗീത**
43. വാടകപ്പാത്രങ്ങൾ (കഥ) - **പ്രിയ.പി.വി**
46. ആ ദൂരം ഒരു പാട്ടിന്റേതു മാത്രമല്ല - **ദിൽഷാദ്**
49 സ്ത്രീ ആഖ്യാനങ്ങളിലെ കുടുംബവും ലിംഗപദവിയും **ബിന്ദു നരവത്ത്**
56. സ്ത്രീപക്ഷത്തിന്റെ സ്വപ്നസാക്ഷാത്കാരം- **അമ്പിളി സുധീർ**
58. ശാസ്ത്ര നോബൽ 2014 - **സീമ ശ്രീലയം**

**കവിത**

10. ആനന്ദങ്ങളുടെ പാകം (കവിത) - **സെറീന**
27. പിന്മാറ്റം (കവിത) - **ജിനി.കെ**
36. എന്നാലും ഞാൻ ഉയരുന്നു-(കവിത) **പരിഭാഷ : വിനീത മേക്കോത്ത്**



6

**പൊതു ഇടങ്ങളും സ്ത്രീസുരക്ഷയും**
- ഏലിയാമ്മ വിജയൻ



11

**പരിരക്ഷയുടെ ഇടങ്ങൾ**
- ഡോ: ജയശ്രീ.ഏ.കെ



37

**പൊതുഇടം : പുരുഷാധികാര ബലതന്ത്രങ്ങളും മുതലാളിത്ത യുക്തിയുടെ നിർമ്മിതിയും സിനിമാതിയേറ്ററുകളിൽ** - ജിതു.ടി.വി

| | | |
|---|---|---|
| എഡിറ്റർ | : | സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി. കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | മിനി സുകുമാർ |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, ദീദി, സി.എസ്. മീനാക്ഷി, ഗിരിജ. പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. കെ.എം. ഷീബ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com

## എഡിറ്റോറിയൽ





സാറാജോസഫ്

**1990ൽ** കേരളത്തിൽവെച്ച് നടന്ന സ്ത്രീവിമോചനപ്രസ്ഥാനങ്ങളുടെ ദേശീയസമ്മേളനത്തിന് നാന്ദികുറിച്ചുകൊണ്ട് നമ്മൾ പാടിയ ഉണർത്തുപാട്ടിൽ പൊതുഇടങ്ങളിൽ നീതിനിഷേധിക്കപ്പെടുകയും അപമാനിതരാവുകയും ചെയ്യുന്ന സ്ത്രീകളുടെ പ്രതിഷേധത്തിന്റെ ഉറച്ചശബ്ദമാണ് ഉയർന്നുകേട്ടത്. “അടിമകളല്ലിനി നാം” എന്ന് രണ്ട് ദശകങ്ങൾക്ക് മുമ്പ് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിലുടനീളം സ്ത്രീകൾ ആ ഉണർത്തുപാട്ടിനെ അവകാശപ്പോരാട്ടത്തിന്റെ കാഹളമാക്കിമാറ്റി.

*അകത്തളത്തിൽ തെരുവിൽ ബസ്സിൽ*
*സിനിമാശാലകളിൽ*
*പണിക്കളത്തിൽ പോലും*
*അപമാനിതരായി*
*അടിമകളല്ലിനിനാം കേവലമടിമകളല്ലിനിനാം*
*ഉണർന്നെണീക്കുക സോദരീ*
*ഉണർന്നെണീക്കുക സോദരീ...*

പൊതുഇടങ്ങളിന്മേൽ സ്ത്രീകൾക്ക് തുല്യഅവകാശം ഇന്ത്യൻഭരണഘടന വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ സ്ത്രീവിരുദ്ധമായ സാമൂഹ്യനീതികൾകൊണ്ട് കുടുംബം, മതം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, എന്തിനേറെ നിയമവ്യവസ്ഥ പോലും അതിനെ മറികടന്നു. സ്ത്രീകളുടെ സ്വാതന്ത്ര്യവും അവർക്കുള്ള അവസരങ്ങളും അവരുടെ പങ്കാളിത്തവും നിഷേധിക്കുന്നതിന് മതവും കുടുംബവും സ്ത്രീകളുടെ പ്രശ്നങ്ങളെ വൈകാരികപ്രശ്നങ്ങളായി വിലയിരുത്തി സ്ത്രീകളെ ചട്ടക്കൂടുകളിൽ സമർത്ഥമായി തളച്ചിട്ടു. ദശകങ്ങൾക്കുമുമ്പ് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്', 'തൊഴിൽകേന്ദ്രത്തിലേക്ക്' തുടങ്ങിയ ആശയങ്ങളിലൂടെ സ്ത്രീയുടെ പൊതുഇടത്തിലേക്കുള്ള പ്രവേശനം വിളംബരം ചെയ്യുന്നതിന് നവോത്ഥാനപ്രസ്ഥാനങ്ങൾ പ്രവർത്തിച്ചതായി കാണാം. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ പിന്നീടൊരിക്കലും സ്ത്രീയുടെ അവകാശപോരാട്ടങ്ങൾക്ക് പിൻതിരിഞ്ഞ് നടത്തം ഉണ്ടായിട്ടില്ല. ഇടക്ക് മന്ദഗതിയിലാവുമെങ്കിലും സ്ത്രീകൾ *'പാതിമണ്ണിൻ ഉടമകൾ നമ്മൾ, പാതി ആകാശത്തിനും. ഇവിടെ നമ്മൾ ഉറച്ചുനിൽക്കും, ഇവിടെ നമ്മൾ ഉയർന്നുനിൽക്കും'* എന്ന പ്രഖ്യാപനത്തോടെ കുടുംബത്തിനകത്തും പുറത്തും സ്ത്രീയുടെ ദൃശ്യത സഫലമാക്കാനുള്ള മുന്നേറ്റത്തിൽ തന്നെയായിരുന്നു.

എങ്കിലും എല്ലായ്പ്പോഴും പൊതുഇടം സ്ത്രീക്ക് സുരക്ഷിതമല്ലാത്തതും, നീതിയും അവസരങ്ങളും നിഷേധിക്കുന്നതും ആയിത്തന്നെ തുടർന്നു. ലോകസാമ്പത്തികഗതിയിൽ മുതലാളിത്ത സാമ്രാജ്യത്വ അനുകൂലമായ വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ അതിനനുസരിച്ച് നിർമ്മിക്കപ്പെടുന്ന നവസംസ്ക്കാരം കൂടുതൽ കൂടുതൽ സ്ത്രീവിരുദ്ധമാകുന്നതും അപകടകരമാകുന്നതുമായ അനുഭവമാണ് ഇപ്പോഴുള്ളത്. സ്ത്രീയുടെ സഞ്ചാരത്തിന്, സ്വാതന്ത്ര്യത്തിന് ഭീഷണി മുഴക്കാൻ കെല്പാർജ്ജിക്കുന്ന മതകുടുംബനീതികൾ ആസുരമായ ശക്തിയോടെ സ്ത്രീയെ ഏതോ ഭൂതകാലാവസ്ഥയിലേക്ക് ചവിട്ടിപിൻതള്ളിക്കൊണ്ടിരിക്കുന്നു. അതിനാൽ സ്ത്രീയുടെ പോരാട്ടം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണ്ണവും കൂടുതൽ അപകടകരവും ആയിരിക്കുന്നു. സോഷ്യൽമീഡിയ പോലെയുള്ള ഒരു സ്വതന്ത്രലോകത്തുപോലും സ്ത്രീക്ക് നിഷേധിക്കപ്പെടുന്ന തന്റെ സ്വാതന്ത്ര്യത്തെപ്പറ്റി വേവലാതിപ്പെടേണ്ടി വരുന്നു.

ഇന്ന് സ്ത്രീ എന്നാൽ ഒരു ലൈംഗികാവസ്ഥ എന്നതിലേക്ക് പിറന്നുവീണ അന്നുമുതൽ കൗമാരത്തിലും യൗവ്വനത്തിലും വാർദക്യത്തിലും പുരുഷന്റെ ആക്രമണത്തിലും ലൈംഗികഉപഭോഗത്തിനുമുള്ള ഒരു ഇരമാത്രമാണ് എന്ന വസ്തുവത്ക്കരണം പുതിയ സാമ്പത്തികാവസ്ഥ നൂറു ശതമാനവും ഉറപ്പാക്കിയിരിക്കുകയാണ്.

പൊതു ഇടത്തിൽ എങ്ങനെയെല്ലാം സ്ത്രീകൾകൾക്ക് തുല്യനീതിയും അവസരങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നുണ്ട് എന്നും അതേസമയം ആത്മാഭിമാന പോരാട്ടങ്ങളിലൂടെ സ്ത്രീകൾ എങ്ങനെയെല്ലാം പൊതു ഇടങ്ങൾ സ്വന്തമാക്കിക്കൊണ്ടിരിക്കുന്നു എന്നുമുള്ള അന്വേഷണമാണ് മിനി സുകുമാർ ഈ ലക്കം സംഘടിതയിൽ വളരെ ഗൗരവപൂർണ്ണമായ പഠനങ്ങളിലൂടെ നിർവ്വഹിക്കുന്നത്. എല്ലാ സഹോദരിമാർക്കും എന്റെ അഭിവാദ്യങ്ങൾ.

*നമ്മൾ പാതവക്കിലെ പുൽക്കൊടികളല്ല, നമ്മുടേത് പാതിവെന്ത കിനാവുകളുമല്ല. തുല്യനീതിയുടെ ഒരു ഉജ്വലലോകം സ്വപ്നം കാണുകയും വിട്ടുവീഴ്ചയില്ലാതെ അതിനുവേണ്ടി നിരന്തരം പോരാടുകയും ചെയ്യുന്ന ധീരസമര സഖാക്കളാണ്.*

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



മിനി സുകുമാർ



# ഒരു പൊതുവിട പ്രവേശന വിളംബരം

**സംഘടിതയുടെ** ഈ ലക്കം സ്ത്രീകളും പൊതു ഇടങ്ങളുമായുള്ള സങ്കീർണമായ ബന്ധങ്ങളെക്കുറിച്ചാണ്. കേരളത്തിന്റെ പരിസരങ്ങളിൽ നിന്നുകൊണ്ടുള്ള നോട്ടങ്ങളും വിശകലനങ്ങളും ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ പൊതു ഇടങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ചും ആ ഇടങ്ങളിൽ ഏറിയും കുറഞ്ഞും നിലനില്ക്കുന്ന സ്ത്രീവിരുദ്ധതയെക്കുറിച്ചുമുള്ള ഉത്കണ്ഠകളാണ് ഈ ലേഖനങ്ങൾ പ്രധാനമായും പങ്കുവയ്ക്കുന്നത്. പൊതുസ്ഥലങ്ങൾ എന്നു നമ്മൾ സാമാന്യമായി വ്യവഹരിക്കുന്ന സ്ഥലങ്ങളിലേക്കും പ്രദേശങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കുമാണ് ഈ അന്വേഷണം നീളുന്നത്. കൂടാതെ, പുതിയ സാങ്കേതിക വിദ്യകൾ ജന്മം നല്കിയ വെർച്ചുവൽ (പ്രതീതി) പൊതുവിടങ്ങളായ ഇന്റർനെറ്റ്, സോഷ്യൽമീഡിയ, സിനിമ എന്നിവയും ഈ അന്വേഷണങ്ങളിൽ ഉൾപ്പെടുന്നു.

കർശനമായ ലിംഗഭേദം നിലവിൽ വന്നതാണ് ആധുനിക കേരള പൊതുമണ്ഡലത്തിന്റെ ഏറ്റവും പ്രധാന സവിശേഷതയെന്ന് പല ഗവേഷകരും വിലയിരുത്തുന്നുണ്ട്. കഴിഞ്ഞ നൂറ്റാആണ്ടിൽ കേരളം ആധുനികവല്ക്കരിക്കപ്പെട്ടതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട പൊതുവിടങ്ങൾ പലതും പുതിയ തൊഴിലിടങ്ങൾ കൂടിയായിരുന്നു. വിദ്യാഭ്യാസം നേടി ഈ ഔദ്യാഗിക തൊഴിലിടങ്ങളിലേക്ക് വിദ്യാലയങ്ങൾ, ആശുപത്രികൾ, പൊതുഭരണം, ഗതാഗതം, തുടങ്ങിയവ പ്രവേശിച്ചവരിൽ ഒരു പ്രധാന വിഭാഗം സ്ത്രീകളായിരുന്നു. ഇതുപോലെ പുതിയ മൂലധനനിക്ഷേപങ്ങൾ നിർമ്മിച്ച പുതിയ തൊഴിലിടങ്ങളായ ഫാക്ടറികളും തോട്ടങ്ങളും വലിയ കൃഷിയിടങ്ങളും ധാരാളം സ്ത്രീകളെ ഉൾക്കൊണ്ടിരുന്നു. എന്നാൽ ഔദ്യോഗിക തൊഴിലിടങ്ങളുടെ ലിംഗഭേദത്തെ ക്രമേണ ഇവയും അനുകരിച്ചു എന്നു വേണം അനുമാനിക്കാൻ.

സ്ത്രീപുരുഷ വ്യത്യാസങ്ങളിൽ ഊന്നിയ സ്വകാര്യപൊതുവിട വിഭജനങ്ങൾ കേരളത്തിൽ നടപ്പിലായപ്പോഴും സ്ത്രീകളുടെ പൊതു പ്രവേശം പലരീതിയിൽ പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ എല്ലായ്പ്പോഴും അത് പലവിധത്തിൽ പുരുഷാധികാര താല്പര്യങ്ങളാൽ നിയന്ത്രിതമായിരുന്നു. ഇന്നും അതിനു മാറ്റം വന്നിട്ടില്ല. സാമുദായികവും മതപരവും പ്രാദേശികവും രാഷ്ട്രീയവും വർഗ്ഗപരവുമായ നിരവധി ഘടകങ്ങളാൽ നിർണയിക്കപ്പെട്ട ലിംഗാധികാരമാണ് നമ്മുടെ പൊതു ഇടങ്ങളെ വാഴുന്നത്.

ഏതാണ്ടെല്ലായിടത്തും നടക്കുന്ന ചർച്ചയായി മാറിയിരിക്കുന്നു പൊതുവിടങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന അതിക്രമങ്ങൾ. സ്ത്രീകൾ പൊതുഇടങ്ങളിലേക്ക് പ്രവേശിച്ചതാണ് പ്രശ്നമെന്നു പറയുന്നവരെ അംഗീകരിക്കാൻ ഇന്ന് കേരളത്തിലെ പൊതു സമൂഹത്തിൽ ഭൂരിപക്ഷം പേരും തയ്യാറല്ല. എന്നാൽ പൊതുഇടത്തിൽ സ്ത്രീകൾക്കാ യി ചില നിയന്ത്രണങ്ങൾ ആവശ്യമാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ഈ യോജിപ്പിലാണ് പൊതുഇടത്തിന്റെ സ്ത്രീവിരുദ്ധ രാഷ്ട്രീയം നിലനില്ക്കുന്നത്. സദാചാരപോലീസ് ചമഞ്ഞ് ആൺപെൺ സൗഹൃദങ്ങളേയും സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്ന സ്ത്രീകളേയും ആക്രമിക്കുന്ന സംഭവങ്ങൾ ഈയിടെയായി കേരളത്തിൽ അടിക്കടി ഉണ്ടാകുന്നത് ഇതിനൊരു ഉദാഹരണമാണ്.

നിർഭയ എന്ന പൊതുപേരിൽ അറിയപ്പെടുന്ന പെൺകുട്ടി നേരിട്ട ക്രൂരമായ അതിക്രമസംഭവത്തിനുശേഷം പൊതുസ്ഥലത്ത് സ്ത്രീകൾ നേരിടുന്ന ലൈംഗികഅതിക്രമങ്ങൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു. എന്നാൽ ഈ ചർച്ചകൾ പൊതുവിടം സ്ത്രീക്ക് അരക്ഷിതമാക്കുന്ന സാമൂഹ്യമായ കാരണങ്ങളെക്കുറിച്ചും സമൂഹത്തിന്റെ ആൺകോ യ്മാ ഭരണക്രമത്തെക്കുറിച്ചുമുള്ള വിശകലനങ്ങളിലേക്ക് വളർന്നില്ല. അക്രമം വിളിച്ചു വരുത്തുന്ന, ആകർഷിക്കുന്ന ശരീരങ്ങളും അക്രമത്തിനു വിധേയമാകുന്ന വിശുദ്ധ ശരീരങ്ങളും എന്ന ധാരണ ഇതു ശക്തമാക്കിയിട്ടുണ്ട്. അക്രമം നഗര കേന്ദ്രിതമാണെന്ന ധാരണയും, പൊതുവിടം/പൊതുസ്ഥലം നഗരത്തിൽ മാത്രമാണെന്ന ഒരു ധാരണവും ഇതുണ്ടാക്കിയിട്ടുണ്ട്. ഈ ധാരണയിലൂടെ ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകൾ ഏറ്റവുമധികം അക്രമങ്ങളും നിയന്ത്രണങ്ങളും നേരിടുന്ന ഗ്രാമീണമായ പരിസരങ്ങൾ അപ്രസക്തമാക്കപ്പെട്ടു.

അതിക്രമങ്ങളുടെ ഈയൊരു അംഗീകൃത ചട്ടക്കൂടിൽ നിന്നുകൊണ്ടുമാത്രമല്ലാതെയുള്ള ലേഖനങ്ങൾ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. എല്ലാ ലേഖനകാരികൾക്കും നന്ദി. പൊതുവിടവും രാഷ്ട്രീയവും ചർച്ച ചെയ്യുന്ന ലേഖനത്തിന്റെ അഭാവം ഒരു സ്വകാര്യവ്യസനമാണ്. പൊതുവിടത്തിലെ സ്ത്രീയുടെ അധികാരശൂന്യത പൊതുവിഭവങ്ങളിന്മേലുള്ള അവളുടെ അധികാര ശൂന്യത കൂടിയാണെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് ഈ ലക്കം സംഘടിത വായനക്കാർക്കു സമർപ്പിക്കുന്നു. ഈ അവസരത്തിന് നന്ദി.




കവർസ്റ്റോറി



ഏലിയാമ്മ വിജയൻ

# പൊതു ഇടങ്ങളും സ്ത്രീസുരക്ഷയും

**തൊഴിൽസ്ഥലങ്ങളും യാത്രാവേളകളും മറ്റ് പൊതുഇടങ്ങളും ഒട്ടും സുരക്ഷിതമല്ല എന്നത് ഈ സമൂഹത്തിന്റെ പകുതിയിൽ കൂടുതൽ വരുന്ന ഒരു വിഭാഗം നേരിടുന്ന കടുത്ത മനുഷ്യാവകാശലംഘനമാണ്.**

**കേരളസമൂഹത്തിന്റെ** പൊതു ഇടങ്ങൾ എത്രമാത്രം അരക്ഷിതമാണ് എന്ന് സമൂഹത്തെ ആകമാനം ബോധ്യപ്പെടുത്തിയ ഒരു സംഭവമായിരുന്നു ട്രെയിൻ യാത്രക്കിടയിൽ ദാരുണമായി കൊല ചെയ്യപ്പെട്ട സൗമ്യയുടെ അനുഭവം. അതിനുമുൻപും പിന്നീടും അത്ര ദാരുണമല്ലെങ്കിൽക്കൂടി പൊതുഇടങ്ങളിൽ പലതരം അതിക്രമങ്ങളും പീഡനങ്ങളും നേരിടേണ്ടിവന്ന സ്ത്രീകളുടേയും പെൺകുട്ടികളുടേയും അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. തൊഴിൽസ്ഥലങ്ങളും യാത്രാവേളകളും മറ്റ് പൊതുഇടങ്ങളും ഒട്ടും സുരക്ഷിതമല്ല എന്നത് ഈ സമൂഹത്തിന്റെ പകുതിയിൽ കൂടുതൽ വരുന്ന ഒരു വിഭാഗം നേരിടുന്ന കടുത്ത മനുഷ്യാവകാശലംഘനമാണ്.

കേരളത്തിലെ സ്ത്രീകൾ എന്നത് ഒരു ഏകതാനവിഭാഗമല്ല എന്ന വസ്തുത വിസ്മരിക്കുന്നില്ല. പ്രായം, സാമ്പത്തിക അവസ്ഥ, ജാതി-മത വ്യത്യസ്തതകൾ, ലൈംഗിക തെരഞ്ഞെടുപ്പുകൾ തുടങ്ങിയ വ്യത്യസ്ഥതകൾ പരിഗണിക്കുമ്പോൾ, ചില വിഭാഗം സ്ത്രീകൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥ വളരെ ഏറെയാണ്. അതിക്രമങ്ങളുടെ സാധ്യതകളും സ്ത്രീകളുടെ യാത്രകളെ സംഘർഷഭരിതമാക്കുന്നു. അവളുടെ സുരക്ഷയുടെ ഉത്തരവാദിത്വം അവൾക്കുതന്നെയാണ് എന്ന സാമൂഹികതീർപ്പ് കാരണം, ഒട്ടേറെ മുൻകരുതലുകളും അവൾ സ്വീകരിക്കേണ്ടതായി വരുന്നു.

പൊതു ഇടങ്ങളിലെ അതിക്രമങ്ങൾ വ്യത്യസ്തതലങ്ങളിലും രീതികളിലുമുള്ളവയാണ്. ലൈംഗികവും ശാരീരികവും മാനസികവും വൈകാരികവുമായ തലങ്ങളിലാണ് ഇവ സംഭവിക്കുന്നത്. ഒരു സ്ത്രീക്ക് ഇഷ്ടമില്ലാത്ത രീതി

> കൃത്യമായി ആസൂത്രണം ചെയ്തവയല്ല നമ്മുടെ നഗരങ്ങൾ. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യക്ക് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുന്നില്ല. മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.



യിൽ അവരെ തുറിച്ചുനോക്കുക, അശ്ലീലകമന്റുകൾ പറയുക, ശരീരത്തിൽ സ്പർശിക്കുക തുടങ്ങി ആ വ്യക്തിത്വത്തെ അവഹേളിക്കുന്ന ഏതു പ്രവൃത്തിയും ലൈംഗികപീഡന(sexual harassment)മാണ്.

സ്ത്രീയെ കടന്ന് പിടിക്കുക, മുറിവേൽപ്പിക്കുക, ബലാത്സംഗം ചെയ്യുക തുടങ്ങിയ മാനസിക-ശാരീരിക അതിക്രമങ്ങളെ ലൈംഗികാതിക്രമങ്ങളായി (sexual assault). വിശേഷിപ്പിക്കുന്നു.

2010-11 കാലഘട്ടത്തിൽ സഖിയും അന്വേഷിയും ചേർന്ന് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടത്തിയ ഒരു പഠനത്തിൽ, ആയിരത്തി ഇരുന്നൂറോളം വ്യക്തികളുമായി ഈ വിഷയത്തെക്കുറിച്ച് അഭിമുഖം നടത്തുകയുണ്ടായി. ഇവരിൽ 98% പേരും പറഞ്ഞത്, ലൈംഗികമായ ശല്യപ്പെടുത്തലുകളും അപമാനിക്കലും പൊതുഇടങ്ങളിലെ സുരക്ഷക്ക് വലിയ ഭീഷണിയാണ് എന്നാണ്. വാക്കുകൊണ്ടും നോട്ടം കൊണ്ടും ഉള്ള ശല്യപ്പെടുത്തലാണ് സർവ്വസാധാരണം. പിന്തുടരുക, നഗ്നതാപ്രദർശനം, മൊബൈൽ ഉപയോഗിച്ച് ഫോട്ടോ എടുക്കുക, പിന്നീട് അതുപയോഗിച്ച് ബ്ലാക്മെയിൽ ചെയ്യുക എന്നിവയും റിപ്പോർട്ട് ചെയ്യപ്പെട്ടു. മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം മൂലം അനുഭവിക്കേണ്ടിവരുന്ന സുരക്ഷാഭീഷണികളും ഒട്ടും കുറവല്ല എന്ന് ഈ പഠനം വെളിപ്പെടുത്തി.

എല്ലാ സ്ത്രീകളും എന്നും പൊതുസ്ഥലത്ത് ഇത്തരം പ്രശ്നങ്ങൾ നേരിടുന്നു എന്ന് ഇതിനർത്ഥമില്ല. പലപ്പോഴായി നേരിടേണ്ടി വരുന്ന ഇത്തരം പ്രശ്നങ്ങൾ മൂലം നിരന്തരം ഒരു ഭീതിയുടെ നിഴലിലാണ് പെൺകുട്ടികളുടേയും സ്ത്രീകളുടേയും ജീവിതം. സ്വാതന്ത്ര്യത്തിന്റേയും സുരക്ഷയുടേയും ഒരു അന്തരീക്ഷത്തിൽ, നമ്മുടെ ജീവിതത്തെ അനുഭവിക്കാൻ നമുക്കാവുന്നില്ല. വസ്ത്രധാരണം, യാത്രാസമയം, യാത്രാരീതി തുടങ്ങിയവയൊക്കെ ഈ അപകടസാധ്യതകളെക്കുറിച്ചുള്ള ആശങ്കകളുടെ പശ്ചാത്തലത്തിലാണ് സ്ത്രീകൾക്ക് തീരുമാനിക്കേണ്ടി വരിക.

**പൊതു ഇടങ്ങൾ**

ഒരു സമൂഹം ക്രമേണ സൃഷ്ടിക്കപ്പെടുന്നതാണ്. അമ്പതോ നൂറോ വർഷം മുമ്പുള്ള നഗരങ്ങളും ഗ്രാമങ്ങളും അല്ല ഇന്നുള്ളത്. എല്ലാമേഖലകളിലും അതിവേഗത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിനായും തൊഴിലിനായും ആളുകൾ കൂടുതലായി ഇന്ന് നഗരങ്ങളെ ആശ്രയിക്കുന്നു. നഗരവത്കരണത്തിന്റെ തോതും വളർച്ചയും അതിവേഗത്തിലാണ്.

കൃത്യമായി ആസൂത്രണം ചെയ്തവയല്ല നമ്മുടെ നഗരങ്ങൾ. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യക്ക് ആനുപാതികമായി അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിക്കുന്നില്ല. മാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. വാഹനപെരുപ്പത്തിനനുസരിച്ച് റോഡുകൾ വികസിക്കുന്നുമില്ല.

ഒരു സമൂഹം, അവിടെ ജീവിക്കുന്ന എല്ലാ ആളുകൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. റോഡുകൾ വാഹനങ്ങൾക്ക് വേണ്ടി മാത്രമുള്ളവയല്ല; അവ കാൽനടക്കാർക്കും കൂടി അവകാശപ്പെട്ടതാണ്. കുട്ടികൾക്കും വാർദ്ധ്യകൃത്തിലുള്ളവർക്കും പേടി കൂടാതെ, അപകടം കൂടാതെ സഞ്ചരിക്കാൻ കഴിയുന്ന വിധം നടപ്പാതകളും തണൽമരങ്ങളും ഒക്കെ ഉള്ള പാതകളാണ് നാടിന് ആവശ്യം.

'സുരക്ഷ' എന്നത് ജീവിത ഗുണനിലവാരത്തിന്റെ ഒരു പ്രധാന സൂചികയാണ്. കുറ്റകൃത്യങ്ങൾ പെരുകുന്നത് എല്ലാ വിഭാഗം ജനങ്ങളിലും ഭീതിയുണ്ടാക്കും. സ്ത്രീകളുടെ വിദ്യാഭ്യാസം, തൊഴിൽ, പൊതുജീവിതത്തിലെ ഇടപെടൽ, ആരോഗ്യപരിരക്ഷനേടൽ തുടങ്ങിയ മൗലികമായ അവകാ

ശങ്ങൾ നേടുന്നതിന് തടസ്സമാകുന്നവയാണ് പൊതുഇടങ്ങളിലെ സുരക്ഷിതത്വമില്ലായ്മ. കേരളത്തിലെ സ്ത്രീകൾ തിയേറ്ററുകളിലോ പാർക്കുകളിലോ കടൽത്തീരങ്ങളിലോ ഒക്കെ തനിച്ചു പോകാൻ ധൈര്യപ്പെടുന്നില്ല. പുരുഷന്മാരോടൊപ്പം പോയിട്ടു പോലും 'സദാചാരപ്പോലീസി'ന്റെ ഭീഷണി നേരിടേണ്ടി വന്നിട്ടുള്ള സംഭവങ്ങൾ നമുക്കറിയാം.

**എന്തുകൊണ്ട് പുറത്തു പറയുന്നില്ല?**

നമ്മുടെ സാമൂഹ്യസാഹചര്യത്തിൽ, സ്ത്രീകൾ നിരന്തരം നേരിടുന്ന അപമാനങ്ങളുടേയും പീഡനങ്ങളുടേയും വളരെ ചെറിയ ശതമാനം മാത്രമാണ് പുറത്തറിയുന്നത്. പല കാരണങ്ങൾ കൊണ്ടും ഇവ പുറത്തുപറയാൻ സ്ത്രീകൾ മടിക്കുന്നു. ഇത്തരം കുറ്റങ്ങളെ നിസ്സാരവത്ക്കരിക്കുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നു. യാത്രക്കിടയിൽ 'തട്ടലും മുട്ടലും ഒക്കെ നടന്നെന്നിരിക്കും' 'കമന്റടി ഒരു രസത്തിനല്ലേ' 'നിർദ്ദോഷകരമായ തമാശയല്ലേ' തുടങ്ങിയ പ്രതികരണങ്ങളാണ് സാധാരണയായി ഉണ്ടാവാറുള്ളത്. നിസ്സാരമെന്ന് പൊതുവെ കരുതുന്ന ഇത്തരം പെരുമാറ്റങ്ങൾ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ഉണ്ടാക്കുന്ന ആധിയും ഉത്കണ്ഠയും ആരും ശ്രദ്ധിക്കുന്നില്ല എന്നു മാത്രമല്ല, പലപ്പോഴും ഇവയ്ക്ക് ഇരയാകുന്ന സ്ത്രീകളെത്തന്നെ കുറ്റപ്പെടുത്തുകയും ചെയ്യും.

വീട്ടുകാരോട് ഇത്തരം പ്രശ്നങ്ങൾ തുറന്നുപറഞ്ഞാൽ തങ്ങൾക്ക് അനുവദിച്ച് കിട്ടിയിരിക്കുന്ന സഞ്ചാരസ്വാതന്ത്ര്യം പോലും ഇല്ലാതാകുമോ എന്നു ഭയന്ന് പലരും ഇതൊന്നും വീട്ടിലറിയിക്കാറില്ല. സ്ത്രീകളെ വേട്ടയാടുന്ന മറ്റൊരു ഭീതി, സമൂഹത്തിന്റെ കുറ്റപ്പെടുത്തലാണ്. അവരവരുടെ സുരക്ഷയുടെ ഉത്തരവാദിത്വം അവരവർക്ക് തന്നെയാണ് എന്ന പൊതു അഭിപ്രായം നിലനിൽക്കുന്ന സമൂഹത്തിൽ പ്രശ്നങ്ങളുണ്ടാവുമ്പോൾ സ്ത്രീകളുടെ വസ്ത്രധാരണരീതി, ശ്രദ്ധക്കുറവ്, യാത്ര ചെയ്യാൻ തെരഞ്ഞെടുത്ത സമയം ഇവയൊക്കെ വിമർശന വിധേയമാകുന്നു.

ഇനി പരാതിപ്പെടാൻ ധൈര്യം കാണിച്ചാൽ, നീതി എത്ര അകലെയായിരിക്കും. 'തെളിവു'കൾക്ക് വേണ്ടി പരതുകയും കുറ്റവാളിയുടെ പക്ഷം ചേർന്ന് ചിന്തിക്കുകയും ചെയ്യുന്ന നീതിന്യായ സംവിധാനം പരാതിപ്പെടുന്നതിന് സ്ത്രീകൾ മടികാണിക്കുന്നതിന് കാരണമാകുന്നു. മറ്റൊരു പ്രധാന തടസ്സം, 'മാന്യത'യെക്കുറിച്ചും 'കുടുംബമഹിമ'യെക്കുറിച്ചും ഉള്ള സ്ത്രീകളുടെ തന്നെ സങ്കല്പങ്ങൾ ആണ്. എന്തും സഹിച്ചും പ്രശ്നങ്ങൾ അവഗണിച്ചും ജീവിതം മുന്നോട്ടു കൊണ്ടുപോകാനാണ് സ്ത്രീകൾ ശീലിക്കപ്പെട്ടിട്ടുള്ളത്. മേൽപറഞ്ഞ പഠനവും മറ്റ് സമാനപഠനങ്ങളും വെളിവാക്കുന്നത്, അപകടസാധ്യതകൾ മുൻകൂട്ടി കണ്ട് സ്ത്രീകൾ പല ഉപായങ്ങളും തന്ത്രങ്ങളും കൈക്കൊള്ളുന്നു എന്നാണ്. വഴിയിലെ ചില സ്ഥലങ്ങളിൽ ശല്യം ഉണ്ടാകും എന്ന തോന്നലുണ്ടെങ്കിൽ ദൂരം കൂടുതലാണെങ്കിലും മറ്റൊരു വഴിയിലൂടെ യാത്ര ചെയ്യുക.ഒറ്റയ്ക്കുള്ള യാത്ര ഒഴിവാക്കുക തുടങ്ങി പല മാർഗ്ഗങ്ങളും സ്വീകരിക്കുന്നു. ഇവയെല്ലാം പ്രശ്നസാഹചര്യങ്ങളിൽ നിന്ന് ഉള്ള രക്ഷപ്പെടലാണ്; പരിഹാരമല്ല.

**കാരണങ്ങൾ**

സ്ത്രീകൾക്ക് തങ്ങളുടെ കഴിവുകൾ വിനിയോഗിക്കാനുള്ള അവസരങ്ങൾ, അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനുള്ള സാധ്യതകൾ ഇവയെല്ലാമാണ് നഷ്ടമാകുന്നത്. സ്ത്രീകളെ, തങ്ങളുടെ രണ്ടാംതര അവസ്ഥയിൽ തന്നെ നിലനിർത്തുന്ന ആൺ അധീശസമൂഹത്തിന്റെ ഉപായങ്ങളിൽ ഒന്നാണിത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അവയെക്കുറിച്ചുള്ള ഭീതിയും ഒരു നിയന്ത്രണ സംവിധാനം (policing mechanism) ആയി പ്രവർത്തിക്കുന്നു.

സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന എല്ലാതരം അതിക്രമങ്ങളുടേയും അടിസ്ഥാനകാരണം, ഈ സമൂഹത്തിൽ നിലനിൽക്കുന്ന ആൺ അധീശത്വം തന്നെയാണ് എന്ന് നമുക്ക് നിസ്സംശയം പറയാം. പണം, വിഭവങ്ങൾ, രാഷ്ട്രീയശക്തി എന്നിവയിലൂടെയൊക്കെ കൈവശമാക്കി വച്ചിരിക്കുന്ന അധികാര നിയന്ത്രണരീതികളിലൂടെയാണ് ആൺമേൽക്കോയ്മ നിലനിർത്തപ്പെടുന്നത്. അതുകൊ



പരാതിപ്പെടാൻ ധൈര്യം കാണിച്ചാൽ, നീതി എത്ര അകലെയായിരിക്കും. 'തെളിവു'കൾക്ക് വേണ്ടി പരതുകയും കുറ്റവാളിയുടെ പക്ഷം ചേർന്ന് ചിന്തിക്കുകയും ചെയ്യുന്ന നീതിന്യായ സംവിധാനം പരാതിപ്പെടുന്നതിന് സ്ത്രീകൾ മടികാണിക്കുന്നതിന് കാരണമാണ്



> **പൊതുഇടങ്ങൾ തീർത്തും സുരക്ഷിതമല്ല എന്ന് പറയുമ്പോൾ, സ്വകാര്യ ഇടങ്ങൾ സുരക്ഷിതമാണ് എന്ന് അർത്ഥമില്ല. സമൂഹത്തിലെ പുരുഷാധിപത്യ പ്രവണതകൾ സർവ്വ വ്യാപിയായതുകൊണ്ട് കുടുംബവും തൊഴിൽ സ്ഥാപനങ്ങളും ഒക്കെ ആ നിയന്ത്രണത്തിലാണ്**

ണ്ട് തന്നെ, അധികാരമില്ലാത്ത പുരുഷന്മാരും അതിക്രമങ്ങൾക്ക് വിധേയരാകുന്നു.

സംരക്ഷണവും നിയന്ത്രണവും ആണ് ഇപ്രകാരമുള്ള ആൺമേൽക്കോയ്മ, സമൂഹത്തിലെ സ്ത്രീ–പുരുഷ പദവി സങ്കല്പങ്ങൾ നിലനിർത്തുന്നതിന് ഉപയോഗിക്കുന്നത്. സ്ത്രീകൾ ദുർബലരാണെന്നും തന്മൂലം സംരക്ഷിക്കപ്പെടേണ്ടവരും നിയന്ത്രിക്കപ്പെടേണ്ടവരുമാണ് എന്നും കരുതുന്നു. നിയന്ത്രണം പല വിധത്തിലാണ്. പോകാവുന്ന ഇടങ്ങൾ, അനുവദനീയമായ വസ്ത്രധാരണ രീതി, യാത്ര ചെയ്യാവുന്ന സമയം, കാണപ്പെടാവുന്ന പൊതുഇടങ്ങൾ ഇവയൊക്കെ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇവ ലംഘിക്കപ്പെട്ടാൽ, ശിക്ഷ ഉറപ്പ്. ഇത്തരം നിയന്ത്രണങ്ങൾ സ്ത്രീകളുടെ നന്മക്ക് വേണ്ടിയാണ് എന്ന 'പരിരക്ഷ'യുടെ മുഖംമൂടിയിലൂടെയാണ് ഇവ അടിച്ചേല്പിക്കപ്പെടുന്നത്. തങ്ങൾക്ക് നല്ലതെന്താണ് എന്ന് സ്വയം തീരുമാനിക്കാൻ സ്ത്രീകൾക്ക് അവകാശമില്ല. സാമൂഹികമായി വരച്ചിട്ടിരിക്കുന്ന അതിർവരമ്പുകൾ സ്ത്രീകൾ പാലിച്ചേ പറ്റൂ എന്നും അവ ലംഘിച്ചാൽ ഭവിഷ്യത്തുകളുണ്ടാകും, അവക്ക് ഉത്തരവാദി സ്ത്രീകൾ തന്നെയാണ് എന്നും പുരുഷാധിപത്യ സമൂഹം സ്ത്രീകളെ നിരന്തരം ഓർമ്മിപ്പിക്കുന്നു.

പൊതുഇടങ്ങൾ തീർത്തും സുരക്ഷിതമല്ല എന്ന് പറയുമ്പോൾ, സ്വകാര്യ ഇടങ്ങൾ സുരക്ഷിതമാണ് എ്ന്ന് അർത്ഥമില്ല. സമൂഹത്തിലെ പുരുഷാധിപത്യ പ്രവണതകൾ സർവ്വവ്യാപിയായതുകൊണ്ട് കുടുംബവും തൊഴിൽസ്ഥാപനങ്ങളും ഒക്കെ ആ നിയന്ത്രണത്തിലാണ്. അതുകൊണ്ട് തന്നെയാണ് ഗാർഹികപീഡനങ്ങളും തൊഴിലിടങ്ങളിലെ പീഡനങ്ങളും വർദ്ധിക്കുന്നത്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്തുകൊണ്ട് വർദ്ധിക്കുന്നു എന്നത് നമ്മെ അലട്ടുന്ന പ്രശ്നമാണ്. വിദ്യാഭ്യാസപരമായും മറ്റ് പല മേഖലകളിലും ഏറെ പുരോഗതി ഉണ്ടെന്ന് അഭിമാനിക്കുമ്പോഴും കേരളത്തിൽ സ്ത്രീകളുടെ മേലുള്ള അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

രണ്ട് വാദഗതികളാണ് സാധാരണയായി ഉന്നയിക്കപ്പെടാറുള്ളത്. സ്ത്രീകൾ ഉയർന്ന വിദ്യാഭ്യാസമുള്ളവരായതുകൊണ്ടും അവകാശങ്ങളെക്കുറിച്ച് ബോധ്യമുള്ളവരായതുകൊണ്ടും അവകാശലംഘനങ്ങൾക്കെതിരെ പ്രതികരിക്കുന്നതുകൊണ്ട് കൂടുതലായി ഇത്തരം സംഭവങ്ങൾ പുറത്ത് വരുന്നു.

സ്ത്രീകളുടെ സ്വത്വം തിരിച്ചറിയുന്ന, അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്ന പ്രക്രിയ, പരമ്പരാഗത പുരുഷസങ്കല്പത്തിന് ഭീഷണിയാകുകയും തന്മൂലം കൂടുതൽ പ്രതിസന്ധിയിലാകുന്ന പുരുഷന്മാർ കൂടുതൽ അക്രമകാരികളാകുകയും ചെയ്യുന്നു എന്നതാണ് മറ്റൊരു വാദം. ആണത്തത്തിന്റെ (maseulinity) ഒരു പ്രതിസന്ധിയായി ഇതിനെ കാണുന്നു.

പുരുഷന്മാർ ഒരു വർഗ്ഗമെന്ന നിലയിൽ അക്രമകാരികളല്ല. അക്രമം 'നൈസർഗ്ഗികമായ' ഒരു പുരുഷഭാവം അല്ല. എന്നാൽ പല പുരുഷന്മാരിലും ഈ അക്രമവാസനയെ സമൂഹം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആണത്ത ലക്ഷണമായി അക്രമത്തെ ഉയർത്തിക്കാട്ടി പരോക്ഷമായും പ്രത്യക്ഷമായും അക്രമത്തെ ഉപയോഗിക്കാൻ സംസ്കാരിക-രാഷ്ട്രീയ അനുവാദം നൽകപ്പെടുന്നു. അധീശത്വം തങ്ങൾക്ക് അർഹതപ്പെട്ടതാണ് എന്നും ആണായതുകൊണ്ട് ചില ആനുകൂല്യങ്ങൾ (privileges) തങ്ങൾക്ക് ലഭിക്കേണ്ടതാണെന്നും ഉള്ള ചിന്ത, സാമൂഹികവത്കരണത്തിലൂടെ പുരുഷന്മാരിൽ സൃഷ്ടിക്കപ്പെടുന്നു ഇത് അംഗീകരിക്കാനുള്ള മാനസികാവസ്ഥ സ്ത്രീകളിലും സൃഷ്ടിക്കപ്പെടുന്നു.

സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ, സ്ത്രീലൈംഗികതയുടെ നിർമ്മിതിയുമായി ക്കൂടി ബന്ധപ്പെട്ടിരിക്കുന്നു. സ്ത്രീയുടെ ഇടം വീട് എന്ന സ്വകാര്യതലം മാത്രമാണെന്നും സമൂഹത്തിൽ അവൾ ഇടപെടണമെങ്കിൽ അത് ഏതൊക്കെ കാര്യത്തിനാവാം, ഏതു സമയത്താവാം എന്നൊക്കെയുള്ള കാര്യങ്ങളിലും അലിഖിതങ്ങളായ തീർപ്പുകൾ നമ്മുടെ സമൂഹത്തിനുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പറ്റി പോലും ഇത്തരം കാഴ്ചപ്പാടുകൾ നിലനിൽക്കുന്നു. സ്ത്രീയുടെ ശരീരം അവളുടേതാണെന്നും, അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സ്വയം തീരുമാനിക്കാനുള്ള അവകാശം സ്ത്രീകൾക്കുണ്ട് എന്നും അംഗീകരിക്കാൻ ഇന്നും ആൺ അധീശസമൂഹം തയ്യാറായിട്ടില്ല.

സ്ത്രീശരീരത്തെക്കുറിച്ചും വസ്ത്രധാരണത്തെക്കുറിച്ചും സ്ത്രീകൾ ദൈനംദിനം നേരിടേണ്ടി വരുന്ന ആഭാസപ്രയോഗങ്ങൾ അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്നു. ഒരു തുല്യവ്യക്തിയായി സമൂഹത്തിൽ വ്യാപരിക്കുന്നതിനുള്ള അടിസ്ഥാന അവകാശങ്ങൾ ഹനിക്കപ്പെടുകയും ചെയ്യുന്നു.

പൊതുസ്ഥലങ്ങൾ സുരക്ഷിതമാക്കാനുള്ള ബാധ്യത ഈ സമൂഹത്തിലെ ഭരണാധികാരികൾക്കും പുരുഷന്മാർക്കും ഉണ്ട്. പുരുഷന്മാരും ആൺകുട്ടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വഴി മാത്രമേ ആൺ അധീശസങ്കല്പങ്ങളെ ചോദ്യം ചെയ്യാനും അവരുടെ മൂല്യങ്ങളേയും പെരുമാറ്റങ്ങളേയും വിശകലനം ചെയ്യാനും അവർക്ക് കഴിയൂ. പുരുഷാധിപത്യ സാമൂഹ്യക്രമത്തിൽ മാറ്റം കൊണ്ടുവരുന്ന എല്ലാ പ്രവർത്തനങ്ങളും സമൂഹത്തിലും വീടുകളിലും സ്ത്രീകളുടെ സുരക്ഷ വർദ്ധിപ്പിക്കും.

ഇത്തരം പ്രവർത്തനങ്ങൾ അടിസ്ഥാന തലത്തിൽ തന്നെയാണ് ആരംഭിക്കേണ്ടത്. കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ, മതങ്ങൾ തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങൾക്കെല്ലാം ഇതിൽ വലിയ പങ്കുവഹിക്കാനുണ്ട്.

എന്നാൽ വളരെ പ്രായോഗികമായും അടിയന്തിരമായും ഇത്തരം പ്രവർത്തനങ്ങൾ നടത്താവുന്നത് പഞ്ചായത്തുകൾക്കാണ്. മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നടത്തിയതുപോലെ, വിശദമായ സർവ്വേകളും ക്രൈംമാപ്പിങ്ങും മറ്റും നടത്തുകയും തുടർ പരിപാടികൾ നടത്തുകയും ചെയ്യാൻ പഞ്ചായത്തുകൾക്കും കഴിയും.

സമീപനങ്ങളിലും ചിന്തകളിലും ഒക്കെ മാറ്റങ്ങൾ ഉണ്ടാകുന്ന നല്ല നാളേക്ക് വേണ്ടി കാത്തിരിക്കാതെ, ഉടനെ തന്നെ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്ത് സുരക്ഷ ഉറപ്പാക്കാൻ ഭരണാധികാരികൾ ശ്രദ്ധ ചെലുത്തണം. ●

**കവിത**

# ആനന്ദങ്ങളുടെ പാകം



**സെറീന**

**ഒളിഞ്ഞും** തെളിഞ്ഞും
നിങ്ങൾ പറഞ്ഞ കുത്തുവാക്കുകളിലാണ്
അടുക്കുംചിട്ടയുമില്ലാത്തവളെന്ന്
ആദ്യംതെളിഞ്ഞത്

നേരാണ്,
നിങ്ങളുടെയൊന്നും അലമാരപോലല്ല ,
നിങ്ങളുടെയൊന്നുംഅടുക്കളപോലെയുമല്ല എന്റേത്

നേർവരയിട്ട അടുക്കിന്റെ ചിട്ടകളല്ല
അടുക്കി വെച്ച് വെച്ച്
അടുക്കുതെറ്റിയവളുടെ വീട്

കുട്ടിക്കാലത്ത് കൂട്ടംകൂടുമ്പോൾ
കേട്ടുനൊന്ത
നിറമില്ലായ്മയുടെ നിറം
കണ്ടെത്താനാണ് ഞാനിങ്ങനെ
ഒക്കെയും കുഴച്ചുമറിച്ചിട്ടത്
അങ്ങനെ കണ്ടെടുത്ത
എന്റെ ലോകങ്ങളുടെ നിറം
നിങ്ങളുടെ ഏഴ്നിറങ്ങളിൽ കാണില്ല

നിങ്ങളെന്നെ എഴുതിത്തള്ളിയതു കൊണ്ടാണ്
ഞാൻ എന്നെത്തന്നെ എഴുതിനോക്കിയത്
അതുവായിക്കുവാനുള്ള ലിപി
എന്റെകണ്ണുകളിൽതന്നെയാണുള്ളത്
ഇനി
ഒരിക്കലെങ്കിലും നമ്മളൊന്ന്
കണ്ണോടുകണ്ണുകാണും
അന്ന് ,
തോൽവിയെന്ന് പേരിട്ട ജയമെന്ന
മഹാരഹസ്യം രണ്ടുകണ്ണുകൾ
നിങ്ങൾക്ക് കാട്ടിത്തരും
വെറുതെ മറിച്ചുതീർത്ത ഒരായുസ്സിന്റെ
ഒടുവിലത്തെ താളുകളിൽ
ആനന്ദങ്ങളുടെ ഒരു തെളിഞ്ഞ
കൈയൊപ്പ് നിങ്ങൾകാണും

കനൽകൂട്ടി
ആവിയിൽ അടച്ചുവെച്ച്
നിങ്ങൾ വേവിച്ചെടുത്തൊരു
അന്നമാണ് ഞാൻ
ഇപ്പോഴറിയുന്നില്ലേ,
നിങ്ങൾക്ക് രുചിക്കാൻ
ത്രാണിയില്ലാത്തൊരു പാകം
തൊട്ടറിയാൻ വയ്യാത്തൊരു വേവ് ●

# പരിരക്ഷയുടെ ഇടങ്ങൾ




ഡോ: ജയശ്രീ.എ.കെ

**മറ്റെല്ലാ** ചരക്കുകളുമെന്നപോലെ നമുക്കിന്ന് വില കൊടുത്ത് വാങ്ങാവുന്ന ഒന്നാണ് ആരോഗ്യവും. ഇതിൽ ചികിത്സക്കുള്ള മരുന്ന്, കൺസൾട്ടേഷൻ ഫീസ്, യോഗവും പ്രാണായാമവുമൊക്കെയടങ്ങിയ സ്പിരിചൽ കോഴ്സുകൾ, പ്രകൃതിജീവനപരിപാടികൾ, ജിമ്മുകൾ, തിരുമ്മലുകൾ, ഉഴിച്ചിലുകൾ, ആരോഗ്യമാസികകൾ ഇവയെല്ലാം പെടും. വിൽക്കലും വാങ്ങലും നമ്മുടെ ജീവിതശൈലിയാണ്. ഇവയൊന്നും തന്നെ ഒഴിവാക്കാനാവുന്നതുമല്ല. നിലനിൽക്കുന്ന മൂല്യങ്ങൾ, പെൺ-ആൺ ബന്ധങ്ങളിലെ വിടവുകൾ, കുടുംബ-വിവാഹസങ്കൽപ്പങ്ങൾ, മാറ്റങ്ങൾ, പുരോഗമനചിന്തകൾ എന്നിവയെല്ലാം അതിവേഗം ആഗിരണം ചെയ്തു കൊണ്ടാണ് കമ്പോളം ജീവിതത്തിന്റെ ഭാഗമായി മാറുന്നത്. ഈ ബഹളമയത്തിൽ, സ്വന്തം രക്ഷക്ക് പ്രാപ്തി ഇല്ലാത്തവരായി മാറാനുള്ള സാദ്ധ്യത ഏറെയാണ്.

രക്ഷ എന്ന നാടൻ സങ്കൽപ്പത്തിൽ നിന്ന് നമ്മൾ സർക്കാർആരോഗ്യസംവിധാനത്തിലേക്ക് മാറി. അത് ആയുസ്സ് കൂട്ടുകയും കുഞ്ഞുങ്ങളുടെ എണ്ണം കുറക്കുകയും ചെയ്തു. കാർഷികവിപ്ളവവും ധവളവിപ്ളവവുമൊക്കെ കൊണ്ടാകാം എല്ലും തോലുമായിരുന്ന കുറേ ശരീരങ്ങൾ കൊഴുത്തു മിനുങ്ങി. എല്ലാവർക്കും വീടുണ്ടായി. പലർക്കും കൂറ്റൻ സൗധങ്ങളും. ഇതെല്ലാം നല്ലതു തന്നെയാണ്. എന്നാൽ, ഈ പൊതുവികാസത്തിനിടെ സ്ത്രീകൾ

നിലനിൽക്കുന്ന മൂല്യങ്ങൾ, പെൺ-ആൺ ബന്ധങ്ങളിലെ വിടവുകൾ, കുടുംബ-വിവാഹസങ്കൽപ്പങ്ങൾ, മാറ്റങ്ങൾ, പുരോഗമനചിന്തകൾ എന്നിവയെല്ലാം അതിവേഗം ആഗിരണം ചെയ്തു കൊണ്ടാണ് കമ്പോളം ജീവിതത്തിന്റെ ഭാഗമായി മാറുന്നത്. ഈ ബഹളമയത്തിൽ, സ്വന്തം രക്ഷക്ക് പ്രാപ്തി ഇല്ലാത്തവരായി മാറാനുള്ള സാദ്ധ്യത ഏറെയാണ്.



ക്കുള്ള പല ഇടങ്ങളും ചുരുങ്ങിപ്പോയതായും കാണാം. ശരീരരക്ഷക്കായുള്ള ചിലയിടങ്ങൾ അതിനുദാഹരണമാണ്. പ്രസവരക്ഷ ഇതിലൊന്നാണ്. പ്രസവസമയത്തും അതേ തുടർന്നുള്ള ദിവസങ്ങളിലും സ്ത്രീകളുടേതു മാത്രമായ ഒരു അരങ്ങ് ഒരുക്കപ്പെട്ടിരുന്നു. പ്രസവമെടുക്കാൻ വയറ്റാട്ടികളായ സ്ത്രീകൾ. പരിചരണത്തിനും മരുന്നുകളുണ്ടാക്കുന്നതിനും കുളിപ്പിക്കുന്നതിനുമായി ബന്ധുക്കളോ പരിചാരകരോ ആയ മറ്റ് സ്ത്രീകൾ. സ്വാഭാവികമായുണ്ടാകുന്ന ഒരു സ്ത്രീലോകമായിരുന്നു ഈ ഇടങ്ങൾ. പ്രസവം കഴിഞ്ഞാൽ കുറേ നാളത്തേക്ക് സ്ത്രീകൾക്ക് പരിചരണമുണ്ടാകും. കൂടുതൽ പ്രസവിച്ചവർക്ക് അതിനനുസരിച്ച് ദീർഘനാളത്തെ പരിചരണം കിട്ടി. എന്റെ ചെറുപ്പത്തിൽ ചില പ്രായം ചെന്ന സ്ത്രീകൾ പറഞ്ഞതോർമ്മയുണ്ട്. ഇപ്പോൾ പ്രസവിക്കാത്തതു കൊണ്ടാണ് ഞാൻ ക്ഷീണിക്കുന്നത്. രക്ഷയൊന്നും കിട്ടുന്നില്ലല്ലോ . മരുന്നുകളിട്ട് ചൂടാക്കിയ എണ്ണയും ചൂടുവെള്ളവും ഉപയോഗിച്ചുള്ള കുളി ഇതിൽ വളരെ പ്രധാനമാണ്. രക്ഷകരായ സ്ത്രീകൾ വളരെ കരുതലോടെയാണത് ചെയ്തിരുന്നത്. മുതിർന്ന സ്ത്രീകളാണെങ്കിൽ അമ്മക്ക് മകളോടെന്ന പോലെയുള്ള ഒരു വാത്സല്യമുണ്ടാകും. പ്രസവിച്ച സ്ത്രീയും രക്ഷ ചെയ്ത സ്ത്രീയും തമ്മിൽ ഒരു ഊഷ്മളമായ ബന്ധം വളർന്നു വരും. അവർ ഇടക്കിടെ ഈ ഗൃഹം സന്ദർശിക്കും. മറ്റ് സ്ത്രീകൾ അവർക്ക് ആഹാരവും ആദരവും നൽകും. സ്ത്രീകളൂടെ ശീതളമായ ഒരു ലോകം.

ആറ്റുവക്കിലും കുളങ്ങളിലുമുള്ള സ്ത്രീകളുടെ അലക്കും കുളിയും സ്ത്രീകളുടെ ആരോഗ്യപരിരക്ഷയുടെ വേറൊരിടമായിരുന്നു. ഇത് സ്വന്തം ശരീരത്തിന്റെ രക്ഷയെക്കാളുപരി സ്ത്രീകൾക്ക് സ്വന്തമായ ഒരിടമായിരുന്നു.പരസ്പരം  കാണാനും അറിയാനും തൊടാനും തലോടാനും സ്നേഹം പങ്ക് വക്കാനും കഴിയുന്ന ഒരിടം. മാനസികമായ ഉല്ലാസത്തിനും കായികമായ വിനോദത്തിനും നീന്തിതുടിക്കാനൊരിടം. കുളിമുറിയുടെ ഇടുങ്ങിയ ചുവരുകൾക്കുള്ളിൽ ഈ ആഹ്ളാദം ഇന്ന് ചുരുങ്ങിപോകുന്നു.



ഇന്ന് സൗകര്യങ്ങൾ കൂടുതലുണ്ട്. പ്രസവത്തോടെ മരിക്കുന്ന അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും എണ്ണം കുറഞ്ഞു. ആധുനിക വൈദ്യത്തിന്റെ സൗകര്യങ്ങൾ കൊണ്ട് തന്നെ അത് സ്വീകാര്യമായി. ആശുപത്രികളിൽ പ്രസവത്തിനായി എല്ലാ സൗകര്യങ്ങളുമുണ്ട്. രോഗാണുബാധയുണ്ടാകാതിരിക്കാനും രക്തസ്രാവം പോലെയുള്ള അപകടങ്ങൾ ഒഴിവാക്കാനും ശ്രദ്ധ കിട്ടുന്നു. ആരോഗ്യപരിചരണം ഡോക്ടർമാരും, നഴ്സുമാരും മറ്റ് പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകരും ഏറ്റെടുത്തിരിക്കുന്നു. ആവശ്യമായ മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ലഭിക്കും. അവ തയാറാക്കാനും മറ്റും വീടുകളിൽ അരങ്ങൊരുക്കേണ്ടതില്ല. രോഗചികിത്സയുടെ കാര്യത്തിലും ഇങ്ങനെ തന്നെയാണ്. കുടുംബങ്ങൾ അണുകുടുംബങ്ങളായി ചുരുങ്ങിയതു കൊണ്ട് അവിടെ പരിചരണത്തിന് കൂടുതൽ സ്ത്രീകൾ ഉണ്ടാവുകയുമില്ല.

ആധുനികവൈദ്യം ചികിത്സയും രോഗപ്രതിരോധവും കൂടുതൽ കാര്യക്ഷമമാക്കി എന്നതിന് സംശയമില്ല. ആദ്യകാലങ്ങളിൽ ഒട്ടൊക്കെ സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് ഇടമൊരുക്കുകയും ചെയ്തു. ഗർഭനിരോധനോപാധികൾ വിമോചകമായി സ്ത്രീകൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ, വൈദ്യം വ്യവസായത്തിന്റെയും ഭരണനിർവ്വഹണത്തിന്റെയും ഭാഗമായതോടെ പെൺ–ആൺ അധികാരവ്യത്യാസങ്ങളും അതിൽ പ്രതിഫലിച്ചു. ഈ വ്യത്യാസങ്ങളെ മൂർച്ഛിപ്പിക്കാനും അവ എളുപ്പത്തിൽ തിരിച്ചറിയാനാകാത്ത വിധത്തിൽ ഇണക്കി ചേർക്കാനും ആധുനിക വൈദ്യസമ്പ്രദായത്തിന് കഴിയുന്നു. പരമ്പരാഗതമായി സ്ത്രീകൾ സേവനം നൽകി പോരുന്നതിനാൽ ആരോഗ്യവ്യവസ്ഥയിലും സേവനം നൽകാനുള്ള ചുമതലകൾ പ്രധാനമായും സ്ത്രീകൾക്കാണ് നൽകിയിട്ടുള്ളത്. നഴ്സുമാർ പ്രമുഖമായും സ്ത്രീകളാണ്. ഡോക്ടർ അധികാരപ്പെട്ട ആളും സേവനം നടത്തുന്നവർക്ക് നിർദ്ദേശം നൽകുന്ന ആളുമാണ്. ചികിത്സയിൽ തീരുമാനങ്ങൾ ഡോക്ടറുടേതാണ്. നമ്മുടെ നാട്ടിൽ ഇപ്പോൾ വനിതാഡോക്ടർമാരുടെ എണ്ണം കൂടുകയാണ്. അത് കൊണ്ട് മാത്രം ആരോഗ്യവ്യവസ്ഥയിൽ സ്ത്രീകൾക്കായുള്ള ഇടം വികസിക്കുന്നതായി കാണാൻ കഴിയില്ല. ഡോക്ടറുടെ ഭാഷ, ശരീ

ആരോഗ്യരക്ഷ ഇന്ന് പ്രധാനമായും രോഗചികിത്സയായി മാറി. ഇത് ഉയർന്ന പ്രതിഫലം നൽകി വാങ്ങാവുന്നതാണ്. ഓരോരുത്തരുടേയും പദവിക്കനുസരിച്ച് ഇത് മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നു.



രഭാഷയുൾപ്പെടെ അധികാരം ധ്വനിപ്പിക്കുന്നതാണ്. ഓവർകോട്ടും ആധുനിക ടെക്നോളജിയും ഉപകരണങ്ങളും വൈദ്യശാസ്ത്രത്തിന്റെ രീതികളും ഡോക്ടർക്ക് അധികാരം നൽകുന്നു. അതിൽ ഘടനാപരമായ വ്യത്യാസങ്ങൾ വരുത്താൻ സ്ത്രീഡോക്ടർമാരുടെ എണ്ണം മാത്രം പര്യാപ്തമാവുകയില്ല. മറിച്ച്, സ്ത്രീഡോക്ടർമാർ ആ വ്യവസ്ഥയിലേക്ക് ആഗിരണം ചെയ്യപ്പെടുകയാണ്.

ആരോഗ്യരക്ഷ ഇന്ന് പ്രധാനമായും രോഗചികിത്സയായി മാറി. ഇത് ഉയർന്ന പ്രതിഫലം നൽകി വാങ്ങാവുന്നതാണ്. ഓരോരുത്തരുടേയും പദവിക്കനുസരിച്ച് ഇത് മുൻ കൂട്ടി നിശ്ചയിക്കപ്പെടുന്നു. സർക്കാർ ആശുപത്രികളിലാണെങ്കിലും സ്വകാര്യ ആശുപത്രികളിലാണെങ്കിലും രോഗിക്ക് സ്വന്തമായ മുറികൾ, കൂടുതൽ പണം ചെലവാക്കി ഉപയോഗിക്കാൻ കഴിയും. പൊതുവാർഡിലെ തിരക്കും അസൗകര്യവും ഒഴിവാക്കാനായി കുറച്ചെങ്കിലും പണമുള്ളവർ അത് സ്വായത്തമാക്കും. എന്നാൽ, ഇവിടം അധികാരികളുടെ നിയന്ത്രണത്തിൽ തന്നെയാണെന്നതിനാൽ, സ്വതന്ത്രതയേക്കാൾ പദവിയുടെ സൂചകം എന്ന രീതിയിൽ ഇത് ഉപയോഗിക്കാൻ ആളുകൾ ശീലിച്ചു. ഉദാഹരണത്തിന്, സ്നേഹം പങ്ക് വെക്കാനാണെങ്കിലും രോഗിയുടെ കിടക്കയിലിരിക്കാൻ മറ്റുള്ളവർക്ക് അവകാശമുണ്ടായിരിക്കില്ല. രോഗാണുബാധ കുറക്കാനാണിത്. ഇതിനാവശ്യമുള്ള അറിവുണ്ടായാൽ, രോഗിയെ സ്നേഹിക്കുന്നവർ അതിനനുസരിച്ച് പെരുമാറും. എന്നാൽ, കാരണം വിശദീകരിക്കാതെ നിയമങ്ങളും ചട്ടങ്ങളും ആളുകളുടെ മേൽ ഏൽപ്പിക്കാൻ കഴിയുന്നു എന്നതാണ് ആരോഗ്യവ്യവസ്ഥയിലെ അധികാരവിന്യാസത്തിലെ സവിശേഷത. മറിച്ച്, ആരോഗ്യസ്ഥാപനത്തിൽ രോഗാണുബാധ തടയാനുള്ള ഏർപ്പാടുകൾ കൃത്യമായി നടക്കുന്നുണ്ടോ എന്ന് ആളുകൾക്ക് പരിശോധിക്കാനായി യാതൊരു സംവിധാനവുമില്ല.

ആരോഗ്യപ്രവർത്തകരുടെ എണ്ണത്തിൽ ആൺ-പെൺ വ്യത്യാസം ഇല്ലെങ്കിലും ജോലിഭാരം കൂടുതൽ വനിതാ-ആരോഗ്യപ്രവർത്തകർക്കാണ്. ആരോഗ്യസേവനം നടത്തേണ്ടവർ സ്ത്രീകളാണെന്ന പൊതുബോധമാണിതിനു കാരണം. സ്ത്രീകൾക്ക് കുറഞ്ഞ വേതനം നൽകിയാൽ മതിയെന്നതു കൊണ്ട്, സന്നദ്ധസേവനത്തിന് സ്തീകൾ നിയോഗിക്കപ്പെടുകയാണ് പതിവ്. സേവകരായി തുടരുന്നുവെങ്കിലും തിരിച്ച് ലഭിക്കുന്ന സേവനം പരിമിതമാണ്.

ആരോഗ്യരക്ഷക്കായി ചില പാക്കേജുകൾ നൽകുന്ന സ്ഥാപനങ്ങൾ ഇന്ന് കേരളത്തിൽ സുലഭമാണ്. ഇതും പണമുള്ളവർക്കു മാത്രം ഉപയോഗിക്കാൻ പാകത്തിലുള്ളവയാണ്. ഉപഭോഗസംസ്കാരം സ്വീകരിച്ചിട്ടുള്ള ശരാശരി ആളുകളെ ഉദ്ദേശിച്ചാണ് ഈ സ്ഥാപനങ്ങളുമെന്നതിനാൽ, സ്ത്രീകളുടെ പരസ്പരപരിചരണത്തിനുള്ള ഇടമായി ഇവ മാറുന്നില്ല. ഇവയെല്ലാം തന്നെ വ്യക്ത്യുന്മുഖങ്ങളാണ്. ഇപ്പോൾ സ്ത്രീകൾ ധാരാളമായി ജിമ്മുകളിലും മറ്റും ആരോഗ്യരക്ഷക്കായി പോകുന്നുണ്ട്. വ്യായാമത്തിന് ആരോഗ്യത്തിലും സൗന്ദര്യത്തിലും അതുവഴി ആത്മവിശ്വാസത്തിലുമുള്ള പങ്ക് ഇന്ന് സ്ത്രീകൾ കൂടുതലായി തിരിച്ചറിയുന്നു. ഇതെ പറ്റിയുള്ള അറിവ്, പരസ്യങ്ങളിലൂടെയും കമ്പനികളും സ്ഥാപനങ്ങളും സ്പോൺസർ ചെയ്യുന്ന പരിപാടികളിലൂടെയും മാസികകളിലൂടെയുമാണ് വരുന്നത്. വ്യക്തികളായ ഉപഭോക്താക്കളെയാണിവ ഉന്നം വെക്കുന്നത്. അതുകൊണ്ട് വീണ്ടും പുരുഷ-സ്ത്രീ ശ്രേണീബദ്ധതക്ക് ഉടവ് തട്ടുന്നില്ല. സ്ത്രീകൾ നടത്തുന്ന ജിമ്മുകളും മറ്റും അപൂർവ്വമാണ്. സ്ത്രീകൾ നടത്തുമ്പോഴും സ്ത്രീകൾക്കുള്ള ഇടം എന്നതിനേക്കാൾ പ്രാധാന്യം കച്ചവടമനസ്ഥിതിക്കാണെങ്കിൽ ഘടനാപരമായ വ്യത്യാസം ഉണ്ടാവുകയില്ല. ബ്യൂട്ടി പാർലറുകളാണ് സ്ത്രീകൾ രക്ഷക്കായെത്തുന്ന വേറൊരിടം. ബ്യൂട്ടിപാർലറുകൾ നടത്തുന്നത് കൂടുതലും സ്ത്രീകളാണ്.

സ്ത്രീകൾ നടത്തുന്ന പാർലറു

കളും ജിമ്മുകളും കച്ചവടസ്ഥാപനങ്ങൾ തന്നെയാണെങ്കിലും ഇവിടെ ആൺ–മേൽനോട്ടങ്ങൾ സാധാരണ ഉണ്ടാകാറില്ല. അങ്ങനെ ഉള്ള സ്ഥലങ്ങളുമുണ്ട്. സ്ത്രീകൾക്ക് കർത്തൃത്വം ഇല്ലാതിരിക്കുകയും പൊതു ഇടങ്ങൾ കമ്പോളത്തിന്റെ നിയന്ത്രണത്തിലായിരിക്കുകയും ചെയ്യുമ്പോൾ സ്ത്രീകൾ നടത്തുന്ന സ്ഥാപനങ്ങളിൽ പോലും സ്ത്രീരക്ഷക്കും ആഹ്ളാദത്തിനുമുള്ള ഇടങ്ങൾ വികസിക്കുന്നില്ല. എന്നിരുന്നാലും സ്ത്രീകൾ മാത്രമുള്ള സ്ഥാപനങ്ങളിൽ കൂടുതലായ സഹവർത്തിത്വവും സൗഹൃദവും അനുഭവിക്കാൻ കഴിയും.

ആരോഗ്യപരിരക്ഷയുടെ വേറൊരിടം കുടുംബമാണ്. ഇന്നത്, അണുകുടുംബമാണ്. പരമാവധി സ്വകാര്യതയാണ് അതിന്റെ മുഖമുദ്ര. എന്നാൽ, വാസ്തവത്തിൽ അതൊരു പരിവേഷം മാത്രമാണ് നൽകുന്നത്. പൂർണ്ണമായും രാഷ്ട്രത്തിന്റെയോ മറ്റ് അധികാരകേന്ദ്രങ്ങളുടേയോ നിയന്ത്രണത്തിലാണ് അണുകുടുംബങ്ങൾ. അതിനുള്ളിലുള്ള എല്ലാം രൂപപ്പെടുന്നത് കമ്പോളത്തിനും ആൺകോയ്മക്കും അനുസൃതമായ മന:സ്ഥിതിയിലൂടെയാണ്. ഇതിലേക്ക് സ്ത്രീകളുടെ ജീവിതത്തേയും പരുവപ്പെടുത്തി എടുക്കുകയാണ്. ഈ സ്വകാര്യസങ്കൽപ്പത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ സ്ത്രീകൾ സന്നദ്ധരായിരിക്കുന്നു. എന്റെയെന്ന് സ്ത്രീകൾ കാണുന്നത് ഭർത്താവിനേയും കുട്ടികളേയുമാണ്. അവർക്കായി പരിചരണം നടത്താനായി അവർ സദാ തയാറാണ്. ഇതിനോട് പൊരുത്തപ്പെട്ടു വരുന്നതാണെങ്കിൽ, അത് അച്ഛനമ്മമാരിലേക്കോ, തൊഴിലിടത്തിലേക്കോ, വേണ്ടി വന്നാൽ സേവനമേഖലയിലേക്കോ വ്യാപിപ്പിക്കാനും അവർക്ക് മടിയില്ല. പക്ഷേ, സ്വന്തം പരിരക്ഷയെ പറ്റി ചിന്തിക്കാൻ അധികം മെനക്കെടാറില്ല. വില കൊടുത്ത് വാങ്ങുന്നതല്ലാതെ ഇഷ്ടപ്പെട്ടവരിൽ നിന്ന് കിട്ടുന്ന ഒന്നായി സ്ത്രീകളുടെ



കാര്യത്തിൽ അത് പരിഗണിക്കപ്പെടുന്നില്ല. എന്നാൽ ഗൃഹനാഥനായ പുരുഷന് അത് മിക്കവാറും ലഭ്യമാണ്. സ്വന്തം പെൺമക്കളുടെ പ്രസവശുശ്രൂഷക്കായി പോലും അണുകുടുംബത്തിലെ, ഒറ്റക്കായ ഭർത്താവിനെ ഉപേക്ഷിച്ച് അമ്മമാർ പോകുന്നത് ഇപ്പോൾ കുറ്റബോധത്തോടെയാണ്.

ഇടം എന്നത് നേരത്തേ സ്ഥിതി ചെയ്യുന്നതും ചേക്കേറാവുന്നതുമായ ഒന്നല്ല എന്നാണ് സാമൂഹ്യശാസ്ത്രജ്ഞനായ ലെഫ്ബ്രെയും മറ്റും കാണുന്നത്. അത് നിർമ്മിച്ചെടുക്കേണ്ടതാണ്. മനുഷ്യബന്ധങ്ങൾക്കനുസൃതമായി രൂപപ്പെടുകയും ദൈനംദിനജീവിതത്തിലൂടെ അനുഭവവേദ്യമാവുകയും ചെയ്യുന്നതാണത്. ഇടമുണ്ടാക്കുന്നിടത്ത്, ചിഹ്നങ്ങളിലൂടെ ഭാഷ രചിക്കുക കൂടിയാണ് ചെയ്യുന്നത്. സ്ത്രീകൾ അവരുടെ ഇടം നിർമ്മിച്ചെടുക്കേണ്ടതായാണുള്ളത്. ആരോഗ്യപരിരക്ഷക്കായാലും, ആഹ്ളാദത്തിനായാലും, ആത്മാഭിമാനത്തിനായാലും.

ഇപ്പോഴുള്ള സ്ഥലത്തെപ്പറ്റിയുള്ള അവബോധമാണ് പുതിയ സ്ഥലം തേടാൻ അവസരമൊരുക്കുന്നത്. അതിന് നഷ്ടപ്പെട്ട സ്ഥലങ്ങളെക്കുറിച്ചും സാദ്ധ്യമായ സ്ഥലങ്ങളെക്കുറിച്ചും ഓർത്തെടുക്കേണ്ടതുണ്ട്. സ്വന്തം ശരീരത്തിന്മേൽ അവകാശം പുന:സ്ഥാപിക്കേണ്ടതുണ്ട്. പതിവ് ശൈലികളിൽ നിന്നും കീഴ്വഴക്കങ്ങളിൽ നിന്നും വിട്ടു നിൽക്കുമ്പോൾ പുതിയ ബന്ധങ്ങളുണ്ടാവും. ഒരേ ഉത്കണ്ഠകൾ പങ്ക് വക്കുന്നവർക്കിടയിലുണ്ടാകുന്നതാണത്. ഈ ബന്ധങ്ങൾ പുതിയ ഭൂമിക വികസിപ്പിക്കും. അത് നില നിൽക്കുന്ന സ്ഥാപനങ്ങളുടെ തന്നെ പുന:ക്രമീകരണത്തിലൂടെയോ പുതിയ സ്ഥാപനങ്ങളിലൂടെയോ ഒക്കെയാകാം. അമേരിക്കയിലെ ബോസ്റ്റൺ വിമൻസ് ഹെൽത്ത് കളക്ടീവ് ഇങ്ങനെ വികസിച്ചു കൊണ്ടിരിക്കുന്ന സ്ത്രീപരിരക്ഷയുടെ ലോകമാണ് തുറന്ന് വെക്കുന്നത്. മിക്കവാറും ആധുനികവൈദ്യശാസ്ത്രത്തെ തന്നെ സ്ത്രീകളുടെ പഠനത്തിനു വിധേയമാക്കി കൊണ്ടും, അവരുടെ അനുഭവങ്ങളിൽ നിന്നും ആഖ്യാനങ്ങൾ രചിച്ചു കൊണ്ടുമാണ് അത് രൂപപ്പെട്ടത്. ഈ കൂട്ടായ രചനയിൽ, പരമ്പരാഗതമായ ആചാരങ്ങളെ വിമർശനാത്മകമായി പുന:പരിശോധിക്കുകയും പ്രാദേശികമായി യോജിച്ച തരത്തിൽ വിജ്ഞാനത്തെ അനുരൂപപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അത്തരം സ്ത്രീകളുടെ കൂട്ടായ്മകൾ ഇവിടേയും ഉണ്ടാകേണ്ടതുണ്ട്. ആൺ–മേൽനോട്ടത്തിൽ നിന്ന് വിടുതൽ നേടിയ പെൺകൂട്ടായ്മകൾക്കേ സ്വന്തം സ്ഥലം വികസിപ്പിക്കാൻ കഴിയൂ.



ഷീബ.കെ.എം.

# വസ്ത്ര – ആക്ഷേപം : പൊതുയിടങ്ങളിലെ സ്ത്രീശരീര വിന്യാസങ്ങൾ



**വർഷങ്ങൾക്കു** മുമ്പ് അമ്മിണിടീച്ചർ ഒന്നാംപാഠത്തിലെ വസ്ത്രം എന്ന പാഠം പഠിപ്പിച്ചതോർക്കുന്നു. തണുപ്പിൽ നിന്നും ചൂടിൽനിന്നും രക്ഷതരുന്നതത്രേ വസ്ത്രം. വേറെയെന്താണ് വസ്ത്രംകൊണ്ടുള്ള ഉപയോഗം എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ലെന്ന് കണ്ടു ടീച്ചർ വിടാനുള്ള ഭാവമില്ലാതെ എന്നാൽ നാളെ തൊട്ട് ആരും വസ്ത്രം ധരിക്കേണ്ടതില്ല, ഇപ്പം കാര്യമായ ചൂടും തണുപ്പുമൊന്നുമില്ലല്ലോ എന്നു പറഞ്ഞുനിർത്തിയതും ഞങ്ങൾ ഒരേ സ്വരത്തിൽ അയ്യേ! എന്നു വിളിച്ചുപറഞ്ഞതും ഓർമ്മയിൽ തെളിയുന്നു. ഒടുവിൽ ആശയക്കുഴപ്പങ്ങൾക്ക് വിരാമമിട്ട് വസ്ത്രം നാണം മറയ്ക്കാനുള്ള ഉപാധിയാണെന്ന സത്യം ടീച്ചർ ഞങ്ങളുടെ ബോധങ്ങളിൽ ആലേഖനം ചെയ്തു.

പിന്നീട് ചരിത്രപാഠങ്ങളിലൂടെ കടന്നുപോയപ്പോൾ സിന്ധുനദീതട സംസ്കാരത്തിന്റെ ഒഴുക്കൻ വേഷങ്ങളും ഈജിപ്തിന്റെ നിറപ്പകിട്ടാർന്ന ഉടയാടകളും മുഗളൻമാരുടെ നടുവെ തയ്യലുള്ള കാൽവസ്ത്രങ്ങളും ഒക്കെ കണ്ട് കേരളത്തിലെത്തിയപ്പോൾ ഇവിടെ സ്ത്രീകൾക്ക് മേൽമുണ്ട് പോലുമില്ല. ജാള്യത, ലജ്ജ, അപമാനം! മലയാളക്കരയ്ക്കപ്പുറമുള്ളവരെ സ്വന്തം ചരിത്രവുമായി എങ്ങനെ അഭിമുഖീകരിക്കുമെന്നായി.

നിഷ്ക്കളങ്കതകൾക്ക് വിരാമമിട്ട് സ്ത്രീവാദം കടന്നുവന്നതോടെ വസ്ത്രധാരണത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് ചിന്തിച്ചുതുടങ്ങി. കേരളത്തിൽ മദ്ധ്യകാലങ്ങളിൽ വസ്ത്രധാരണം ജാതിയെ സൂചിപ്പിക്കുന്ന സൂക്ഷ്മചിഹ്നങ്ങളായി വർത്തിച്ചിരുന്നു. ഓരോ ജാതിക്കും ഉപജാതിക്കുമൊക്കെ കാഴ്ചയിൽ തിരിച്ചറിയാൻപോന്ന വസ്ത്രവ്യത്യാസങ്ങളുമുണ്ടായിരു

ന്നു. വസ്ത്രവും ജാതിയും തമ്മിലുള്ള ഈ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ തെക്കൻകേരളത്തിലെ ചാന്നാർ സമുദായക്കാർ പത്തൊമ്പതാം നൂറ്റാണ്ടിൽ നടത്തിയ മേൽമുണ്ട് സമരം എടുത്തുപറയേണ്ടതാണ്. സ്ത്രീകളുടെ അവകാശസമരങ്ങളുടെ ഉദാത്തമാതൃകയായി ഇത് കണക്കാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകളുടെ മാറുമറയ്ക്കൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധം അടിയന്തിരസ്വഭാവമുള്ള ജീവിത പ്രശ്നമായി മാറിയതെങ്ങനെ എന്നാലോചിക്കേണ്ടിയിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടു മുതലുള്ള ആധുനികതാപ്രവേശവും മാറ്റത്തിനു വിധേയമാക്കപ്പെട്ട മൂല്യവ്യവസ്ഥകളും നിലനിന്നിരുന്ന സ്ത്രീപുരുഷബന്ധങ്ങളെ നിരന്തരം പരിവർത്തനങ്ങൾക്ക് വിധേയമാക്കുകയായിരുന്നു. വിക്ടോറിയൻ സദാചാര വാഹകരായി മതപ്രചാരകർ വന്നെത്തിയതോടെ ഇത്തരം പരിഷ്ക്കരണ പ്രക്രിയകൾക്ക് ആക്കംകൂട്ടി. മാറിവന്ന കുടുംബരൂപങ്ങളുടെ പശ്ചാത്തലത്തിൽ അണുകുടുംബങ്ങൾക്കകത്ത് ചാരിത്ര്യവതികളായ കുടുംബിനികൾ ആവശ്യം വന്നതോടെ സ്ത്രീകളുടെ രൂപത്തിലും സ്വഭാവത്തിലുമൊക്കെ പുതുതായ ചിട്ടപ്പെടുത്തലുകൾ വേണ്ടിവന്നു. ജാതികേന്ദ്രിതമായ സ്വത്വങ്ങൾ ഉടലെടുക്കുകയും അവ സംഘടിതശക്തികളായി പരിണമിക്കുകയും ചെയ്തതോടെ സ്ത്രീകളുടെ മാറുമറയ്ക്കൽ പോലുള്ള വിഷയങ്ങൾ ജാതിസ്വത്വങ്ങളുടെ തന്നെ പ്രഖ്യാപനമായി മാറി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഈ ആവശ്യത്തിനുമേൽ നടന്ന സംഘാടനവും സമരങ്ങളും പരിശോധിച്ചാൽ തെക്കൻകേരളത്തിൽ ഇതൊരു വലിയ പ്രക്ഷോഭമായി മാറിയതായി കാണാം.

റവറന്റ് റിംഗിൽടോബിന്റെ നിർദ്ദേശത്തിൽ 1812-ൽ അന്നത്തെ ദിവാൻ കേണൽ


> **1829-ൽ വന്ന രാജകീയവിളംബരത്തിൽ ചാന്നാർസ്ത്രീകൾക്ക് മുൻ അനുവാദത്തോടെ കുപ്പായം ധരിക്കാമെന്നും എന്നാൽ മേൽമുണ്ട് ധരിക്കരുതെന്നും നിഷ്ക്കർഷയുണ്ടായി. മേൽമുണ്ട് ധരിക്കാൻ ധൈര്യം കാണിച്ച ചാന്നാർസ്ത്രീകൾക്ക് നേരെ ആക്രമണങ്ങൾ തുടർന്നു**


മൺറോ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തിയ ചാന്നാൻമാർക്ക് മാറുമറയ്ക്കാമെന്ന പ്രഖ്യാപനം നടത്തുകയുണ്ടായി. പ്രകോപിതരായ നാട്ടുരാജ്യ ഉദ്യോഗസ്ഥരുടെ സമ്മർദ്ദം മൂലം 1813-ൽ ഈ പ്രഖ്യാപനം പരിഷ്ക്കരിപ്പിച്ച് ക്രിസ്ത്യൻസ്ത്രീകൾ നായർസ്ത്രീകളുടേതുപോലെ ജാക്കറ്റിടരുതെന്നും എന്നാൽ കുപ്പായങ്ങളിട്ടുകൊളളാനും ഉത്തരവിറങ്ങി. മുലമാറാപ്പുസമരം, ശീലവഴക്ക് തുടങ്ങിയ പേരുകളിലറിയപ്പെട്ട ഈ പ്രക്ഷോഭത്തെ യാഥാസ്ഥിതികരും സവർണ്ണരും അടിച്ചമർത്താൻ ശ്രമിച്ചു. തുടർന്ന് 1829-ൽ വന്ന രാജകീയവിളംബരത്തിൽ ചാന്നാർസ്ത്രീകൾക്ക് മുൻ അനുവാദത്തോടെ കുപ്പായം ധരിക്കാമെന്നും എന്നാൽ മേൽമുണ്ട് ധരിക്കരുതെന്നും നിഷ്ക്കർഷയുണ്ടായി. മേൽമുണ്ട് ധരിക്കാൻ ധൈര്യം കാണിച്ച ചാന്നാർസ്ത്രീകൾക്ക് നേരെ ആക്രമണങ്ങൾ തുടർന്നു. ഒടുവിൽ 1859-ൽ പുറപ്പെടുവിച്ച രാജ്യവിളംബരപ്രകാരം മതപ്രചാരകരെ തൃപ്തിപ്പെടുത്തുംവിധം എല്ലാ ജാതിയിലുംപെട്ട സ്ത്രീകൾക്കും മാറുമറയ്ക്കാൻ അനുവാദം കിട്ടുകയും ഒപ്പം സവർണ്ണരെ പ്രീണിപ്പിക്കും മട്ടിൽ ജാതിശ്രേണികളെ നിലനിർത്തും വിധത്തിൽ കീഴ്ജാതിയിലാക്കപ്പെട്ട സ്ത്രീകൾക്ക് മേൽജാതിയിൽ നിന്നുപോന്ന സ്ത്രീകളെ അനുകരിക്കാതിരിക്കാനുള്ള താക്കീതുകളുമുണ്ടായി.

ചാന്നാർസ്ത്രീകൾക്കു മാത്രമല്ല നായർ തുടങ്ങിയ ജാതിയിൽപ്പെട്ട സ്ത്രീകൾക്കും മാറുമറയ്ക്കാനുള്ള വിലക്കുകളുണ്ടായിരുന്നു. ജെയിംസ് ഫോർഡ്സ് തന്റെ ഓറിയന്റഡ് മെമ്മറീസ് (1836) എന്ന പുസ്തകത്തിൽ ആറ്റിങ്ങൽ റാണിയുടെ മുന്നിൽ ബ്ലൗസിട്ട് പ്രത്യക്ഷപ്പെട്ട സ്ത്രീയുടെ മുലകളറുത്തുകളഞ്ഞ സംഭവം വിവരിക്കുന്നു. കൊച്ചിരാജകുടുംബത്തിലെ ഒരു റാണി ജാക്കറ്റ് ഇട്ട ഒരു നായർസ്ത്രീയെ കാണാനിടയായതും ജാക്കറ്റ് വലിച്ചുകീറി കളയാൻ ഉത്തരവിട്ടതായും പരാമർശങ്ങൾ കാണാം. ഇത്തരം വിവരണങ്ങൾ സത്യമായാലും അല്ലെങ്കിലും സ്ത്രീശരീരങ്ങൾ ജാതിചിഹ്നങ്ങളായി വർത്തിക്കേണ്ടിയിരുന്ന ചരിത്രസന്ദർഭങ്ങളിൽ രാജ്യാധികാരം സ്ത്രീശരീരങ്ങൾക്കുമേലുള്ള കൈയേറ്റങ്ങളെ സാധൂകരിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങളായി കാണാം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്ത്രീയെക്കുറിച്ചും അവളുടെ ഭൂമികകളെക്കുറിച്ചുമുള്ള സങ്കല്പങ്ങളിൽ കാതലായ ഉടച്ചുവാർക്കലുകളുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ പുരുഷനോടൊപ്പം മറുനാട്ടിൽപോയി ജീവിക്കാൻപോന്ന സ്ത്രീകൾ ഉണ്ടാവണമെന്ന നിർബന്ധങ്ങൾ എല്ലാ ജാതിസംഘാടനത്തിന്റെയും മുഖ്യ അജണ്ടകളിലൊന്നായി മാറി. ഉദാഹരണത്തിന്, ആധുനികജീവിതത്തിലേക്ക് കാലെടുത്തുവെയ്ക്കുന്ന നമ്പൂതിരിസമുദായത്തിന് നാണക്കേടാവുംവിധമാണ് അന്തർജ്ജന

ങ്ങളുടെ വസ്ത്രധാരണം എന്ന് എം.ആർ. ബി.യെപ്പോലുള്ള ഏറെ ആദരിക്കപ്പെട്ട സമുദായപരിഷ്ക്കർത്താക്കൾ നിരന്തരം വാദിച്ചു. തങ്ങളുടെ സ്ത്രീകളുടെ ആന്തരികസ്വഭാവശുദ്ധിയ്ക്കു പുറമെ ബാഹ്യരൂപങ്ങളും സമുദായാന്തസ്സിനെ നിർണ്ണയിക്കുന്നുവെന്നതായിരുന്നു ഈ നിലപാടിന്റെ പിന്നിലെ ചേതോവികാരം.

ദേശീയതയുടെ രൂപീകരണഘട്ടത്തിൽ ഇന്ത്യയിലാകമാനം ബാധകമാവുന്ന സാംസ്കാരിക ഏകരൂപങ്ങളെ വാർത്തെടുക്കുന്ന പ്രക്രിയയുടെ ഭാഗമായി ഭാരതീയ നാരിയുടെ രൂപങ്ങളും നിർമ്മിക്കപ്പെട്ടു. ഇന്ത്യയുടെ പലകോണുകളിലും പതിവുണ്ടായിരുന്ന വൈവിധ്യമാർന്ന ചേലയുടുക്കലുകളെ ഇന്നുകാണുന്ന ഏകരൂപത്തിലേക്ക് സ്വരൂപിച്ചെടുത്തത് അങ്ങനെയാണ്. കേരളത്തിലും ക്രമേണ സാരിയിൽ പൊതിഞ്ഞ സ്ത്രീശരീരം ജാതിവൈവിധ്യങ്ങളടയാളപ്പെടുത്തിയണിഞ്ഞ ഒറ്റമുണ്ടിനെയും മേൽമുണ്ടിനെയും പിൻതള്ളുകയായിരുന്നു. രവിവർമ്മ മുതൽ ഇങ്ങോട്ട് നമ്പൂതിരി തുടങ്ങിയവരുടെയൊക്കെ ചിത്രങ്ങളിലൂടെ വേരുറച്ചുപോയ മലയാളിസ്ത്രീയുടെ ഈ പ്രതിനിധാനത്തെ അപ്രസക്തമാക്കാൻ ഇതുവരെ ഉത്തരേന്ത്യൻ വസ്ത്രങ്ങൾക്കുപോലും കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യം.

ജാതിയുടെ ചിഹ്നങ്ങൾ ശരീരങ്ങളിൽ പേറാൻ പ്രേരിപ്പിക്കപ്പെടുന്ന മദ്ധ്യകാലത്തുനിന്നും ആധുനികയുഗത്തിലേക്ക് കടന്നപ്പോൾ വസ്ത്രധാരണം ജാതി എന്നതിലുപരി ആൺകോയ്മയുടെ അടയാളപ്പെടുത്തലുകളായി മാറി. മതവും കമ്പോളവും പുരുഷാധിപത്യത്തിന്റെ പ്രത്യയശാസ്ത്രങ്ങളുമായി ഉൾച്ചേർന്നതോടെ ഈ പ്രവണതയ്ക്ക് ആക്കംകൂട്ടി. ആധുനിക ഹിന്ദുസവർണ്ണ ഭാവനയിലെ ആദർശവനിത സാരിയുടുത്തവളായതിന്റെ തെളിവായി സരസ്വതി, ലക്ഷ്മി തുടങ്ങിയ ദേവീരൂപങ്ങളുടെ സാരിവേഷങ്ങൾ ദർശി

**ജാതിയുടെ ചിഹ്നങ്ങൾ ശരീരങ്ങളിൽ പേറാൻ പ്രേരിപ്പിക്കപ്പെടുന്ന മദ്ധ്യകാലത്തുനിന്നും ആധുനികയുഗത്തിലേക്ക് കടന്നപ്പോൾ വസ്ത്രധാരണം ജാതി എന്നതിലുപരി ആൺകോയ്മയുടെ അടയാളപ്പെടുത്തലുകളായി മാറി. മതവും കമ്പോളവും പുരുഷാധിപത്യത്തിന്റെ പ്രത്യയശാസ്ത്രങ്ങളുമായി ഉൾച്ചേർന്നതോടെ ഈ പ്രവണതയ്ക്ക് ആക്കംകൂട്ടി**

ക്കാവുന്നതാണ്. ഇന്ത്യൻ ദേശീയതയുടെ ഹൈന്ദവസ്വഭാവഹേതുവായി ഇന്ത്യൻ/ഹിന്ദു സ്ത്രീയുടെ ഉത്തമവേഷം അങ്ങനെ സാരിയായി മാറി. ഈ അടുത്തകാലത്തുപോലും ഹരിയാണയിലെ പഞ്ചായത്തുകൾ പെൺകുട്ടികൾക്ക് ജീൻസ് നിരോധിച്ചത് ആശങ്കയുണർത്തുന്നത് ഇതുകൊണ്ടാണ്. എന്നാൽ ഇതിന്റെ മറുപുറമെന്നു വിളിക്കാവുന്ന സമാനമായ അവസ്ഥ മുസ്ലീം സമുദായത്തിലും പ്രകടമാണ്. ഇസ്ലാം ഭീഷണിയിലാണെന്ന അരക്ഷിതാവസ്ഥകളിലേക്ക് അന്താരാഷ്ട്രസമൂഹത്തിന്റെ കടന്നുകയറ്റങ്ങൾ കൊണ്ടുചെന്നെത്തിച്ച മുസ്ലീം സമുദായം പുനരുജ്ജീവനവാദത്തിന്റെ ഭാഗമായി സ്വന്തം സ്വത്വങ്ങളെ ബലമായി ഉറപ്പിക്കാൻ പ്രേരിതരായി. മുസ്ലീം സ്ത്രീകളാകട്ടെ ഈ സ്വത്വങ്ങളുടെ സൂചകങ്ങളാവാൻ നിർബന്ധിതരുമായി. അന്താരാഷ്ട്ര മുസ്ലീം വനിതയുടെ വസ്ത്രമായി പർദ്ദ അവതരിക്കുന്നതിങ്ങനെയാണ്. ശിരോവസ്ത്രം സ്ഥാനംതെറ്റിക്കിടന്നതിനൊക്കെ താലിബാൻ അഫ്ഘാനിസ്ഥാനിൽ സ്ത്രീകളെ ചാട്ടവാറുകൊണ്ടടിച്ച സംഭവങ്ങൾ ഇതിനുദാഹരണമാണ്. സ്ത്രീകളുടെ വസ്ത്രധാരണം ശരീരത്തെ മറയ്ക്കാനുള്ള കേവലം ശീലകളല്ലെന്നും മറിച്ച് അത്യന്തം വീര്യമുള്ള ഒരു രാഷ്ട്രീയപ്രതീകമാണതെന്നും തിരിച്ചറിയാൻ ഇത്തരം സംഭവങ്ങൾ നമുക്ക് ബലമേകേണ്ടതാണ്.

ശരീരത്തിന്റെ നഗ്നതാസങ്കല്പങ്ങൾ, കാമനാരൂപങ്ങൾ തുടങ്ങിയവ അതത് കാലത്തിലെ സാംസ്കാരിക മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. 19-ാം നൂറ്റാണ്ടിലെ പരിഷ്ക്കരണവേളയിൽ ബ്ലൗസിടാൻ കൊതിച്ച പെൺകുട്ടിയുടെ വസ്ത്രം വലിച്ചുകീറുന്ന കാരണവരെ ഋതുമതിയിൽ എം. പി. ഭട്ടതിരിപ്പാട് (പ്രേംജി) ചിത്രീകരിക്കുന്നുണ്ട്. ആചാരസംരക്ഷണമായിരുന്നു ഈ ക്രിയയ്ക്കു പിന്നിലെ പ്രേരണ. കുടുംബത്തിന് മാനക്കേടാവുമെന്ന വിലക്കുള്ളതിനാൽ കിടപ്പറയുടെ സ്വകാര്യതയിൽ ഭർത്താവിനു മുന്നിൽ ബ്ലൗസിട്ട് നിർവൃതിയടയുന്ന സ്ത്രീയെക്കുറിച്ച് സി. കേശവൻ  ജീവിതസമരത്തിൽ എഴുതുന്നുണ്ട്. ബ്ലൗസിടുന്ന കാലം വന്നുചേർന്നെങ്കിലും ആചാരപ്രകാരം മാറുമറയ്ക്കാതെ വർഷങ്ങൾക്കു മുമ്പ് അരങ്ങിലെത്തിയ അസ്വസ്ഥകരമായ അനുഭവം പ്രായംചെന്നൊരു നങ്ങ്യാർകൂത്ത് കലാകാരി പങ്കുവെച്ചതോർക്കുന്നു. ഇങ്ങനെ തീർത്തും സ്ഥായിയല്ലാത്തതും സ്ത്രീകൾക്ക് സ്വയം തീരുമാനമെടുക്കാൻ കഴിയാതെ പോയതും എന്നാൽ കാലവും ദേശവും നിർണ്ണയിക്കുന്നതുമായ വസ്ത്രധാരണങ്ങൾക്കാണ് സ്ത്രീകൾ വിധേയരായതെന്ന് ചരിത്രമറിയുമ്പോൾ മനസ്സിലാവും. ഓരോ കാലങ്ങളിലും സ്ത്രീ എങ്ങനെ പെരുമാറണമെന്നും സ്വന്തം ശരീരത്തെ എങ്ങനെ വിന്യസിക്കണ

മെന്നും അവളുടെ ലൈംഗികത എങ്ങനെ പ്രകാശിപ്പിക്കണമെന്നും അതാതു സന്ദർഭങ്ങളിലെ അധികാരസ്ഥാനങ്ങൾ നിർണ്ണയിക്കുന്നതിന്റെ തെളിവുകളാണ് സ്ത്രീകൾക്കുവേണ്ടി ഉണ്ടാക്കപ്പെടുന്ന ഈ വസ്ത്രധാരണ നിബന്ധനകൾ (dress codes).

സ്ത്രീകൾ പൊതുയിടങ്ങളിലെ ജീവിതങ്ങളിലിടപെടുമ്പോൾ ഇത്തരം നിർബന്ധങ്ങൾക്ക് ആക്കം കൂടുന്നതായി കാണാം. ഓരോ തൊഴിലിനും ചേർന്ന മാന്യമായ വേഷവിധാനങ്ങൾ സ്ത്രീകളുടെ കാര്യത്തിൽ മാത്രമായി ചർച്ചചെയ്യപ്പെടുന്നതെന്തുകൊണ്ടെന്ന് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഈ പ്രശ്നം വളരെ രൂക്ഷമായി അനുഭവപ്പെടുന്നത് ശ്രദ്ധേയമാണ്. മാതൃകാ അദ്ധ്യാപിക അമ്മ/നന്മയുടെ പ്രതീകമാകേണ്ടവളാകയാൽ അവൾ മാതൃകാനാരികളെപ്പോലെ സാരിയുടുക്കേണ്ടതുണ്ട്. ടി.ടി.സി./ബി.എഡ്. പഠനകേന്ദ്രങ്ങൾ തൊട്ട് നമ്മളെ ഇതിന് തയ്യാറെടുപ്പിക്കുകയും ചെയ്യും. വിദ്യാഭ്യാസരംഗത്ത് അന്ധമായ ഗുരുഭക്തി, അനുസരണ തുടങ്ങിയ പല ശീലങ്ങളും കാലഹരണപ്പെട്ടുപോയിട്ടും വേഷങ്ങളിൽ മാത്രം മാറ്റമില്ലാതെ തുടരുന്ന ഇത്തരം നിർബന്ധങ്ങൾ ഗുരുശിഷ്യബന്ധങ്ങളുടെ ആവശ്യങ്ങൾക്കപ്പുറത്തുള്ള പ്രേരണകൾ കൊണ്ടാണെന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടതില്ല. പതിനാറുവർഷങ്ങൾക്കു മുമ്പ് കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ച എന്നെ സാരിയുടുപ്പിക്കാൻ ബിരുദതലത്തിലെ വിദ്യാർത്ഥികളിൽ നിന്നുപോലും സമ്മർദ്ദമുണ്ടായതിൽ എനിക്കിപ്പോൾ അത്ഭുതമില്ല. അദ്ധ്യാപികമാർ സാരിയുടുത്താൽ പോലും സദാചാരതൃപ്തിവരാത്തവർ അതിനുമേൽ ഓവർകോട്ടുകൂടി ധരിപ്പിച്ചേ ശാന്തരാകൂ എന്നു



**വസ്ത്രം ധരിച്ചവരെപ്പോലും ആസക്തിയുടെ മൂർച്ചകൊണ്ട് വിവസ്ത്രകളാക്കുന്ന 'സെക്സെൻട്രിസ്' (സാറാജോസഫിന്റെ പ്രയോഗം) ത്തിന്റെ സന്ദർഭങ്ങളിൽ വസ്ത്രധാരണവും കൈയേറ്റ സ്വഭാവമുള്ള കാമപൂർത്തീകരണവും തമ്മിലുള്ള കാര്യകാരണബന്ധങ്ങൾ അപ്രസക്തമാകുന്നു**

വാശിപിടിക്കുന്നതായും നമുക്കറിയാം. അദ്ധ്യാപികമാർക്ക് ചുരിദാറിടാം എന്ന കോടതിവിധി സ്ത്രീകളുടെ സ്വയംനിർണ്ണയാവകാശത്തിന്റെ വിജയമായി തെറ്റിദ്ധരിക്കാതെ വിദ്യാഭ്യാസസ്ഥാപനത്തേക്കാൾ ഉയർന്ന ഒരു അധികാരസ്ഥാനത്തിന്റെ താൽക്കാലിക അനുവാദം മാത്രമായി മാത്രം തിരിച്ചറിയേണ്ടതുണ്ട്.

**വസ്ത്രധാരണത്തിലെ പ്രതിരോധങ്ങൾ**

സംസ്കാരസമ്മതമായ വസ്ത്രധാരണരീതികളിൽനിന്നും വ്യതിചലിക്കാൻ ശ്രമിക്കുന്ന സ്ത്രീകൾ സമൂഹത്തിന്റെ ശക്തമായ – ചിലപ്പോൾ അക്രമാസക്തവുമായ – എതിർപ്പുകൾ നേരിടേണ്ടി വരാറുണ്ട്. ഒരു പ്രത്യേക വസ്ത്രം മാന്യമോ അമാന്യമോ എന്ന ചർച്ചകളിൽ വാസ്തവത്തിൽ ഒളിഞ്ഞിരിക്കുന്നത് പൊതുസമൂഹത്തിന്റെ ചൊൽപ്പടിക്ക് നിൽക്കാത്തതിലുള്ള ഈർഷ്യയാണ്. ഇത്തരം സ്ത്രീകളെ ശിക്ഷിച്ച് നേർവഴിക്ക് കൊണ്ടുവരേണ്ടത് ആൺകോയ്മാ പ്രത്യയശാസ്ത്രത്തിന്റെ ഉത്തരവാദിത്വമായതോടെ വഴിയേപോകുന്ന ആർക്കും നമ്മളെ സദാചാരസംരക്ഷണത്തിന്റെ പേരിൽ ഏതുവിധേനയും കൈകാര്യം ചെയ്യാനുള്ള അനുമതി ലഭിക്കുകയും അതുവഴി സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ന്യായീകരിക്കപ്പെടുകയും ചെയ്യുന്നു.

**വസ്ത്രധാരണവും ലൈംഗികതയും**

സ്ത്രീകളുടെ മാന്യമല്ലാത്ത വേഷം സാധുവാം പുരുഷന്മാരെ കാമഭ്രാന്തന്മാരാക്കുമെന്ന വാദം കേട്ടുകേട്ടു പഴകിയെങ്കിലും ഹിംസാത്മകമായ പുതുമയോടെ നിലനിൽക്കുന്നു. ബലാൽസംഗത്തിനിരയായ സ്ത്രീകൾ ധരിച്ചിരുന്ന വസ്ത്രമെന്തായിരുന്നു എന്ന് ചോദിപ്പിക്കുന്ന അധികാരയുക്തിയാണിത്. പുരുഷന്റെ കാമത്തെക്കുറിച്ച് ഏറ്റവും പ്രചാരമുള്ള നിർമ്മിതി അത് അനിയന്ത്രിതവും സ്വാഭാവികമായി അമിതവുമാണെന്നുള്ളതാണ്. ഏതുനിമിഷവും പൊട്ടിത്തെറിച്ചേക്കാവുന്ന ഈ ആസക്തിക്ക് എവിടെയെങ്കിലും ഒരു സേഫ്റ്റി വാൽവ് ഉണ്ടാകേണ്ടത് അനിവാര്യമാകുന്നു. ഇതുകൊണ്ടുതന്നെ പണ്ടേ ദുർബലമായ പുരുഷാസക്തിയുടെ അണക്കെട്ടുകളെ സ്ത്രീകളുടെ അയഞ്ഞ വസ്ത്രധാരണ

ത്തിലൂടെയുള്ള പ്രലോഭനങ്ങൾ തകർത്തെറിഞ്ഞേക്കാം. പൊതു സ്ഥലങ്ങളിലും കുടുംബത്തിന കത്തും സ്ത്രീകൾ നേരിടേണ്ടിവ രുന്ന അതിക്രമങ്ങൾ മേൽപറഞ്ഞ ലൈംഗികസിദ്ധാന്തങ്ങളിൽ ന്യായീകരണം തേടുന്നു. വസ്ത്രം ധരിച്ചവരെപ്പോലും ആസക്തിയുടെ മൂർച്ചകൊണ്ട് വിവസ്ത്രകളാക്കുന്ന 'സെക്സെൻട്രിസ' (സാറാജോസ ഫിന്റെ പ്രയോഗം) ത്തിന്റെ സന്ദർഭങ്ങളിൽ വസ്ത്രധാരണവും കൈയേറ്റസ്വഭാവമുള്ള കാമ പൂർത്തീകരണവും തമ്മിലുള്ള കാര്യകാരണബന്ധങ്ങൾ അപ്രസ ക്തമാകുന്നു. കുറഞ്ഞ മാസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞുങ്ങളും വാർദ്ധക്യത്തിലെത്തിനിൽക്കുന്ന മുത്തശ്ശിമാരും വരെ പീഡനത്തി നിരയാവുമ്പോൾ മേൽപറഞ്ഞ വാദങ്ങൾക്ക് യാതൊരു ന്യായീക രണവുമില്ലല്ലോ.

ദില്ലിയിലെ പ്രശസ്തമായ ഒരു വനിതാകോളേജിൽ വർഷ ങ്ങൾക്കു മുമ്പ് നടന്നൊരു സംഭവം വിവരിക്കാം. കോളേജ് പ്രിൻസിപ്പൽ പെൺകുട്ടികൾ ജീൻസ് ധരിക്കുന്നതിനെതിരെ ഉത്തരവിറക്കി. പഠിപ്പിക്കാൻ എത്തുന്ന പുരുഷാദ്ധ്യാപകരുടെ മനസ്സാന്നിദ്ധ്യം തകർന്ന് അവർ പ്രലോഭിപ്പിക്കപ്പെട്ടേക്കാം എന്നാ യിരുന്നു കാരണമായി പറഞ്ഞത്. പ്രതിഷേധവുമായി ആദ്യം രംഗ ത്തിറങ്ങിയതു സ്ഥാപനത്തിലെ പുരുഷാദ്ധ്യാപകരായിരുന്നു എന്നത് ശ്രദ്ധേയമാണ്. തങ്ങ ളെയും തങ്ങളുടെ ലൈംഗികത യെയും ഇത്ര നീചമായി ചിത്രീക രിക്കുന്നതിൽ അപമാനിതരാ വുന്നു എന്ന് അവരെടുത്ത നില പാട് തികച്ചും ബഹുമാനമർഹി ക്കുന്നതും ജനാധിപത്യവഴിയുടെ തിരിച്ചറിവുമാണ്. സ്ത്രീവസ്ത്ര ധാരണത്തെ സംബന്ധിക്കുന്ന നിബന്ധനകളും അവ നടപ്പിലാ ക്കാൻ ശ്രമിക്കുന്ന കുൽസിതരീ തികളും വാസ്തവത്തിൽ സ്വയം സഭ്യനെന്ന് വിശ്വസിക്കുന്ന ഏതൊരു പുരുഷനും അപമാന

**ആൺകുട്ടികളെ ജനാധിപത്യമര്യാദ ഉൾക്കൊള്ളാൻ പരുവ പ്പെടുത്താതെ പെൺകു ട്ടികളെ ഒതുങ്ങി ജീവി ക്കാൻ പ്രേരിപ്പിക്കുക യുമാണ് സമൂഹം ചെയ്യുന്നത്. യേശുദാസ ന്മാർ ഇനിയുമിനിയുമു ണ്ടാവുമെന്ന് ഉറപ്പുവരു ത്തുന്ന ഈ ചര്യകൾ ഒന്നു മാറ്റിപ്പണിയാതെ സ്ത്രീകളെ നിയന്ത്രണ ങ്ങൾക്ക് വിധേയമാക്കു ന്നത് നീതികേടുതന്നെ എന്ന് നാം എപ്പോൾ തിരിച്ചറിയും?**

മായി അനുഭവപ്പെടേണ്ടതാണ്.

സ്ത്രീകളുടെ വസ്ത്രധാരണ ത്തിനുമേൽ നടത്തപ്പെടുന്ന – ഏറ്റവുമൊടുവിൽ നൂറ്റാണ്ടിന്റെ ഗാനഗന്ധർവ്വനായ യേശുദാ സിൽനിന്ന് – കടന്നുകയറ്റങ്ങൾ ചില വസ്തുതകൾ വ്യക്തമാ ക്കുന്നു: സ്വന്തം ശരീരത്തിനുമേൽ സ്ത്രീകൾക്ക് സ്വയം നിർണ്ണയാവ കാശം ഇല്ലെന്നു മാത്രമല്ല സ്ത്രീശരീരത്തിന്റെ മാന്യമായ വിന്യാസങ്ങളിലൂടെ ദേശീയതയു ടെ, മതത്തിന്റെ ജാതിയുടെ, കുടുംബത്തിന്റെ, പഠനസ്ഥാപന ങ്ങളുടെ, തൊഴിലിടത്തിന്റെ – എന്തിന്, സൗഹൃദവലയങ്ങളുടെ പോലും – മാനം കാക്കാനുള്ള ബാദ്ധ്യത അവളിൽ നിക്ഷിപ്തമാ കുന്നു. ഈ വിഷയത്തിലെ അതിർലംഘനങ്ങൾ ഹിംസാത്മ കമായി നേരിടുന്നതിനുള്ള അനു മതിയും നിലനിൽക്കുന്നു. താന്താ ങ്ങളുടെ സംസ്കാരങ്ങളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള പുരുഷ ലൈംഗിക കല്പിതചിത്രങ്ങൾക്ക് (male sexual fantasy) അനുയോ ജ്യമായ രൂപങ്ങൾക്കു പുറത്ത് 'തങ്ങളുടെ' സ്ത്രീകളുടെ ശരീര ങ്ങൾ നിലനിൽക്കാൻ പാടുള്ള തല്ല എന്നതാണ് ഈ ശാഠ്യ ങ്ങൾക്കു പിന്നിലെ മനഃശാസ്ത്രം. സ്വന്തം സംസ്കാരത്തിന്റെ രതി ഭാവനാസാമ്രാജ്യത്തിൽനിന്ന് പുറ ത്താവുന്നു എന്നു മാത്രമല്ല മറ്റൊരു സംസ്കാരത്തിന്റെ ലൈംഗികഭാവുകത്വ ങ്ങൾക്ക് തങ്ങളുടെ സ്ത്രീകൾ തുറന്നുകൊടുക്കപ്പെടുന്നു എന്ന ആദിമഭീതികൂടി ഇതോട് കൂട്ടി ച്ചേർക്കാം.

സ്ത്രീജീവിതങ്ങളെ പ്രതികൂ ലമായി ബാധിക്കുന്ന പല ദുരന്താ വസ്ഥകളും സാമാന്യബുദ്ധിയെ വെല്ലുന്നതായി കാണാം. അഭൂ മിയെ കീഴ്പ്പെടുത്തുകയും ആക്ര മിക്കപ്പെടാൻ സാധ്യതയുള്ളവ രുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തു കയുമാണ് ആധുനികതയുടെ ജനാധിപത്യ പൊതുയുക്തിയെ ങ്കിൽ സ്ത്രീകളുടെ കാര്യത്തിൽ മാത്രം ഇതു പ്രയോഗിക്കപ്പെടാ ത്തതെന്തുകൊണ്ട്? അനിയന്ത്രിത മായ ആൺനോട്ടങ്ങൾക്കു മുന്നിൽ സ്ത്രീ സ്വയം പൊതി ഞ്ഞുകെട്ടണം, പറ്റുമെങ്കിൽ പൊതുയിടങ്ങളിൽ നിന്നുതന്നെ പിൻമാറണം എന്ന ശാഠ്യം മേൽപ റഞ്ഞ സംഗതിക്ക് ഉദാഹരണമ ല്ലെങ്കിൽ പിന്നെയെന്താണ്?

ആൺകുട്ടികളെ ജനാധിപത്യ മര്യാദ ഉൾക്കൊള്ളാൻ പരുവപ്പെ ടുത്താതെ പെൺകുട്ടികളെ ഒതുങ്ങി ജീവിക്കാൻ പ്രേരിപ്പിക്കു കയുമാണ് സമൂഹം ചെയ്യുന്നത്. യേശുദാസന്മാർ ഇനിയുമിനിയുമു ണ്ടാവുമെന്ന് ഉറപ്പുവരുത്തുന്ന ഈ ചര്യകൾ ഒന്നു മാറ്റിപ്പണി യാതെ സ്ത്രീകളെ നിയന്ത്രണ ങ്ങൾക്ക് വിധേയമാക്കുന്നത് നീ തികേടുതന്നെ എന്ന് നാം എപ്പോൾ തിരിച്ചറിയും? ആധുനി കയുഗം വാഗ്ദാനം ചെയ്ത സ്ത്രീയുടെ പൊതു ഇട പ്രവേ ശം വസ്ത്രധാരണത്തിലെ നിയ ന്ത്രണം പോലുള്ള കടമ്പകളിൽ വഴിമുട്ടി നിൽക്കുകതന്നെയാണി പ്പോഴും. ●



കവർസ്റ്റോറി



ശ്രീജ.എസ്

# സൈബർ പൊതുമണ്ഡലവും മലയാളിസ്ത്രീയും

**എഴുപതുകളുടെ മധ്യത്തിനുശേഷം മധ്യവർഗസ്ത്രീകൾ തങ്ങളുടെ സ്വകാര്യഇടങ്ങളിലേക്ക് ചുരുക്കപ്പെടുകയാണുണ്ടായത്. അണുകുടുംബങ്ങളുടെ ആവിർഭാവവും ഗൾഫ് പണത്തിന്റെ ഒഴുക്കും എൺപതുകളിൽ പ്രചാരത്തിലായ ടെലിവിഷന്റെ സ്വാധീനവും ഇതിന്നാക്കം കൂട്ടി**

**പൊതുമണ്ഡലം** (public sphere) എന്ന ആശയം ആദ്യമായി മുന്നോട്ട് വെച്ചത് ഹാബർമാസാണ്. പൊതുതാല്പര്യത്തെ മുൻനിർത്തി വ്യക്തികൾ നടത്തുന്ന വാദപ്രതിവാദങ്ങളുടെ മണ്ഡലത്തെയാണ് പൊതുമണ്ഡലം[1] എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. എന്നാൽ സ്വകാര്യവും പൊതുകാര്യവും എന്ന് വേർതിരിച്ചുകാണുന്ന ഹാബർമാസിയൻ സിദ്ധാന്തത്തെ നാൻസി ഫ്രേസർ, ജൊഹാന മക്ഹൻ, റിറ്റ ഫെൽസ്കി തുടങ്ങിയ ഫെമിനിസ്റ്റ് സൈദ്ധാന്തികർ അതിനിശിതം എതിർക്കുകയുണ്ടായി. സ്ത്രീകളുടെ സംവാദം പൊതുമണ്ഡലത്തിന് പുറത്താണെന്ന ഫ്യൂഡൽസങ്കല്പം തന്നെയാണ് ഹാബർമാസും പിന്തുടരുന്നത് എന്നതായിരുന്നു ഇവരുടെ പ്രധാനവാദം. കീഴാളജനതയുടെ സ്വത്വബോധത്തെയോ താല്പര്യങ്ങളെയോ ആശയങ്ങളെയോ അഭിസംബോധന ചെയ്യാൻ ഹാബർമാസിന്റെ ബൂർഷ്വാ അധീശത്വസങ്കല്പത്തിലുള്ള പൊതുമണ്ഡലത്തിന് കഴിയുന്നില്ല എന്ന് ഫ്രേസർ ചൂണ്ടിക്കാണിക്കുന്നു. നാൻസി ഫ്രേസറുടെ ഈ ആശയത്തിലൂന്നിക്കൊണ്ട് സൈബർ പൊതുമണ്ഡലത്തിലെ മലയാളി സ്ത്രീയെ വായിച്ചെടുക്കാം.

എല്ലാ കാലത്തും മലയാളി സ്ത്രീകളുടെ പൊതുഇടം എന്നത് പാശ്ചാത്യ പൊതുമണ്ഡല ആശയത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. കുളിക്കടവുകൾ, അമ്പലമുറ്റങ്ങൾ, പണിസ്ഥലങ്ങൾ എന്നിവ അവരുടെ ചർച്ചകൾക്ക് വേദിയായി. ഇന്ന് വിവക്ഷിക്കും വിധം വിശാലപൊതുതാല്പര്യങ്ങളല്ലെങ്കിൽപ്പോലും ഗ്രാമവ്യവസ്ഥിതിയിലെ ശരികളെയും ശരികേടുകളെയും കുറിച്ചുള്ള ചർച്ചകൾ ഇവിടെ നിറഞ്ഞുനിന്നു. ഈ പൊതുഇടങ്ങളുടെ ദൗർബല്യം അത് ജാതി, വർഗ അതിർവരമ്പുകളെ കാര്യമായൊന്നും ഭേദിച്ചില്ല എന്നതാണ്. അതേ സമയം ചായക്കടകളും സലൂണുകളും ആരാധനാലയ പരിസരങ്ങളും പുരുഷന്മാരുടെ രാഷ്ട്രീയപൊതുമണ്ഡലമായി രൂപപ്പെട്ടപ്പോൾ പൗരന്മാരുടെ അഭിപ്രായരൂപീകരണത്തിനും ദേശരാഷ്ട്രസങ്കല്പത്തോട് സംവദിക്കാനും ഇത് ഏറെ സഹായിച്ചു.

പക്ഷേ, എഴുപതുകളുടെ മധ്യത്തിനുശേഷം മധ്യവർഗസ്ത്രീകൾ തങ്ങളുടെ സ്വകാര്യഇടങ്ങളിലേക്ക് ചുരുക്കപ്പെടുകയാണുണ്ടായത്. അണുകുടുംബങ്ങളുടെ ആവിർഭാവവും ഗൾഫ് പണത്തിന്റെ ഒഴുക്കും എൺപതുകളിൽ പ്രചാരത്തിലായ ടെലിവിഷന്റെ സ്വാധീനവും ഇതിന്നാക്കം കൂട്ടി. സ്ത്രീകളുടേത് എന്ന് കരുതപ്പെട്ടിരുന്ന പൊതുഇടങ്ങ

ളിൽപ്പോലും അവർ അദൃശ്യരായിത്തുടങ്ങി. വെള്ളക്കോളർ ജോലികളിൽ സ്ത്രീകൾ കൂടുതലായി ദൃശ്യപ്പെടാൻ തുടങ്ങിയെങ്കിലും പൊതുസംവാദങ്ങളിൽ അവരുടെ പങ്ക് ഗണ്യമായി കുറഞ്ഞുതുടങ്ങിയിരുന്നു. പുതിയ പൊതുഇടങ്ങളായ ബ്യൂട്ടിപാർലറുകൾ, ഷോപ്പിംഗ്സെന്ററുകൾ തുടങ്ങിയവയിൽ സംവാദങ്ങൾക്കുള്ള സാധ്യതകളും നേരിയതായിരുന്നു. മാരുതി പോലുള്ള ചെറുവാഹനങ്ങൾ വ്യക്തികളെ കൂടുതൽ കൂടുതൽ കുടുംബകേന്ദ്രിതമാക്കുകയും ചെയ്തു.

വ്യക്തിവത്കരിക്കപ്പെട്ട ലോകത്തുനിന്ന്, നിയമപരമായി നിർണ്ണയിക്കപ്പെട്ട അതിരുകൾക്കകത്തുനിന്ന് രൂപപ്പെട്ട കേരളീയ പൊതുമണ്ഡലത്തിൽ നിന്ന് സ്ത്രീകൾ മാറ്റി നിർത്തപ്പെട്ടത് ആൺകോയ്മയുടെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ തന്നെയായിരുന്നു. കുടുംബം എന്നത് സ്ത്രീ കേന്ദ്രിത അധ്വാനത്തിൽ നിന്ന് രൂപം കൊണ്ട സാമൂഹ്യവ്യവസ്ഥിതിയായിരുന്നു. ആധുനിക കാലഘട്ടത്തിൽ വ്യക്തികളും ദേശരാഷ്ട്രങ്ങളും തമ്മിലുള്ള ഉടമ്പടിയായി അച്ചടിമാധ്യമത്തെ ചിന്തകനായ ബെനഡിക്റ്റ് ആൻഡേഴ്സൺ കാണുന്നുണ്ട്. സാക്ഷരജനത എന്ന നിലയിൽ ഒരു കാലഘട്ടത്തിലെ കേരളീയ പൊതുമണ്ഡലം രൂപപ്പെടാൻ പത്രവായനയും പൊതു ഇടങ്ങളിലെ ചർച്ചയും പങ്കുവഹിച്ചിട്ടുണ്ട്. ഇരട്ടി ഭാരം ചുമക്കുന്ന സ്ത്രീകളാകട്ടെ ഈ സംവാദത്തിന് പുറത്തുമായിരുന്നു. പത്രവായന എന്നത് വിവരശേഖരണത്തിനൊരുപാധി (information gathering) മാത്രമായിരുന്നു അവർക്ക്. എന്നുമാത്രല്ല, നിയമപരമായി നിർണയിക്കപ്പെട്ട തുല്യ അകലത്തിൽ നിന്നുകൊണ്ട് പരസ്പരം ഇടപെടുകയും പൊതുവിചാരങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന വ്യക്തിയുടെ ആവാസവ്യവസ്ഥയായി മാറാൻ കേരളത്തിന്റെ കമ്പോള വ്യവസ്ഥക്ക് ഒരു കാലത്തും ആയിട്ടില്ലെന്ന വാദമുണ്ട്.[2]



പുരുഷപൊതുമണ്ഡലത്തിന്റെ സ്ഥിതി ഇതാകുമ്പോൾ ആൺകോയ്മാസമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥയും മറിച്ചാകാൻ വഴിയില്ലല്ലോ.

പൊതുസംവാദ ഇടങ്ങൾ ചുരുങ്ങി വന്ന മലയാളിസ്ത്രീകൾക്ക് മറ്റൊരു സംവാദഇടം തുറക്കാൻ ഇന്റർനെറ്റിന് കഴിഞ്ഞു. ഭൗതിക ശരീരത്തിനു പകരം ഒരു ഡിജിറ്റൽ സ്വത്വം രൂപപ്പെടുത്തിയെടുക്കാൻ ഇത് സ്ത്രീകളെ സഹായിച്ചു. കമ്പോളത്തിന്റെ യുക്തിയും ആഗോളമാനവികതാസങ്കല്പങ്ങളും ഇടകലർന്ന് പുതിയൊരു സാംസ്കാരികസംവാദം രൂപപ്പെടാൻ ഇന്റർനെറ്റ് കാരണമായി. പ്രശ്നങ്ങൾ വ്യത്യസ്തവും സങ്കീർണ്ണവുമായിരിക്കെത്തന്നെ ലോകമാനമുള്ള സ്ത്രീകൾ തടഞ്ഞുവെക്കപ്പെട്ട തങ്ങളുടെ ചിന്തകൾ ബഹിർഗമിപ്പിക്കാൻ വെർച്വൽ ലോകത്തെ കൂട്ടുപിടിച്ചു. അറബ് ലോകത്തെയും യൂറോപ്പിലേയും അമേരിക്കയിലേയും സ്ത്രീകൾ തങ്ങളുടെ ലോകം മറ്റുള്ളവരുമായി പങ്കുവെക്കുകയും തുറന്ന ചർച്ചക്ക് തയ്യാറാവുകയും ചെയ്തു. അതേ സമയം വ്യത്യസ്ത ആശയങ്ങൾ തമ്മിലുള്ള കൊടുക്കൽവാങ്ങലിലും കൊമ്പുകോർക്കലിനുമിടയിൽ കമ്പോളവ്യവസ്ഥയും അധികാരപ്രയോഗങ്ങളും അടിച്ചമർത്തലുകളും പുതിയ രീതിയിൽ നിലവിൽ വരുന്നുമുണ്ട്.

ഹാബർമാസ് സൂചിപ്പിക്കുന്ന വ്യവസ്ഥയാൽ രൂപീകരിക്കപ്പെട്ട പൊതുമണ്ഡലത്തിന്റെ പ്രസക്തി ഇ-ലോകത്ത് വ്യതിരിക്തമാണെന്ന് പ്രശസ്ത ഉത്തരാധുനിക ചിന്തകനായ മാർക്ക് പോസ്റ്റർ പറയുന്നു.[3] ഇന്റർനെറ്റിന്റെ വിവക്ഷകൾ ഹാബർമാസിന്റെ പൊതുമണ്ഡല സിദ്ധാന്തത്തിന് പുറത്താണെന്നാണ് പോസ്റ്ററുടെ അഭിപ്രായം. പരസ്പര ഉടമ്പടി പ്രകാരം പങ്കുവെക്കപ്പെട്ട ഇടമാണ് ഇന്റർനെറ്റ്. ഇവിടം സ്വാഭിപ്രായങ്ങളെ പ്രകാശിപ്പിക്കും വിധം യുക്തിയാൽ പുനർനിർമ്മിക്കപ്പെട്ടതാണ്. പ്രകാശിപ്പിക്കപ്പെടുന്ന ചിന്തകൾ പൂർണ്ണമായി വികേന്ദ്രീകരിക്കപ്പെട്ടിട്ടുണ്ടെന്നും പോസ്റ്റർ ചൂണ്ടിക്കാട്ടുന്നു.

കമ്പോളവത്ക്കരണത്തോടെയും സാംസ്കാരിക അധിനിവേശത്തോടെയും പൊതുമണ്ഡലത്തിൽ നിന്നും തീർത്തും അദൃശ്യമായപോലെ മലയാളിസ്ത്രീയുടെ ദൃശ്യപ്പെടലാണ് സൈബർ ലോകത്തുണ്ടായത്. ഇന്റർനെറ്റിന്റെ പുതിയ ഭാവനാലോകത്തിലെ ഡിജിറ്റൽ രൂപമായി മാറാൻ മലയാളി സ്ത്രീക്കും സാധിക്കുന്നുണ്ട്. ഡിജിറ്റൽ സ്ത്രീസ്വത്വം സ്വീകരിക്കുന്നതു വഴി സമൂഹം തങ്ങളിലേൽപ്പിക്കുന്ന അധികാര സ്വരൂപങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കാൻ പലർക്കും കഴിയുന്നുമുണ്ട്.

പുരുഷലാവണ്യസങ്കല്പത്തിന്റേയും കമ്പോളത്തിന്റേയും ഇച്ഛക്കനുസരിച്ച് തങ്ങളുടെ ബിംബങ്ങളും പ്രതിബിംബങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കുന്നവരും ഇതിനിടയിലുണ്ട്. അതേ സമയം പൊതുതാല്പര്യത്തെ മുൻനിർത്തി പൊതുകാര്യ സംവാദങ്ങളിൽ കൂടുതൽ പങ്കാളിയാകുന്നു എന്നിടത്താണ് മലയാളിസ്ത്രീയെ സംബന്ധിച്ചിടത്തോളം സൈബർ ലോകത്തിന്റെ പ്രസക്തി.

പണം, ആഭരണങ്ങൾ, ആഡംബരങ്ങൾ, സൗന്ദര്യം, കുടുംബബന്ധങ്ങൾ എന്നിങ്ങനെ ചുരുക്കം വിഷയങ്ങളിൽ നിന്ന് കൂടുതൽ വ്യത്യസ്തവും ജനാധിപത്യപരവും പാർശ്വവത്കരിക്കപ്പെട്ടതുമായ വിഷയങ്ങളെക്കുറിച്ച് സംവദിക്കാൻ മലയാളി സൈബർ സ്ത്രീകൾക്ക് കഴിയുന്നുണ്ട്. പാരിസ്ഥിതിക, ദളിത്, മനുഷ്യാവകാശ, ലൈംഗിക ന്യൂനപക്ഷ വിഷയങ്ങൾ ധൈര്യപൂർവ്വം എടുത്തിടാനും നിർമ്മാണാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇവർക്ക് കഴിയുന്നു. എന്ന് മാത്രമല്ല, സോഷ്യൽ നെറ്റ്‌വർക്ക് കൂട്ടായ്മകളിലെ തികച്ചും പ്രതിലോമപരമായ അഭിപ്രായങ്ങളെ പ്രതിരോധിക്കാനും അങ്ങനെ ഇന്റർനെറ്റിനെ ഫെമിനിസ്റ്റ് സംവാദങ്ങളുടെ തുറന്ന വേദിയാക്കാനും മലയാളി സൈബർ സ്ത്രീകൾ ശ്രമിക്കുന്നുണ്ട്.

മലയാളിസ്ത്രീകളുടെ സൈബർ ഇടപെടലുകളെ മൂന്നായി തിരിക്കാം. ഇ-മെയിൽ, ചാറ്റിംഗ്, ഉദ്യോഗ കച്ചവട സംബന്ധമായ ആശയവിനിമയങ്ങൾ, പരസ്യങ്ങൾ, സാഹിത്യചിത്രകലാസൃഷ്ടികൾ എന്നിവയെ ഇതിൽ നിന്നൊഴിവാക്കുകയാണ്. പൊതുമണ്ഡലത്തിലെ പൊതു സംവാദങ്ങൾക്ക് പുറത്താണ് ഇവയുടെ സ്ഥാനം എന്നതുകൊണ്ടാണിത്. സംവാദാത്മകമായ ഇടപെടലുകൾ ഇവയാണ്.

1. ഫേസ്ബുക്ക്, ടിറ്റർ, ഗൂഗിൾപ്ലസ് തുടങ്ങിയ സാമൂഹ്യ ശൃംഖലാ കൂട്ടായ്മകളിലെ ഇടപെടലുകളും പങ്കുവെക്കുന്ന ചെറുകുറിപ്പുകളും.

**മാധ്യമ മുതലാളിത്തത്തിന്റെ അധികാരമുറിച്ചുമാറ്റലുകൾ (power editing) ഇല്ലാത്തതുകൊണ്ട് തങ്ങളുടെ ആശയങ്ങൾ എത്രയും മൂർച്ചയേറിയ വാക്കുകളിൽ പ്രകടിപ്പിക്കാനും പൊതുചർച്ചകൾക്ക് തുടക്കമിടാനും മലയാളി സൈബർ സ്ത്രീക്ക് സാധിക്കുന്നു**

2. സ്വന്തം നിയന്ത്രണാധികാരത്തിലുള്ള ബ്ലോഗുകൾ, വെബ്സൈറ്റുകൾ, പേജുകൾ

3. ഓൺലൈൻ നവമാധ്യമങ്ങളിലെ ലേഖനങ്ങൾ, കുറിപ്പുകൾ, പ്രസ്താവനകൾ, അഭിപ്രായപ്രകടനങ്ങൾ തുടങ്ങിയവ.

മലയാളിസ്ത്രീകളുടെ സൈബർ പൊതുഇടപെടലുകളിൽ ഏറ്റവും ശ്രദ്ധേയമായതും വ്യതിരിക്തമായതും മൂന്നാമതു പറഞ്ഞ വിഭാഗമാണ്. പാരമ്പര്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സൃഷ്ടികളുടെ പാതയിൽ നിന്ന് വ്യതിചലിച്ചാണ് ഇവയുടെ നടത്തം.

പൊതുതാല്പര്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് തങ്ങളുടെ രാഷ്ട്രീയ സാമൂഹ്യനിരീക്ഷണങ്ങൾ മുന്നോട്ട് വെക്കാൻ ഇവർ ഓൺലൈൻ മാധ്യമങ്ങളെ ഉപയോഗിക്കുന്നു. മാധ്യമ മുതലാളിത്തത്തിന്റെ അധികാരമുറിച്ചുമാറ്റലുകൾ (power editing) ഇല്ലാത്തതുകൊണ്ട് തങ്ങളുടെ ആശയങ്ങൾ എത്രയും മൂർച്ചയേറിയ വാക്കുകളിൽ പ്രകടിപ്പിക്കാനും പൊതുചർച്ചകൾക്ക് തുടക്കമിടാനും മലയാളി സൈബർ സ്ത്രീക്ക് സാധിക്കുന്നുണ്ട്. അതേ സമയം ഇത്തരം ചിന്തകൾക്കുള്ള 'മാർക്കറ്റ് വാല്യൂ' തന്നെയാണ് നവമാധ്യമങ്ങളെ നയിക്കുന്നതെന്ന വിരോധാഭാസവും ഇതോടൊപ്പം ചേർത്തു വായിക്കണം. മലയാൾ എ.എം, അഴിമുഖം.കോം, ഫോർത്ത് എസ്റ്റേറ്റ്, കൗണ്ടർ കറന്റ്സ്.കോം തുടങ്ങി നിരവധി ഓൺലൈൻ മാധ്യമങ്ങൾ ദേശരാഷ്ട്രത്തിന്റെ അധികാരസ്വരൂപങ്ങളെ വിമർശനത്തിന് വിധേയമാക്കുന്നുണ്ട്. കുടുംബപരിപാലനം, സ്ത്രീപ്രശ്നങ്ങൾ തുടങ്ങി സ്ത്രീകൾ കാലങ്ങളായി കൈകാര്യം ചെയ്തുകൊണ്ടിരുന്ന വിഷയങ്ങൾ മാത്രമല്ല മലയാളി സ്ത്രീസമൂഹം പൊതുചർച്ചക്കായി തുറന്നുവെക്കുന്നത്. മരുന്നുപരീക്ഷണം (എബോളയെക്കുറിച്ച് സോമി സോളമൻ), മഞ്ജു എന്ന നടിയുടെ താരവല്ക്കരണം (മഞ്ജു എന്ന സൂപ്പർസ്റ്റാറും സ്മിത എന്ന അശ്ലീല നടിയും - ഷൈമ.പി), വർഗ്ഗീയത (ഞാൻ എന്ന ഹിന്ദു-വീണാ വിമലാമണി), ദളിത് ചിന്തകൾ സു(സ)വർണ അധ്യാപക ലോകമേ, നിങ്ങളോ മാതൃക-ശ്രീലതാ കൃഷ്ണൻ), വർഗവിവേചനം (മൂത്രമൊഴിക്കാത്ത ചില സദാചാരചിന്തകൾ-പ്രഭാ സക്കറിയാസ്) നവമാധ്യമങ്ങളും പോർണോഗ്രഫിയും (ന്യൂസ് ഇറോട്ടിക്ക-ജോഷിനാ രാമകൃഷ്ണൻ), പരിസ്ഥിതിവാദം (മരം ഒരു തലേവര-ഐസിബി), സ്വാതന്ത്ര്യം, സംസ്ക്കാരം (ഒരു തമിഴ് പ്രണയത്തിന്റെ ബാക്കിപത്രം-അന്ന.എം) തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. വേറിട്ട ചിന്തകളുമായി വരുന്നവർ ഇനിയുമുണ്ട്. മായാലീല, ദീപ്തി ഉണ്ണികൃഷ്ണൻ, ഷാരോൺ റാണി, അനുപമ ആനമങ്ങാട്, അപർണ ഈശ്വർ, ആരതി പി.എം, റേച്ചൽ, നിലീനാ ബലറാം തുടങ്ങി പലരും. തങ്ങളുടെ ചിന്തകളും ആശയങ്ങളും പങ്കുവെക്കുക എന്നതിലുപരി പൊതുഇടത്തിൽ ചർച്ചകൾ സൃഷ്ടിക്കുക എന്ന ബോധപൂർവ്വമായ ലക്ഷ്യം ഇവയ്ക്കുണ്ട്.

കൂടുതലും വൈയക്തിക വിഷയങ്ങളാണെങ്കിലും സ്വയം പ്ര

## തുറന്ന ചർച്ചകൾക്ക് തയ്യാറാവുന്ന സ്ത്രീകളെ പാരമ്പര്യ അധികാരസ്വരൂപങ്ങൾ ഭീതിയോടെ തന്നെയാണ് നോക്കിക്കാണുന്നത്. അതുകൊണ്ട് തന്നെ നിലനിൽക്കുന്ന ആണത്താധികാരങ്ങൾ ഉപയോഗിച്ച് സ്ത്രീയെ തളച്ചിടാനും അവർ ശ്രമിക്കുന്നു

കാശനമാധ്യമമെന്ന നിലയിൽ ബ്ലോഗുകളും വെബ്പേജുകളും സ്ത്രീകളുടെ സൈബർ പൊതു ഇടപെടലുകളിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സാമൂഹ്യനെറ്റ് വർക്ക് കൂട്ടായ്മകളുടെ വരവോടെ പോപ്പുലാരിറ്റി നഷ്ടപ്പെട്ടെങ്കിലും ഇഞ്ചിപ്പെണ്ണ്, കൊച്ചുത്രേസ്യ തുടങ്ങി നിരവധി വനിതാ ബ്ലോഗർമാരെ സമൂഹശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ഇവയ്ക്ക് കഴിഞ്ഞിട്ടുണ്ട്. രുചി, പാചകം, നൊസ്റ്റാൾജിയ എന്നിവ വളരെ തന്മയത്വത്തോടെ അവതരിപ്പിച്ച് ശ്രദ്ധേയയായ കൊച്ചുത്രേസ്യയാകട്ടെ തന്റെ മൂർച്ചയേറിയ സാമൂഹ്യരാഷ്ട്രീയ നിരീക്ഷണങ്ങൾ കൊണ്ട് പൊതുചർച്ചകൾ സൃഷ്ടിക്കാറുണ്ട്. കലാ-സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന, ശബ്ദമില്ലാതായിപ്പോയവരുടെ ശബ്ദമാണ് പല ഫേസ്ബുക്ക് പേജുകളും. അവർ ജനങ്ങളോട് നേരിട്ട് സംവദിക്കുന്നു. റിമ കല്ലിങ്കലും മഞ്ജു വാര്യരുമെല്ലാം സൈബർ സാധ്യതകൾ തിരിച്ചറിഞ്ഞ സെലിബ്രിറ്റികളാണ്.

ഇന്ത്യയിലെ അഞ്ച്കോടിയോളം വരുന്ന സോഷ്യൽ നെറ്റ് വർക്ക് കൂട്ടായ്മകളിലെ അംഗങ്ങളിൽ 22 ശതമാനത്തോളം സ്ത്രീകളാണെന്നാണ് കോമിലി മീഡിയയുടെ ഓൺലൈൻ ഓഡിയൻസ് ആന്റ് ആഡ് മെഷർമെന്റ് വേദിയായ 'വിസിസെൻസ്' നടത്തിയ പഠനത്തിൽ വ്യക്തമായത്. ഇതിൽ വ്യാപകമായി ഇടപെടുന്ന സ്ത്രീകളിൽ ഭൂരിഭാഗവും സൗഹൃദം പങ്കുവെക്കലിനാണ് ഇതുപയോഗിക്കുന്നത്. എന്നാൽ രാഷ്ട്രീയ-സാമൂഹിക ചർച്ചകളിൽ പങ്കാളിയാകാനും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാനും ഇതിനെ ഉപയോഗിക്കുന്നവരും ഉണ്ട്. അനുപമ രവി, ഡാലി, പ്രീത ജി.പി തുടങ്ങിയ ഇടതുപക്ഷ ചിന്താഗതിയുടെ പ്രയോക്താക്കൾക്കൊപ്പം കെ.ആർ.ഇന്ദിര, ഇന്ദിര സെൻ തുടങ്ങിയ തീവ്ര വലതുപക്ഷ നിലപാടുകൾ പുലർത്തുന്നവരുമുണ്ട്. തങ്ങളുടെ യഥാർത്ഥസ്വത്വം മറച്ചുവെക്കാതെ ചർച്ചകളിൽ പങ്കാളികളാകുന്നു എന്നിടത്താണ് ഇവരുടെ പൊതുപ്രസക്തി.

എല്ലാ സൈബർ ഇടപെടലുകളും കൗണ്ടർ ഇടപെടലുകളല്ല എന്ന് സൈബർ മൂവ്മെന്റ് & ന്യൂ സോഷ്യൽ മൂവ്മെന്റ്സ് & കൗണ്ടർ പൊളിറ്റിക്സ് കാതറിൻ ഹെലൻ പകേവ്സ്കി[4] ചൂണ്ടിക്കാട്ടുന്നുണ്ട്. അതുകൊണ്ടു തന്നെ മലയാളി സ്ത്രീകളുടെ സൈബർ ഇടപെടലുകളെ തീർത്തും നിർമ്മാണാത്മകമായോ പുരോഗമനാത്മകമായോ യുക്തിഭദ്രമായോ ആയി കാണേണ്ടതില്ല. മത, ജാതീയ, വർഗ്ഗീയ നിലപാടുകൾ പങ്കുവെക്കാനും പ്രചരിപ്പിക്കാനും മുൻകൈയെടുക്കുന്ന സ്ത്രീകൾ നിരവധിയുണ്ട്. എങ്കിലും തീർത്തും ഹിംസാത്മകമായ ഈ കാലഘട്ടത്തിൽ കാര്യങ്ങളെ കുറച്ചുകൂടി പക്വതയോടെ വിലയിരുത്തുന്നവർ സൈബർ പൊതുമണ്ഡലത്തിലെ സ്ത്രീകളാണെന്നത് പറയാതെ വയ്യ.

സൈബർ പൊതുമണ്ഡലത്തിന്റെ വലിയ പരിമിതി അത് എല്ലാ വിഭാഗങ്ങളേയും പ്രതിനിധാനം ചെയ്യുന്നില്ലെന്നതാണ്. അടിസ്ഥാനവർഗ്ഗങ്ങൾ, സാമൂഹ്യപിന്നാക്കാവസ്ഥയിലുള്ള സ്ത്രീകൾ, പുരുഷമേൽക്കോയ്മയിൽ പെട്ട് സോഷ്യൽ നെറ്റ് വർക്ക് വേണ്ടെന്നുവെക്കേണ്ടിവരുന്നവർ, കമ്പ്യൂട്ടർ നിരക്ഷരർ തുടങ്ങി പലരും സൈബർ ലോകത്തിന് പുറത്താണ്. മാത്രമല്ല, വെർചൽ ലോകത്ത് പ്രവേശിക്കണമെങ്കിൽ അത് കൃത്യമായ ഉപകരണങ്ങൾ ആവശ്യപ്പെടുന്നുണ്ട്. സ്ത്രീകൾക്ക് പലപ്പോഴും ഇത് പ്രാപ്യമല്ല. അവ എളുപ്പം ലഭ്യമാകാത്ത പുരുഷന്മാർ സൈബർ കഫേകളെ ആശ്രയിക്കുമ്പോൾ സ്ത്രീകൾക്ക് സമയപരിമിതി, സാമൂഹ്യനിയന്ത്രണം മുതലായവമൂലം ഇതിനു സാധിക്കാതെ വരുന്നു. അതുപോലെ അധികാരപ്രയോഗങ്ങളിൽ നിന്ന് തീർത്തും മുക്തമല്ല സൈബർ ലോകവും. തുറന്ന ചർച്ചകൾക്ക് തയ്യാറാവുന്ന സ്ത്രീകളെ പാരമ്പര്യ അധികാരസ്വരൂപങ്ങൾ ഭീതിയോടെ തന്നെയാണ് നോക്കിക്കാണുന്നത്. അതുകൊണ്ട് തന്നെ നിലനിൽക്കുന്ന ആണത്താധികാരങ്ങൾ ഉപയോഗിച്ച് സ്ത്രീയെ തളച്ചിടാനും അവർ ശ്രമിക്കുന്നു. വസ്ത്രം, ഭാഷ, സഞ്ചാരസ്വാതന്ത്ര്യം എന്നിവയിൽ തികച്ചും യാഥാസ്ഥിതികമായ മൂല്യങ്ങൾ പിന്തുടരുന്ന കേരളത്തിൽ സ്ത്രീകൾക്ക് സൈബർലോകത്ത് മാത്രം സവിശേഷ സ്വാതന്ത്ര്യം ഉണ്ടെന്ന് കരുതാൻ വയ്യ. സവിശേഷ വിഷയങ്ങളും വ്യതിരിക്ത കാഴ്ചപ്പാടുകളുമായി സൈബർ ലോകത്ത് ദൃശ്യമാകുന്ന സ്ത്രീകളിൽ ഭൂരിഭാഗവും (ഏതാണ്ട് തൊണ്ണൂറുശതമാനം)കേരളത്തിന് പുറത്ത് ജീവിക്കുന്നവരോ പുറത്ത് പഠിക്കുന്നവരോ ആണെന്നത് ഈ വാദത്തിന് ബലമേകുന്നു. ●


Ref:

1, 2. കേരളവും പൊതുമണ്ഡലവും ചില ചിന്തകൾ - ടി.വി.മധു.

Paper presented in sree Sankaracharya University kaladi

3. Cyber democracy, internet & the public sphere- Mark poster, 1997.

4. Cyber polities and the state - edited by Robert Asent+Dainel D Brouner.



കവർസ്റ്റോറി

ശ്രീദേവി പി.അരവിന്ദ്

# മലയാള സിനിമയിലെ സ്ത്രീഇടം, പൊതുഇടം

ദൃശ്യനിർമ്മിതിയിലൂടെ ചില ആശയങ്ങളെ സവിശേഷ പ്രാധാന്യത്തോടെ പ്രക്ഷേപിക്കാനാണ് സിനിമക്ക് താല്പര്യം. അത്തരത്തിലുള്ള അയഥാർത്ഥ രൂപകല്പനയാണ് സിനിമയിലെ സ്ത്രീ

**പൊതുഇടം** എന്ന ധാരണക്ക് പൊതു എന്ന ജനാധിപത്യപരമായ വിവക്ഷകൾ ഉണ്ട്. പൊതുതാൽപര്യാർത്ഥം ജനങ്ങൾ സംഘടിക്കുന്ന സ്ഥലങ്ങളാണ് അവ. പാർക്കുകൾ, മ്യൂസിയങ്ങൾ, മൈതാനങ്ങൾ, ഗാർഡനുകൾ, മാളുകൾ, റോഡുകൾ, റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിങ്ങനെ. ഇത്തരം സ്ഥലങ്ങൾ എല്ലാവർക്കും ലഭ്യമായ രീതിയിൽ തുറന്നുകൊടുക്കപ്പെടുന്നു. ഇവിടെ ചേർന്നു പ്രവർത്തിക്കുക, കൂട്ടിച്ചേർക്കുക, വിസ്തൃതമാക്കുക, ലഭ്യമാക്കുക തുടങ്ങിയ വ്യവഹാരങ്ങൾക്ക് സാംഗത്യമുണ്ട്. ഇത്തരം സാധ്യതാ മേഖലകളാണ് പൗരസമൂഹത്തിലെ പൊതു ഇടം. ചില പ്രത്യേക സ്ഥലകാലത്തിൽ ക്ഷണേന പൊട്ടിമുളക്കുന്ന പൊതുഇടങ്ങളും ഉണ്ട്, തിട്ടമായ ആവശ്യത്തിനായി പൊതുഇടമായി മാറുന്ന സ്ഥലരാശികളാണ് അവ. ഉദാഹരണമായി ഒരു പരിപാടിക്കായി സജ്ജമാകുന്ന സ്ഥലം, കല്യാണവീട് എന്നിങ്ങനെയുള്ള കൂട്ടായ്മകളുടെ ഇടങ്ങൾ. ഇത്തരത്തിലുള്ള പൊതു ഇടങ്ങളിലെ സ്ത്രീപ്രതിനിധാനം ധാരാളമായി ചർച്ചചെയ്യപ്പെട്ടതാണ്.

ദൃശ്യനിർമ്മിതിയിലൂടെ ചില ആശയങ്ങളെ സവിശേഷ പ്രാധാന്യത്തോടെ പ്രക്ഷേപിക്കാനാണ് സിനിമക്ക് താല്പര്യം. അത്തരത്തിലുള്ള അയഥാർത്ഥ രൂപകല്പനയാണ് സിനിമയിലെ സ്ത്രീ. ആദ്യകാലസിനിമകളെല്ലാം പുരാണങ്ങളേയും മറ്റും ഉപജീവിച്ച് മാതൃത്വത്തിന്റേയും സഹനത്തിന്റേയും വാർപ്പ് മാതൃകകളായ സ്ത്രീകളെ നിർമ്മിച്ചു. കുട്ടികളുടെ വളർച്ചയും കുടുംബവും അമിത പ്രസ്താവങ്ങളിലൂടെ സാമൂഹിക ഉത്തരവാദിത്വം എന്നതിൽ നിന്നും വ്യതിരിക്തമായി സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വവും ഇടവുമായി. പ്രതിപാദനത്തിൽ അതിവാചാലതയും അതിവൈകാരികതയും നിറച്ച് അതിഭാവുകത്വത്തോടെ ഒരു മാതൃകാസ്ത്രീയെ നിർമ്മിക്കുന്നതിൽ സിനിമ വഹി



ച്ച പങ്ക് നിസ്സാരമല്ല.

മലയാളസിനിമയിലെ പൊതുഇടങ്ങളെല്ലാം സ്ത്രീത്വത്തിന്റെ അറിവിടങ്ങളാകാറുണ്ട്. വെള്ളിത്തിരയിൽ ഉത്പാദിതമാകുന്ന അർത്ഥങ്ങളെ അതിനു പുറത്താണ് തേടേണ്ടത്. ഈ അന്വേഷണമാണ് പൊതുഇടത്തിലെ സ്ത്രീ പ്രതിനിധാനം ജനാധിപത്യപരമാണോ എന്ന ചോദ്യം ഉന്നയിക്കുന്നതും. നടിമാരുടെ സ്വകാര്യ ജീവിതമാണ് അവരുടെ പൊതുജീവിതത്തിൽ പോലും ചൂഴ്ന്ന് നോക്കപ്പെടുന്നത്. വിവാഹ ശേഷം പൊതുജീവിതം അവസാനിക്കുന്ന/ക്കേണ്ടിവരുന്ന നടിമാരും ധാരാളമുണ്ട് കേരളത്തിൽ. സ്ത്രീക്ക് പുരുഷനെ അപേക്ഷിച്ച് സ്വകാര്യ/പൊതു ദ്വന്ദ്വങ്ങൾ ഇല്ലാതാകുന്നു തിരശ്ശീലക്കകത്തും പുറത്തും. സിനിമ തികച്ചും പുരുഷ കേന്ദ്രിതമായതിനാലാവണം സിനിമയിലെ സ്ത്രീക്ക് സ്വകാര്യതകളെ മാറ്റി നിർത്തിക്കൊണ്ട് പൊതു കാര്യങ്ങളെക്കുറിച്ച് ആകുലപ്പെടാൻ സാധിക്കാതെ പോയത്.

സിനിമയിലെ പൊതുഇടങ്ങളിലെല്ലാം സ്ത്രീകൾ ഇടപെടുന്നത് വൈകാരികമായാണ്. കുടുംബം ഇല്ലാത്ത സ്ത്രീകളോ കുടുംബം ലാളിച്ച് വഷളാക്കിയ സ്ത്രീകളോ ആണ് പൊതുഇടത്തിലെ 'ചന്തപ്പെണ്ണാകുന്നത്'. നമ്മൾ, ചോട്ടാ മുംബൈയ് എന്നീ സിനിമകളിലെ ഭാവനയുടെ വേഷം, എന്റെ സൂര്യപുത്രിക്ക് സിനിമയിലെ അമല, പ്രണയവർണ്ണങ്ങളിലെ ദിവ്യാ ഉണ്ണി, സമ്മർ ഇൻ ബത്‌ലഹേമിലെ മഞ്ജു വാര്യരുടെ കഥാപാത്രം എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ. ശക്തമായ കുടുംബബന്ധമില്ലെങ്കിലും, കുടുംബം അവൾക്കുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിലും അവൾ മോശക്കാരിയാവുന്നു. പൊതുഇടത്തിൽ അടക്കമില്ലാത്തവളാകുന്നു. അടക്കം എന്നത് കുലീനത്വത്തിന്റെ മുഖമുദ്രയാവുന്നു ഈ വൈരുദ്ധ്യത്തിലൂടെ. അടക്കമില്ലായ്മ ഫാഷനാവുന്ന പുതിയ സിനിമകളിൽ പോലും കുലീനത ഒരു അവബോധമായി പ്രവർത്തിക്കുന്നുണ്ട്. അതാണ് അവളെ പലതിൽ നിന്നും അകറ്റി നിർത്തുന്നതും.

സിനിമീയമായ ആഖ്യാനങ്ങൾ പരിശോധിക്കുമ്പോൾ ഫെമിനിസ്റ്റ് മൂവ്മെന്റുകളെ പരിഹസിക്കുകയാണ് മാറി വരുന്ന സ്ത്രീ ആഖ്യാനങ്ങൾ. ഫെമിനിസം ഒരു തെറ്റാണെന്ന പോലെയും വ്യാഖ്യാനിക്കാൻ സിനിമ മറന്നില്ല. സ്ത്രീപക്ഷചിന്തകൾക്ക് സമാന്തരമായി മാറിവന്നു സ്ത്രീ ആഖ്യാനങ്ങൾ. ശ്രേണീകൃതമാണ് ഈ വളർച്ച. പൊതുഇടങ്ങൾക്ക് വില ക്കേൽപ്പിച്ചിരുന്ന കാലത്ത് അകം എന്ന കുടുംബത്തിൽ നിന്നും പുറം എന്ന പൊതുഇടത്തിലേക്കിറങ്ങുന്നവളെ സിനിമ അഹങ്കാരിയെന്നോ വഴിപിഴച്ചവൾ എന്നോ മുദ്രകുത്തി. പിന്നീട് വന്ന സിനിമകളിൽ കുടുംബവും ജോലിയും സമരസപ്പെടുത്തി നല്ല കുടുംബിനിയുടെ വേഷത്തിൽ അവൾ മാതൃകയായി ഉദ്യോഗസ്ഥ, അധ്യാപിക തുടങ്ങിയ സിനിമകളിലൂടെ. കുടുംബം എന്ന സ്ഥാപനത്തിന് പുറത്തേക്ക് അവൾ പോകുമോ എന്ന ഭയം അത്തരം ആഖ്യാനങ്ങളിൽ നിഴലിച്ചിരുന്നു. പൊതുഇടങ്ങൾ അവൾ കയ്യേറാൻ തുടങ്ങിയപ്പോൾ അർഹതപ്പെട്ടത് ചോദിച്ചുവാങ്ങാൻ തുടങ്ങിയപ്പോൾ സിനിമയിൽ അവൾ അപഹസിക്കപ്പെട്ടു. ഇന്ന് സ്ത്രീകൾ തന്റേതായ ഇടങ്ങൾ കണ്ടെത്താനും നിർമ്മിക്കാനും തുടങ്ങിയതു കൊണ്ടാണോ പുതിയ സിനിമകളിലെ പൊതുഇടങ്ങളിൽ പോയിട്ട് സ്വകാര്യഇടങ്ങളിൽ പോലും അവൾ അസാന്നിധ്യമാവുന്നത്. (പൃഥ്വിരാജിന്റെ അടുത്തകാലത്തിറങ്ങിയ ഹിറ്റായ സിനിമകൾ കാണുക, നായിക തന്നെ ഇല്ലെന്നു പറയാം അഥവാ ഉണ്ടെങ്കിലോ കഥ തുടങ്ങുന്നതിനു മുമ്പേ അവളെ കൊന്നിട്ടുമുണ്ടാകും).

ആണുങ്ങൾ പുരുഷനാകുന്ന പൗരുഷത്തിന്റെ പ്രദർശനമാണ് മലയാളസിനിമയിലെ പൊതുഇട

ങ്ങളിൽ കാണുക. ആണത്തപ്രകടനങ്ങൾക്കും സംഘട്ടനങ്ങൾക്കും (ശാരീരികവും മാനസികവുമായ) 'ഡയലോഗ്' കൾക്കും വേദിയാവുന്നു പൊതുസ്ഥലങ്ങൾ. നായകന്റെ രൗദ്രഭാവമുള്ള സിനിമകളിലെല്ലാം പൊതുസ്ഥലങ്ങളിൽ വെച്ച് അതേ രൗദ്രഭാവത്തിലുള്ള നായികയുമായി ഏറ്റുമുട്ടലുകൾ ഉണ്ടാകുന്നു. എന്താണ് സ്ത്രീ എന്നും അവൾ എന്തായിരിക്കണം എന്നുമുള്ള അവന്റെ വാക്ചാതുരിയിലൂടെയാണ് അവൾ കാമിനിയാവുന്നത്.

പുരുഷന്റെ അപരമായി പൊതുസ്ഥലങ്ങളിൽ എത്തുന്ന സ്ത്രീ പലപ്പോഴും നായക കഥാപാത്രത്തിന് കൂടുതൽ ശോഭിക്കാൻ വേണ്ടിയാണ്. പത്രം എന്ന സിനിമയിൽ സ്വന്തമായി പത്രം നടത്തി പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നു വരുന്നവളാണ് ദേവു. നടുറോഡിൽ വെച്ചുള്ള പോലീസ് ഓഫീസറുടെ മോശമായ പെരുമാറ്റത്തിന് അയാളെ അധിക്ഷേപിച്ചും കളിയാക്കിയും വിടുന്നുണ്ട്. സുരേഷ്ഗോപിയുടെ സ്റ്റൈലിൽ 'ഫ പുല്ലേ' എന്നുവിളിച്ചാണ് വെകിളി കൊണ്ട പോലീസുകാരനെ ചീത്തവിളിച്ചത്. അത്രക്ക് വീരശൂരയായ നായിക നായകനെ ആദ്യം കാണുന്നത് എസ്.പി ഓഫീസിനു മുന്നിൽ വെച്ചാണ്. അവൾ അനിയനെ പോലെ സ്നേഹിക്കുന്ന ഇബിനു എന്ന പയ്യനെ പോലീസുകാർ തല്ലിയ കേസിൽ പരാതികൊടുക്കാൻ പോകുമ്പോൾ അതേ കേസ് അനുരഞ്ജനത്തിൽ തീർത്തതിന് നായകനോട് കയർക്കുന്നു.

ഇവിടെ ഈ വീരമണിയായ നായികയുടെ വീരത്തിനൊപ്പം ഉണ്ടായിരിക്കേണ്ട വിവേകത്തെക്കുറിച്ച് തുടങ്ങിയാണ് നായകന്റെ പ്രകടനം. പുരുഷനോട് വിദ്വേഷമുള്ള അവളുടെ പെരുമാറ്റം പുരുഷനെ അടുത്തറിയാത്തതുകൊണ്ടാണെന്നും അറിഞ്ഞാൽ വിദ്വേഷം മാറുമെന്നും, ഇനി മാറിയില്ലെങ്കിൽ നമുക്കു ശരിയാക്കാം എന്നും പറയുന്നിടത്താണ് സുരേഷ്

## സ്ത്രീയുടെ പൊതുമണ്ഡലത്തിന്റെ നിഷേധമാവുന്നു മലയാളസിനിമ പലപ്പോഴും. ഇത് തീർത്തും ഗ്രാമീണമായ ചില പഴമൊഴികളെ കൂട്ടുപിടിച്ചോ സ്ത്രീകൾക്ക് നേരെ നടക്കുന്ന കടന്നാക്രമണങ്ങളെ പെരുപ്പിച്ച് കാണിച്ചോ ആണ്

ഗോപിയുടെ ഇൻട്രൊഡക്ഷൻ സീൻ ആരംഭിക്കുന്നത്. അടുത്ത ഷോട്ടിൽ ഇബിനു ദേവുവിനോട് ഇങ്ങനെ പറയുന്നു. "എന്തായാലും ചേച്ചിക്കയാളെ ഇഷ്ടമായെന്നു തോന്നുന്നു."

മൈ ബോസ് എന്ന സിനിമയിൽ നിപുണയും കർക്കശക്കാരിയുമായ ബോസ് ആയി എത്തുന്നത് നായികയാണ്. നായികയായ ബോസിന്റെ കർക്കശസ്വഭാവത്തെ നേരെയാക്കുന്നത് നായകൻ ചതിയിലൂടെ അയാളുടെ വീട്ടിലേക്ക് കൊണ്ടുവന്നിട്ടാണ്. പുരുഷന്റെ കർക്കശസ്വഭാവം സമൂഹത്തിന് ആവശ്യമെങ്കിൽ സ്ത്രീയുടെ കർക്കശം വീട്ടിൽ വെച്ച് മൂക്കുകയറിടേണ്ടതാണ്.

സൂപ്പർമാൻ എന്ന സിനിമയിൽ ശോഭന പോലീസ് വേഷത്തിൽ വരുന്നത് കള്ളനായി വരുന്ന ജയറാമിന്റെ കഥാപാത്രത്തിന് പ്രാധാന്യം ലഭിക്കാൻ വേണ്ടിയാണ്. ശോഭനക്കുപകരം ഒരു പുരുഷനായിരുന്നു പോലീസ് വേഷത്തിൽ എങ്കിൽ ഇത് ട്വന്റി ട്വന്റി എന്ന സിനിമ പോലെ ആകുമായിരുന്നു. പ്രജ എന്ന മറ്റൊരു സിനിമയിൽ ട്രാഫിക്കിൽ വെച്ച് നായകനെ അറസ്റ്റ് ചെയ്യാൻ വരുന്ന നായികയായ പോലീസ് ഓഫീസർക്കു നേരെ തന്റെ ശൂരപരാക്രമങ്ങളെക്കുറിച്ചും സ്റ്റേറ്റിനോടുള്ള അയാളുടെ വിമർശനങ്ങളെക്കുറിച്ചും കവലപ്രസംഗം നടത്തുന്നു. ദേഷ്യപ്പെട്ടു കൈ ഉയർത്തുന്ന നായികയെ ചുരുട്ടിപ്പിടിച്ച് അവൾ പാൻസിന്റെ സിബ് ഇട്ടിട്ടില്ലെന്ന് അയാൾ പറയുന്നു. തുടർന്ന് അതിവൈകാരികമായി 'get lost' എന്ന് പറഞ്ഞ് അയാളെ അറസ്റ്റ് ചെയ്യാതെ പോകുകയാണ്. പൊതുനിരത്തുകളിൽ പൗരുഷം തെളിയിക്കുന്നത് സ്ത്രീലൈംഗികതക്കു നേരെ തൊടുക്കുന്ന ഇത്തരം അസ്ത്രങ്ങളിലൂടെയാണ്.

അടുത്ത കാലത്തിറങ്ങിയ ട്രിവാൻഡ്രം ലോഡ്ജ് എന്ന സിനിമയിൽ കൊച്ചിയിലുള്ള ട്രിവാൻഡ്രം ലോഡ്ജിലേക്ക് നോവൽ രചനക്കായി എത്തുകയാണ് നായിക. പുരുഷന്മാരുടെ മാത്രം സ്ഥലങ്ങളാണ് ഇത്തരം ലോഡ്ജുകൾ. സ്ത്രീകൾക്ക് പ്രവേശമില്ലാത്ത സിനിമയിലെ ഇടങ്ങളിലൊന്ന്. ചീത്തസ്ത്രീ(വേശ്യ)കളാണ് അവിടേക്ക് ക്ഷണിക്കപ്പെടുന്നവർ. ഈ പശ്ചാത്തലത്തിലേക്കാണ് നായിക പ്രവേശിക്കുന്നത്. ലോഡ്ജിനെ പറ്റിയുള്ള പുരുഷചിന്തകളാണ് അവിടെ അവളെ വട്ടമിട്ട് പറക്കുന്നത്. വശ്യസുന്ദരിയായാണ് സിനിമയിൽ അവളെ അവതരിപ്പിക്കുന്നത്. ക്യാമറാ ആംഗിളുകളിലൂടേയും സോഫ്റ്റ് ലൈറ്റിലൂടേയും ക്ലോസ്അപ്പുകളിലൂടേയും ശരീരമാണ് കാഴ്ചവസ്തുവാകുന്നത്. പൊതുമണ്ഡലത്തിലേക്ക് പ്രവേശിക്കുന്ന സ്ത്രീയുടെ ശരീരത്തിനു പുറത്തേക്ക് ആ പ്രതിനിധാനവും വളരുന്നില്ല.

സ്ത്രീയുടെ പൊതുമണ്ഡലത്തിന്റെ നിഷേധമാവുന്നു മലയാളസിനിമ പലപ്പോഴും. ഇത് തീർത്തും ഗ്രാമീണമായ ചില പഴമൊഴികളെ കൂട്ടുപിടിച്ചോ സ്ത്രീകൾക്ക് നേരെ നടക്കുന്ന കടന്നാക്രമണങ്ങളെ പെരുപ്പിച്ച് കാണിച്ചോ ആണ്. 'സാമൂഹികാരോഗ്യ' പ്രശ്നമായി ഇതിനെ കാണാൻ സിനിമക്ക് സാധിക്കാറില്ല.

പകരം എസ്കോർട്ടുകളോടെ പൊതുസ്ഥലങ്ങളിലേക്കിറങ്ങുക, ആണുങ്ങളെ പ്രകോപിപ്പിക്കാതിരിക്കുക തുടങ്ങി ചില വഴികൾ കൂടി സിനിമ മുന്നോട്ട് വെയ്ക്കാറുണ്ട്.

സ്ത്രീകൾക്കു മാത്രമായ പൊതു ഇടങ്ങളോ കൂട്ടായ്മകളോ സിനിമയിൽ വിരളമാണ്. സ്ത്രീകൂട്ടായ്മകളെ അഭിസംബോധന ചെയ്യുന്ന സിനിമകളാകട്ടെ അയൽകൂട്ടം, കുടുംബശ്രീ എന്നിവയിൽ ഒതുക്കുന്നു സ്ത്രീകൂട്ടായ്മകളുടെ വിജയത്തെ. ചിന്താവിഷ്ടയായ ശ്യാമളയിൽ ഈ കൂട്ടായ്മക്ക് വേദിയൊരുക്കുന്നത് വീട് എന്ന സ്വകാര്യ ഇടമാണ്. ഹൗ ഓൾഡ് ആർ യു എന്ന സിനിമയിൽ കുറേ വീടുകളുടെ ടെറസ്സ് ആണ് സ്ത്രീകളെ വിജയത്തിലേക്ക് കൈപിടിച്ചുയർത്തിയത്. സകുടുംബം ശ്യാമളയിലെ പോലെ രാഷ്ട്രീയത്തിൽ എത്തുന്ന സ്ത്രീകൾ ബുദ്ധിശൂന്യയോ, പ്രതികാരദാഹികളോ, കർത്തവ്യബോധമില്ലാത്തവളോ, ധാർമ്മികതയില്ലാത്തവളോ ആയിരിക്കും. വാസ്തവം എന്ന സിനിമയിൽ നീതിമാനായ മന്ത്രിയും ധാർമ്മിക അധികാരത്തിലും പദവിയിലും അപ്പുറം വളരാത്ത ഭാര്യയും. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ. അഥവാ അവൾ എല്ലാ ഗുണങ്ങളും ഉള്ളവളാണെങ്കിൽ പരിരക്ഷിക്കാൻ ഒരു പുരുഷനും ഒപ്പം ഉണ്ടാകും. (സമൂഹം)

നഗരത്തിലെ കോർപ്പറേഷൻ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ത്രീകളുടെ സിനിമയാണ് പെൺപട്ടണം. അവിടെ അവൾ അഴുക്കുകൾ വൃത്തിയാക്കുന്നവളാണ്. വീട് എന്ന ഇടത്തിൽ നിന്ന് സമഗ്രമായ വ്യാപനം പോലെ. മാലിന്യം ശേഖരിക്കുന്ന സ്ത്രീകളുടെ ജോലിഇടമല്ല സിനിമക്ക് പഥ്യം. ജോലിയിടം ഒരു കഥക്കുള്ള ഭൂപ്രകൃതി മാത്രമാണ്, കുടുംബമാണ് ഇവിടെയും സിനിമക്ക് പ്രിയമാവുന്നത്.

കുടുംബം എന്ന സ്ഥാപനത്തിലെ നൂലാമാലകളിൽ സ്ത്രീയെ കോർത്തിട്ടാണ് മലയാളസിനിമയുടെ ശ്രമങ്ങളൊക്കെയും. അതിനാലാണ് മലയാളസിനിമയിലെ സ്ത്രീകൾക്ക് കുടുംബം എന്ന വ്യവസ്ഥാപിത മൂല്യത്തിന് പുറത്ത് പൊതുമണ്ഡലത്തെക്കുറിച്ച് ആകുലപ്പെടാൻ കഴിയാതെ പോയത്.

●

**കവിത** **ജിനി.കെ**

# പിന്മാറ്റം

**ഋതുഭേദങ്ങളുടെ**
ഇമകളിൽ
തണുപ്പും ചൂടും
ചിത്രമെഴുതിയത്
ഒരു സമസ്യ.
മഴവെയിലുകളിൽ
തുരുമ്പെടുത്തത്
ഈ പ്രഹേളികയിലെ
ഒരു യാത്ര
ഇറങ്ങുന്നതിനു മുൻപ്
പിന്നിടാനുള്ള
വഴികൾ താണ്ടി
മടങ്ങി വന്ന
കണ്ണുകളിൽ
മഹാപ്രപഞ്ചം.
വേറൊരു
പറിച്ചുനടലിനാവാതെ
ഇനിവേണ്ടെന്നു
പിന്മാറ്റം
വെറും കൈയോടെ



# നഗരത്തിന്റെ അവകാശികൾ



അന്ന.എം

**ജാതി,** മത, വർഗ, ലിംഗ വ്യത്യാസങ്ങൾ കണക്കിലെടുക്കാതെ, ആരുടേയും ഉടമസ്ഥതയിലല്ലാത്ത, ഏവർക്കും പ്രവേശന സ്വാതന്ത്ര്യമുള്ള ഇടങ്ങളെയാണ്



സാധാരണയായി പൊതുഇടങ്ങൾ അല്ലെങ്കിൽ പൊതുമണ്ഡലം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ നമ്മുടെ പൊതുവിടങ്ങൾ പലപ്പോഴും ജാതിമതവർഗലിംഗ മതിലുകളാൽ തരംതിരിക്കപ്പെട്ടവയാണ്. ഇന്ന് പൊതു ഇടങ്ങൾ പ്രദാനം ചെയ്യുന്നതിൽ നഗരങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ഗ്രാമവ്യവസ്ഥയിൽ നിന്ന് നഗരജീവിതത്തിലേക്ക് എത്തുമ്പോൾ പൊതുയിടത്തിലെ ജാതിമത വർഗ വേർതിരിവുകളെ ഒരു പരിധിവരെ കണ്ടില്ല എന്നു നടിക്കുന്നുണ്ടെങ്കിലും, സ്ത്രീയുടേയും പുരുഷന്റേയും നഗരാനുഭവങ്ങൾ തികച്ചും വ്യത്യസ്തമാണ്. നഗരം ഉപയോഗിക്കാനുള്ള അവകാശം എന്ന ആശയം ആദ്യമായി മുന്നോട്ട് വച്ചത് 1968 ൽ Henri Lefebvre എന്ന ഫ്രെഞ്ച് തത്വചിന്തകനാണ്. നഗരത്തിന്മേലുള്ള അവകാശം പരിഷ്കൃതമായ സാധനസമ്പത്തുകൾ ഉപയോഗിക്കാനുള്ള അവസരത്തിലുപരി നാഗരിക സാംസ്കാരിക ചിന്താഗതിക്ക് അനുസരിച്ച് രൂപാന്തരപ്പെടാനുള്ള അവകാശം കൂടിയാണ് എന്ന് അതിനു ശേഷം നഗരത്തിൻ മേലുള്ള അവകാശത്തേക്കുറിച്ച് വിശദീകരിച്ച David Harvey അഭിപ്രായപ്പെട്ടു. തന്റെ നഗരത്തിൽ സ്ഥലസമയ പരിധിയില്ലാതെ നടക്കാനുള്ള അവകാശം ഏറെക്കുറേ എല്ലാ പുരുഷകേസരികൾക്കും കൈവരിക്കാൻ ആയിട്ടുണ്ട്. എന്നാൽ ഇന്ന് ഉച്ചക്ക് ഒരു മണിക്കൂർ ഒരു കാര്യവുമില്ലാതെ ഗാന്ധി പാർക്കിൽ പോയി കുത്തിയിരിക്കണം എന്ന് ഞാൻ തീരുമാനിക്കുമ്പോൾ തന്നെ ഉണ്ടാകും ഒരു പത്ത് ചോദ്യങ്ങൾ. സ്ത്രീകൾ വെറുതെ



കുത്തിയിരിക്കുന്നതിൽ ആർക്കും വലിയ വിരോധമൊന്നുമില്ല, എന്നാൽ കുത്തിയിരിപ്പ് പൊതു സ്ഥലത്താകരുത്. ഇതൊക്കെ ആണെങ്കിലും ഒരു പണിയും ഇല്ലാത്ത അപ്പുറത്തെ വീട്ടിലെ ചേട്ടന്റെ സ്വാഭാവിക ശീലങ്ങളിൽ ഒന്നാണ് എന്നും ഗാന്ധിപാർക്കിൽ കുത്തിയിരിക്കൽ എന്നത് പ്രശ്നമല്ലതാനും. ഇത്തരത്തിൽ പൊതുയിടങ്ങളുടെ മേലുള്ള

മനുഷ്യന്റെ അവകാശം മിക്കപ്പോഴും സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു. അവൾക്കു പുറത്തിറങ്ങാൻ കാരണവും സമയവും സ്ഥലവും എല്ലാം കാ ലേക്കൂട്ടി തീരുമാനിച്ചവയായിരിക്കണം. ഒരു തരത്തിൽ നോക്കിയാൽ, നമ്മുടെ നഗരത്തിലെ പൊതുയിടങ്ങൾ ആണിനും പെണ്ണിനും ആയി തിരിക്കപ്പെട്ടിരിക്കുന്നവയാണ്. ബ്യൂട്ടിപാർലറും ഷോപ്പിംഗ് സെൻററും ചന്തയും അല്പസ്വല്പം ഭക്ഷണശാലകളും സ്ത്രീകളുടെ സമയ



ബന്ധിതമായ സ്വാഭാവിക പൊതുയിടങ്ങളായി മാറുമ്പോൾ, നഗരം എന്ന പൊതുവിടം പുരുഷനുമേൽ യാതൊരു തരംതിരിവും കാണിക്കുന്നില്ല. അവനു തോന്നുമ്പോൾ തോന്നുന്ന വഴിക്ക് പോകാം, തോന്നുന്നിടത്ത് കുത്തിയിരിക്കാം, പൊട്ടിച്ചിരിക്കാം, മൂത്രമൊഴിക്കാം. കൃത്യമായ കാരണമില്ലാതെ പുറത്തിറങ്ങാൻ കഴിയുന്ന എത്ര സ്ത്രീകൾ ഉണ്ട് നമുക്കിടയിൽ. പ്രത്യേകിച്ച് ഉദ്ദേശ്യം ഒന്നും ഇല്ലാതെ, താൻ താമസിക്കുന്ന നഗരത്തെ കാണാൻ അറിയാൻ മനസ്സിലാക്കാൻ നമ്മളിൽ എത്ര സ്ത്രീകൾക്ക് കഴിയാറുണ്ട്? ജോലിയോ പഠനമോ കഴിഞ്ഞ് മടങ്ങുമ്പോൾ കാരണമില്ലാതെ നഗരപ്രദക്ഷിണം നടത്താൻ നമുക്ക് സാധിക്കാറുണ്ടോ? പൊതുസ്ഥലത്തെ സ്ത്രീ, അവൾ ഒരിടത്ത് നിന്ന് വന്ന് മറ്റൊരിടത്തേക്ക് പോകാൻ തിടുക്കം കൂട്ടുന്നവൾ ആയിരിക്കും. അവൾ യാത്രയിലോ ജോലിയിലോ സാധനം വാങ്ങുന്ന തിരക്കിലോ ആയിരിക്കും. വെറുതെ നഗരം കാണാനോ ആളുകളെ കാണാനോ ആയി നമ്മൾ ഇറങ്ങി നടക്കാറുണ്ടോ? രാത്രി ഏഴുമണിക്ക് ശേഷം നമ്മുടെ നഗരങ്ങളിലെ സ്ത്രീകളുടെ എണ്ണം ഗണ്യമായി കുറയുന്നു. ജോലി-പഠനസമയത്തിനു ശേഷം പുറത്തിറങ്ങുന്നത് ഒരു ആവശ്യമായി തോന്നുന്നവർ തന്നെ കുറവായിരിക്കാം. വികസനത്തിന്റെ മുഖമുദ്രകളായ നഗരങ്ങളിലും പൊതുയിടങ്ങൾ പുരുഷകേന്ദ്രീകൃതമായി തന്നെ നിലനില്ക്കുന്നു. പുരുഷാധിപത്യ വ്യവസ്ഥിതി ഈ അവസ്ഥയെ സാധാരണവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. മിക്കപ്പോഴും സുരക്ഷയുടെ പേരിലാണ് സ്ത്രീകളെ പൊതുയിടങ്ങളിൽ നിന്നും മാറ്റിനിർത്തുന്നത്. നഗരത്തിന്റെ പലപ്രദേശങ്ങളും സ്ത്രീകൾക്ക് സുരക്ഷിതമല്ല, പ്രത്യേകിച്ചും രാത്രികാലങ്ങളിൽ എന്നത് നമ്മളൊക്കെ സ്ഥിരം കേൾക്കുന്ന പല്ലവിയാണ്. സുരക്ഷിതമല്ലാത്ത ഇടങ്ങൾ സുരക്ഷിതമാക്കാൻ ശ്രമിക്കുന്നതിലുപരി സ്ത്രീകൾ അവിടം ഒഴിവാക്കി സഞ്ചരിക്കണം എന്നതാണ് പൊതു ഭാഷ്യം. ഇത്തരത്തിൽ സുരക്ഷയുടെയും അക്രമത്തിന്റെയും പേരിൽ നഗരത്തിന് മേലുള്ള സ്ത്രീകളുടെ അവകാശം നിഷേധിക്കുന്നു.

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സഖി വിമൻസ് റിസോഴ്സ് സെൻറർ നടത്തിയ 'സേഫ്റ്റിപിൻ' എന്ന പഠനം തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ സ്ത്രീകളുടെ സുരക്ഷിതത്വത്തെ കുറിച്ചായി രുന്നു. നഗരത്തിലെ മുപ്പത് സ്ഥലങ്ങളെ ആസ്പദമാക്കി നടത്തിയ പഠനത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സെക്യൂരിറ്റി ജീ വനക്കാരുടെ ലഭ്യത, പൊതു സ്ഥലങ്ങളിലെ സ്ത്രീപുരുഷ അനുപാതം തുടങ്ങിയവ പ്രധാന ഘടകങ്ങളായിരുന്നു. സേഫ്റ്റിപിൻ എന്ന മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടുകൂടി നടത്തിയ പഠനത്തിൽ, തിരുവനന്തപുരം നഗരത്തിലെ പൊതു ഇടങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം അസാധാരണമാം വിധം കുറവാണെന്ന് കണ്ടെത്തി. ദിവസത്തിന്റെ വിവിധ സമയങ്ങളിലായി നടത്തിയ പഠനത്തിൽ പ്രത്യേകിച്ചും വൈകുന്നേരം ആറ് മണിക്ക് ശേഷം പൊതുസ്ഥലങ്ങളിലെ സ്ത്രീകളുടെ എണ്ണം വലിയ

തോതിൽ കുറഞ്ഞ് വരുന്നതായി പറയുന്നു. തിരവനന്തപുരം തലസ്ഥാന നഗരി ആയിട്ടുകൂടി ആവശ്യത്തിന് സെക്യൂരിറ്റി ജീവനക്കാർ ഇല്ല എന്നതും, നഗരത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഒഴിച്ച് മറ്റിടങ്ങളിൽ നടപ്പാതകളുടെ അവസ്ഥ ദൗർഭാഗ്യകരമാണെന്നും വഴിവിളക്കുകൾ പലയിടങ്ങളിലും പ്രവർത്തനരഹിതം ആണെന്നും പഠനം കണ്ടെത്തി.  രാത്രി എട്ട് മണിക്ക് ശേഷമുള്ള പൊതു ഗതാഗത സൗകര്യങ്ങളുടെ കുറവും അവയിലെ സുരക്ഷിതത്വമില്ലായ്മയും പഠനം ചൂണ്ടിക്കാട്ടി. നഗരത്തിന്റെ പലഭാഗത്തും സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വെളിച്ചമോ സെക്യൂരിറ്റിയോ ഇല്ലാത്ത ഒഴിഞ്ഞ നിലകൾ ഭീതി ഉളവാക്കുന്നു എന്നും പൊതുസ്ഥലങ്ങളിലെ പുരുഷന്മാരുടെ മൂത്രവിസർജനം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നും ഇതിൽ പറയുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കൊച്ചി നഗരം തിരുവനന്ത പുരത്തേക്കാൾ മോശമാണെങ്കിലും

പൊതുയിടങ്ങളിലെ സ്ത്രീകളുടെ എണ്ണം താരതമ്യേന കൊച്ചിയിൽ കൂടുതലാണ്. അനേകം ചെറിയ റോഡുകൾ തമ്മിൽ ബന്ധി ക്കപ്പെട്ട നഗരമായതിനാൽ അവിടെ ദർശനീയത (Visibiltiy)വളരെ കുറവാണ്. നടപ്പാതകൾ ഇല്ലാത്തതും സ്വകാര്യ ബസ്സ് ജീവനക്കാരിൽ നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങളുമാണ് കൊച്ചിയിലെ മറ്റ് പ്രധാന കണ്ടെത്തലുകൾ.

നഗരങ്ങൾ സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രവേശന സ്വതന്ത്ര്യമുള്ളതും അനുഭവിക്കാവുന്നതും ആകണമെങ്കിൽ സ്ത്രീ സൗഹൃദപരമായ നഗര വികസന പദ്ധതികൾ മുന്നോട്ട് കൊണ്ടുവരേണ്ടതുണ്ട്.



**അക്രമിക്കപ്പെടും എന്ന പേടികൂടാതെ സ്ത്രീക്ക് ഏതു സമയത്തും ഇറങ്ങി നടക്കാൻ കഴിയുന്ന തുറസ്സായ വെളിച്ചമുള്ള വീഥികളും സുരക്ഷിതമായ ഗതാഗത സൗകര്യങ്ങളും ഉള്ള സുരക്ഷിത നഗരം എന്ന ആശയം മുൻനിർത്തിക്കൊണ്ടാവണം വരാനിരിക്കുന്ന വികസന പദ്ധതികളെങ്കിലും രൂപം കൊള്ളേണ്ടത്**

സ്ത്രീപുരുഷ അനുപാതം കൂടുതലുള്ള നമ്മുടെ കൊച്ചു കേരളത്തിലെ നഗരവികസന പദ്ധതികളിൽ ഒരിടത്ത് പോലും സ്ത്രീസൗഹൃദനഗരം എന്നൊരു ആശയം കേറിക്കൂടിയിട്ടില്ല. റോഡുകളും മേൽപ്പാലങ്ങളും കെട്ടിട സമുച്ചയങ്ങളും മാത്രമല്ല നഗരവത്കരണത്തിന്റെ അടിസ്ഥാനം. അക്രമിക്കപ്പെടും എന്ന പേടികൂടാതെ സ്ത്രീക്ക് ഏതു സമയത്തും ഇറങ്ങി നടക്കാൻ കഴിയുന്ന തുറസ്സായ വെളിച്ചമുള്ള വീഥികളും സുരക്ഷിതമായ ഗതാഗത സൗകര്യങ്ങളും ഉള്ള സുരക്ഷിത നഗരം എന്ന ആശയം മുൻനിർത്തിക്കൊണ്ടാവണം വരാനിരിക്കുന്ന വികസന പദ്ധ തികളെങ്കിലും രൂപം കൊള്ളേണ്ടത്.

'സേഫ്റ്റിപിൻ' ഗൂഗിൾ ഭൂപടത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ ആണ്. വിവിധ പ്രദേശങ്ങളിലെ സുരക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കുന്നു. ഇതോടൊപ്പം ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രദേശത്തെ കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്താനും സാധിക്കുന്നു. ഒരു പ്രദേശത്തെ പ്രധാന പൊതുയിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ പുരുഷ അനുപാതം, ഗതാഗത സൗകര്യങ്ങൾ, സ്ഥലത്തെക്കുറിച്ചുള്ള പൊതു ധാരണ, അതിക്രമങ്ങളെ കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ മനസിലാക്കാനും രേഖപ്പെടുത്താനും ഈ ആപ്ലിക്കേഷൻവഴി സാധിക്കുന്നു. ഓരോ നഗരത്തിലേയും പ്രധാന ഹെൽപ്പ് ലൈൻ നമ്പറുകളും ഇതിലൂടെ ലഭ്യമാണ്. ഉപഭോക്താക്കൾക്കും നഗര സംരക്ഷണ  വികസന അധികാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒന്നാണ് സേഫ്റ്റിപിൻ മൊബൈൽ ആപ്ലിക്കേഷൻ. ഗൂഗിൾ പ്ലേ സ്റ്റോർ വഴി ഇത് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്ന താണ്.



ഷഹാന വി.പി

# ക്യാമ്പസ് : പൊതുഇടങ്ങളിലെ ആൺയുക്തിയും പ്രതിരോധ സമരങ്ങളും

**കേരളത്തിൽ** ജനാധിപത്യപരമായ ഒരു പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിൽ സുപ്രധാനപങ്കുവഹിച്ച ഘടകം ആധുനികവിദ്യാഭ്യാസമായിരുന്നു. തികച്ചും ആധുനികമായ ആശയങ്ങളോട് കൂറ് പുലർത്തിയിരുന്നവരും ആധുനികവിദ്യാഭ്യാസം സിദ്ധിച്ചവരുമായ ഒരു വരേണ്യ വർഗ്ഗമായിരുന്നു സംവാദാത്മകമായ ഈ പൊതുമണ്ഡലത്തിന്റെ ആദ്യഘട്ടത്തിൽ പങ്കാളികളായത്. ഈ പൊതുമണ്ഡലം നടപ്പിൽ വരുത്തിയ പരിഷ്കരണപരവും ജനാധിപത്യപരവുമായ സാധ്യതകളെക്കൂടി പിൻപറ്റിയാണ് കേരളത്തിൽ ആധുനികവിദ്യാഭ്യാസവും വികസിച്ചു വന്നത്. പൊതുമണ്ഡലത്തിന്റെ നിലനിൽപ്പും ആധുനികവിദ്യാഭ്യാസവും തമ്മിലുള്ള പാരസ്പര്യം സൂക്ഷ്മമായി പഠിക്കപ്പെടേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളീയ പൊതുമണ്ഡലം പ്രശ്നവത്കരിക്കുമ്പോൾ, ആധുനികവിദ്യാഭ്യാസത്തിന്റെ മൗലികസ്വഭാവത്തേയും ഉന്നതവിദ്യാഭ്യാസത്തിന്റെ ഇടമെന്ന നിലയിൽ, കാമ്പസുകൾ നിലനിർത്തേണ്ട പൊതു ഇടത്തിന്റെ സ്വഭാവത്തേയും കുറിച്ച് പഠിക്കേണ്ടതുണ്ട്.



കേരളത്തിൽ വികസിച്ചുവന്ന പൊതുമണ്ഡലം സംവാദാത്മക സാധ്യതകൾക്ക് മുൻതൂക്കം നൽകുന്നതാണെങ്കിലും പൊതുവെ ആധിപത്യപരമായിരുന്നു. കേരളീയ പൊതുമണ്ഡലത്തിന്റെ യുക്തി ആൺകോയ്മയുടേതാണെന്ന വാദം പ്രബലമാണ്. ഈ കോയ്മയുടെ പാഠശാലകളായി പൊതു ഇടങ്ങളും അവയുടെ പ്രഖ്യാപിത-അപ്രഖ്യാപിത നിയമങ്ങളും നടപ്പാക്കപ്പെടുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ വിമോചനപരതയെപ്പോലും അടച്ചുകളഞ്ഞ് അധീശരാഷ്ട്രീയത്തിന്റെ ഉപകരണമാക്കപ്പെടുന്ന ക്യാമ്പസ് ഇടത്തെ പ്പറ്റിയും അവയ്ക്കെതിരെ ഉയരുന്ന ചെറുത്തുനിൽപ്പിന്റെ സാധ്യതകളേയും സ്ത്രീപക്ഷ സമീപനത്തിൽ വിലയിരുത്താനാണ് ഈ കുറിപ്പ് ശ്രമിക്കുന്നത്. ഇത്തരം ചെറുത്തുനിൽപുകളെക്കൂടി സാധ്യമാക്കുന്നതിലൂടെയാണ് പൊതുമണ്ഡലം വിപ്ലവാത്മകമാകുന്നത്.

ഇന്നുവരെ കേരളം വിദ്യാഭ്യാസരംഗത്ത് ആർജ്ജിച്ച നേട്ടങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ് വിശേഷിച്ചും സ്ത്രീകളുടെ വിദ്യാഭ്യാസമേഖലകളിൽ. എങ്കിൽ പോലും സ്ത്രീകളുടെ ഈ നേട്ടങ്ങളൊന്നും തന്നെ തൊഴിൽരംഗത്തോ സാംസ്കാരികരംഗത്തോ വികസിപ്പിക്കാൻ കേരളത്തിന് സാധിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്തോ പൊതുഇടങ്ങളിലെ പങ്കാളിത്തത്തിലോ

സ്ത്രീകളുടെ എണ്ണം താരതമ്യേന കൂടുതലാണ് എന്നത് വിഭവങ്ങളുടെ ജനാധിപത്യപരമായ പങ്കുവെക്കലിന്റെ സൂചകമായിട്ടോ അല്ല മറിച്ച് തികച്ചും ആധിപത്യപരമായ ഒരു പൊതുയിടത്തിനകത്തുവെച്ച് സ്ത്രീകൾ പൊതുയുക്തിക്കനുസൃതമായി മെരുക്കപ്പെടുന്നു എന്നതിനേയാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ പക്ഷപാതപരമായ വ്യവസ്ഥകളെ പുനരുത്പാദിപ്പിക്കുന്നതിലും ചെറുക്കുന്നതിലും ഉന്നതവിദ്യാഭ്യാസത്തിന്റെ ഭൗതിക ഇടങ്ങളായ ക്യാമ്പസുകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത് എന്ന പഠനം അനിവാര്യമാണ്.

ഉന്നതവിദ്യാഭ്യാസം ആർജ്ജിച്ച സ്ത്രീകളിൽ വലിയൊരു ശതമാനവും ഗാർഹികവത്കരണത്തിനിരയാവുകയും വീടുകളിൽ ഒറ്റപ്പെടുകയുമാണ് എന്ന വാദം വസ്തുതാപരമാണ്. ഗാർഹികവത്കരണത്തിന്റെ യുക്തി പൊതുസമ്മതി നേടിയെടുക്കുന്നത് ഏറെ വിപുലവും സജീവവുമായ ഒരു പൊതു ഇടത്തിന്റെ തന്നെ സാധ്യതകളെ ഉപയോഗിച്ചുകൊണ്ടു കൂടിയാണ്. ഈ വസ്തുത മുൻനിർത്തിയാണ് വിദ്യാഭ്യാസ ഇടങ്ങൾ സ്വാംശീകരിക്കുന്ന ബോധത്തെപ്പറ്റിക്കൂടി പഠിക്കപ്പെടേണ്ടത്. ആധുനികവിദ്യാഭ്യാസത്തിന്റെ വിമോചനാംശങ്ങളെ മുഴുവൻ ചോർത്തിക്കളഞ്ഞ്, ചൂഷണാത്മകവും ആൺകോയ്മാപരവുമായ പൊതുമണ്ഡലത്തിലേക്കുള്ള ചിട്ടപ്പെടുത്തലുകളുടെ പഠനവേദിയായി മാറുകയാണ് കേരളത്തിലെ ക്യാമ്പസുകൾ മിക്കപ്പോഴും. ഇവയെ തിരിച്ചറിയാനും പരിഹരിക്കാനുമുള്ള ആർജ്ജവം നേടിയെടുക്കുമ്പോഴാണ് ക്യാമ്പസുകൾ അധികാരിവർഗ്ഗത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ പ്രബലവേദിയാകുന്നത്.

**ക്യാമ്പസ് : പൊതുഇടത്തിന്റെ പരിചരണവും പുനരുത്പാദനവും**

പൊതുവെ വിമോചനപരമെന്ന് തോന്നാമെങ്കിലും കേരളത്തിലെ ക്യാമ്പസുകൾ മിക്കതും പ്രവർത്തിക്കുന്നത് ആൺകോയ്മയുടെ പാഠശാലകളായിത്തന്നെയാണ്. സംവാദാത്മകവും അന്വേഷണാത്മകവുമായ ഒരു പൊതുഇടത്തെയാണ് പുരോഗമനസ്വഭാവമുള്ള ക്യാമ്പസുകൾ മുന്നോട്ട് വെക്കേണ്ടത്. ഇവ സാധ്യമാകുന്നത് നിരന്തരമായ അക്കാദമിക അന്വേഷണങ്ങൾ കൊണ്ടോ വ്യവസ്ഥാപിത പഠനം കൊണ്ടോ മാത്രമല്ല; വിദ്യാർത്ഥികളുടെ സ്വതന്ത്രസഞ്ചാരത്തിനും സർഗ്ഗാത്മകസൗഹൃദങ്ങൾക്കും ലഭിക്കുന്ന അനുകൂലസാഹചര്യത്തിലും കൂടിയാണ്. രാഷ്ട്രീയ



പ്രബുദ്ധതയും സാമൂഹികപ്രതിബദ്ധതയുമുള്ള ഒരു വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കുന്നതിൽ ക്ലാസ്സ്മുറികൾക്കുള്ളതിനേക്കാൾ പ്രാധാന്യം പുറത്തുണ്ട്. അക്കാദമിക അന്വേഷണങ്ങൾക്ക് വിപ്ലവകരമായ മാനം കൈവരുന്നത് ക്ലാസ്സ്മുറികൾക്ക് പുറത്തുള്ള ക്യാമ്പസ് ഇടങ്ങളിലാണ്. അതുകൊണ്ടാണ് ലോകശ്രദ്ധയാകർഷിക്കുന്ന വിദ്യാർത്ഥിസമരങ്ങൾ ഉയരുന്ന ക്യാമ്പസുകളിൽ അക്കാദമികസ്വാതന്ത്ര്യത്തിന്റെ വലിയ തുറവികൾ നിലനിൽക്കുന്നത്.

കേരളത്തിന്റെ ക്യാമ്പസുകളിൽ പെൺകുട്ടികളുടെ എണ്ണം കൂടുതലാണെങ്കിലും പൊതുഇടത്തിന്റെ യുക്തി പുരുഷാധിപത്യപരമാണ്. അതിനനുകൂലമായ സാഹചര്യങ്ങളെ സൃഷ്ടിച്ചുകൊണ്ടാണ് ആണധീശത്വം സാധൂകരണം നടത്തുന്നത്. ആണത്തത്തിന്റെ സംരക്ഷകരുടെ പദവി ക്യാമ്പസുകളിൽ പുനരുദ്പാദിപ്പിക്കപ്പെടുന്നു. ക്ലാസ്സ്മുറിക്കകത്തെ ആൺ/പെൺ വേർതിരിവ്, അവയുടെ സമയക്രമം, പകൽ സമയങ്ങളിൽ മാത്രം ലൈബ്രറികൾ, കർശനമായ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ഹോസ്റ്റലുകൾ എന്നിവ ആൺകോയ്മയുടെ അച്ചടക്കപരിശീലനകേന്ദ്രങ്ങളായി മാറുന്നു. ഇവയെല്ലാം കടിഞ്ഞാണിടുന്നത് സ്ത്രീയുടെ സ്വതന്ത്രമായ അക്കാദമിക അന്വേഷണങ്ങൾക്കുള്ള സാധ്യതയെയും ലിംഗനീതിയെക്കുറിച്ച് ഉയർന്നുവരേണ്ട പ്രതിരോധബോധത്തേയുമാണ്. സ്ത്രീസംരക്ഷണം എന്ന പുരുഷാധിപത്യ ബോധത്തെ മുൻനിർത്തി ഈ അക്കാദമിക സ്ഥാപനങ്ങൾ തികച്ചും സ്ത്രീവിരുദ്ധമായ ബോധത്തെയാണ് ഉൽപ്പാദിപ്പിക്കുന്നത്. വനിതകൾ മാത്രം പഠിക്കുന്ന കോളേജുകളിലെ പൊതു ഇടങ്ങൾ പോലും ആൺപക്ഷപാതിത്വത്തിനനുസൃതമായി മാത്രം നിയന്ത്രിക്കപ്പെടുകയോ നിർമ്മിക്കപ്പെടുകയോ ചെയ്യുന്നു. ഇവയിൽ എടുത്തുപറയേണ്ട സ്ഥാപനം വനിതാ ഹോസ്റ്റലുകളാണ്.

അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാതെയാണ് കേരളത്തിലെ ഒട്ടുമിക്ക വനിതാഹോസ്റ്റലുകളും പ്രവർത്തിക്കുന്നത്. എന്നാൽ അവയൊന്നും പരിഹരിക്കാതെ, സുരക്ഷയുടെ പേരിൽ പെൺകുട്ടികളെ അടച്ചുപൂട്ടുക മാത്രമാണ് വനിതാഹോസ്റ്റലുകളുടെ പ്രാഥമിക “ധർമ്മം”. അടി

സ്ഥാന സൗകര്യങ്ങളൊരുക്കുന്ന തിനോ, ലിംഗനീതിയെ മുൻനിർത്തിയ സുരക്ഷ ഒരുക്കുന്ന തിനോ കോളേജ് അധികാരികൾ തയ്യാറാകുന്നില്ല. ലൈബ്രറി, ലാബ്, ക്യാമ്പസ് എന്നിവയുടെ 'അസമയത്തെ' ഉപയോഗത്തിൽ നിന്ന് പെൺകുട്ടികളെ ഒഴിച്ചു നിർത്തിക്കൊണ്ടാണ് ഹോസ്റ്റലു കൾ ആൺയുക്തിക്ക് സാധൂക രണം നൽകുന്നത്. ഇത്തരം ആധിപത്യയുക്തിയെക്കുറിച്ച് ബോധവതികളായ പെൺകുട്ടി കൾ പോലും, ഹോസ്റ്റലിന്റെ പ്രഖ്യാപിത-അപ്രഖ്യാപിത നിയമ ങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാ ണ്. ഇവയെ നടപ്പിലാക്കിക്കൊ ണ്ടാണ് ആൺകോയ്മ അതിന്റെ അച്ചടക്കബോധമുള്ള ഇരകളെ സൃഷ്ടിക്കുന്നത്. ഇവയെല്ലാം പ്രാവർത്തികമാകുന്നതാകട്ടെ, സ്ത്രീസുരക്ഷ എന്ന ബോധത്തെ മുൻനിർത്തിക്കൊണ്ടുമാണ്. അതു കൊണ്ട് തന്നെ ഹോസ്റ്റലുകൾ മുന്നോട്ട് വെക്കുന്ന സുരക്ഷയുടെ സ്വഭാവം വിശകലനം ചെയ്യേണ്ട തുണ്ട്.

കേരളത്തിലെ മിക്ക വനിതാഹോസ്റ്റലുകളുടേയും സമയം ലൈബ്രറി ക്രമത്തിനനു സൃതമായിട്ടോ, ക്യാമ്പസിന്റെ



പൊതുസ്വഭാവമനുസരിച്ചോ അല്ല ക്രമപ്പെടുത്തിയിട്ടുള്ളത്. മറിച്ച് കേരളത്തിന്റെ ലിംഗാധികാരബോ ധനിർമ്മിതിക്കനുസൃതമായ സമ യക്രമത്തിനനുസരിച്ചാണ്. രാത്രി 8 മണി വരെ ലൈബ്രറികളും ലാബുകളും പ്രവർത്തിക്കുന്നു ണ്ടെങ്കിലും വനിതാ ഹോസ്റ്റൽ സമയം പലപ്പോഴും 6 മണി എന്ന താണ്. അടിസ്ഥാന സൗകര്യങ്ങ ളുടെ മെച്ചപ്പെടുത്തലിനേക്കാൾ ഉപരിയായി ഈ സമയക്രമത്തെ പാലിക്കുന്നതിനുള്ള തയ്യാറെടുപ്പ് മാത്രമാണ് അധികാരികളുടെ സുരക്ഷാനടപടിക്രമങ്ങൾ. സുരക്ഷ എന്നത് "അച്ച ടക്ക"മാണെന്നതും സ്വാതന്ത്ര്യം എന്നത് അനാശാസ്യമാണെന്നു മുള്ള പ്രാകൃത ആൺകോയ്മ യുടെ സമീപനമാണ് അധികാരി കൾ മുന്നോട്ട് വെക്കുന്നത്. ഈ വസ്തുത മുൻനിർത്തിയാണ് കാലിക്കറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥിനികൾ നടത്തിയ സമ രത്തിന്റെ രാഷ്ട്രീയത്തെ വിലയി രുത്തേണ്ടത്.

കഴിഞ്ഞ 4 വർഷക്കാലമായി തികച്ചും സ്ത്രീവിരുദ്ധവും അക്കാദമിക വിരുദ്ധവും പൊതു വിദ്യാഭ്യാസത്തെ കച്ചവടവത്കരി ക്കുന്നതുമായ നടപടികളാണ് കാലിക്കറ്റ് സർവ്വകലാശാല അധി കാരികൾ കൈക്കൊണ്ടിരിക്കുന്ന ത്. സർവ്വകലാശാല നടപ്പാക്കിയ ഗോൾഡൻ മദർ പുരസ്കാരം, സ്ത്രീകൾക്ക് വൈസ്ചാൻസ്ലറെ കാണാൻ അനുമതി നിഷേധിച്ച സംഭവം എന്നിവയെല്ലാം പൊതുസമൂഹ ത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാ ണ്. സർവ്വകലാശാല അധികാരി കൾ നടപ്പാക്കുന്നതും പൊതു ഇടത്തെയാകെ ഗ്രസിച്ചിരിക്കുന്ന തുമായ ലിംഗവിവേചനത്തേയും പൊതുവിദ്യാഭ്യാസത്തെ തകർത്തു കൊണ്ടിരിക്കുന്ന കച്ച വടയുക്തിയേയും എതിർത്തു കൊണ്ടാണ് സർവ്വകലാശാലയിൽ പെൺസമരങ്ങൾ രൂപപ്പെട്ടത്. ക്യാമ്പസ് പൊതുഇടങ്ങളിലെ നിഷ്കളങ്കമായ പങ്കാളിത്തത്തിൽ നിന്ന് വിഭിന്നമായി, ക്യാമ്പസിലെ പെൺകുട്ടികൾ ലിംഗസമത്വത്തി ലൂന്നിയ സാമൂഹ്യബോധത്തി ലേക്ക് വികസിക്കുന്ന രാഷ്ട്രീയ കർതൃത്വം ഏറ്റെടുത്തു എന്ന താണ് ആ സമരങ്ങളുടെ പ്രധാന പ്രത്യേകത.

അധികാരികൾ അടിച്ചേൽപ്പി ക്കുന്ന ആൺകോയ്മയുടെ സംര ക്ഷണമല്ല, ആത്മവിശ്വാസത്തില ധിഷ്ഠിതമായ പൊതുബോധ സുരക്ഷയാണ് തങ്ങൾക്കാവശ്യം എന്നായിരുന്നു ആ സമരത്തിലെ മുദ്രാവാക്യങ്ങളുടെ രാഷ്ട്രീയം. ക്യാമ്പസിന്റെ ജനാധിപത്യ വിഭവ വിതരണങ്ങൾ വിവേചനപരമാ ണെന്നും സ്ത്രീസുരക്ഷ എന്നത് അടിമത്തമല്ലെന്നും തിരിച്ചറിഞ്ഞ പെൺസമൂഹത്തിന്റെ ചെറുത്തു നിൽപാണ് കാലിക്കറ്റ് യൂണിവേ ഴ്സിറ്റിയിലെ ഹോസ്റ്റൽ സമര ങ്ങൾ.

ഹോസ്റ്റൽമുറിയിൽ കിടന്നുറ ങ്ങിയ പെൺകുട്ടിയെ പാമ്പുക ടിച്ച സംഭവത്തിൽ പ്രതിഷേധിച്ച്, ഹോസ്റ്റൽ സെക്യൂരിറ്റിക്കുവേണ്ടി അന്തേവാസികൾ ഉയർത്തിയ സമരമാണ് മൂന്ന് രാത്രികളും രണ്ട് പകലുകളും നീണ്ടുനിന്ന വലിയ പ്രക്ഷോഭമായത്. പൊതുസമൂഹ ത്തിന്റെ ശ്രദ്ധയാകർഷിച്ച ആ

സമരം മുഴുവൻ ജനാധിപത്യവാദികളുടേയും പിന്തുണയാർജ്ജിച്ച് ഒരു വലിയ പ്രക്ഷോഭമായി മാറുകയും ചെയ്തു. പാമ്പുകടിയേറ്റ പെൺകുട്ടി ചികിത്സയിലിരിക്കെ, 1500 ഓളം വരുന്ന ഹോസ്റ്റൽ അന്തേവാസികൾ മുഴുവനും ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നും വിദ്യാർത്ഥിനിയുടെ ചികിത്സാചെലവ് യൂനിവേഴ്സിറ്റി വഹിക്കണമെന്നും ആവശ്യപ്പെട്ട് വനിതാ ഹോസ്റ്റലിൽ നിന്ന് പ്രൊ.വൈസ്ചാൻസലരുടെ ബംഗ്ലാവിലേക്ക് മാർച്ചു ചെയ്തെത്തുകയും ബംഗ്ലാവിന്റെ കനത്തമതിൽ ചാടിക്കടന്ന് മുറ്റത്ത് കുത്തിയിരിപ്പ് സമരം നടത്തുകയും ചെയ്തു. അവസരോചിതമായ സർഗ്ഗാത്മകമുദ്രാവാക്യങ്ങളുമായി 6 മണിക്കൂർ തുടർച്ചയായ ഉപരോധത്തിന് ശേഷമാണ് രജിസ്ട്രാർ ചർച്ചക്ക് തയ്യാറായത്. ആവശ്യങ്ങൾ അംഗീകരിച്ചെന്നും ഹോസ്റ്റൽ സന്ദർശനം നടത്തി ശാശ്വത പരിഹാരം കാണുമെന്നുമുള്ള ഉറപ്പിലാണ് അന്ന് സമരം ഒത്തുതീർന്നത്.

പിറ്റേദിവസം വൈസ്ചാൻസലർ ഹോസ്റ്റൽ സന്ദർശിച്ചെങ്കിലും തികച്ചും സ്ത്രീവിരുദ്ധമായ പ്രസ്താവനകളും പാമ്പുകടിച്ച കുട്ടിയെ അപമാനിക്കുന്ന നടപടിയുമാണ് കൈക്കൊണ്ടത്. കടിച്ചത് പാമ്പല്ല പ്രാണിയാണെന്നും ഇനി മുതൽ സമരം ചെയ്താൽ ഹോസ്റ്റൽ സൗകര്യം നിഷേധിക്കുമെന്നുമാണ് അദ്ദേഹം അറിയിച്ചത്. ജനജീവിതത്തിന് ഭീഷണിയുയർത്തുന്ന ഹോസ്റ്റലിനകത്തെ കാടുകൾ വെട്ടിത്തെളിക്കാൻ വിമുഖത കാണിച്ച അധികാരികൾ, ഹോസ്റ്റലിനുപുറത്തുള്ള ക്യാമ്പസുകളിലെ വിശാലമായ ജൈവപരിസ്ഥിതിയെ അനാശാസ്യകേന്ദ്രങ്ങളാണെന്ന വ്യാജപ്രചരണത്തിലാണ് വെട്ടിനിരത്തിയത്. ഹോസ്റ്റൽ ശോചനീയാവസ്ഥക്ക് ശാശ്വതപരിഹാരം കാണാതിരിക്കുകയും സമരം ചെയ്ത മുഴുവൻ വിദ്യാർത്ഥിനികളെയും അപമാനിക്കുന്ന സമീപനവുമാണ് അന്ന് വൈസ്ചാൻസലർ കൈകൊണ്ടത്.



പിറ്റേന്ന് ചികിത്സ കഴിഞ്ഞെത്തിയ വിദ്യാർത്ഥിനി തന്നെ കടിച്ചത് പാമ്പ് തന്നെയാണെന്നറിയിക്കാനും പത്രമാധ്യമങ്ങളിൽ തെറ്റായവാർത്ത നൽകി അപമാനിക്കാൻ ശ്രമിച്ചതുമായ സംഭവങ്ങൾ സംസാരിക്കാൻ വൈസ്ചാൻസലറുടെ സമക്ഷം എത്തി. ആ വിദ്യാർത്ഥിനിയെ ആക്ഷേപിച്ച് ഇറക്കിവിടുകയാണ് അദ്ദേഹം ചെയ്തത്. ആ സംഭവത്തിൽ പ്രതികരിച്ചാണ് സർവകലാശാലയിലെ മുഴുവൻ പെൺകുട്ടികളും എ.ഡി ബ്ലോക്കിനു മുന്നിൽ തമ്പടിച്ചത്. രാത്രിയും പകലും നീണ്ടുനിന്ന ഈ ഉപരോധം രാവിലെ 7.00 മണിയോടെയാണ് പോലീസ് അറസ്റ്റു ചെയ്ത് നീക്കിയത്. വീണ്ടും അന്ന് തന്നെ 11 മണിയോടെ സെമിനാർ കോംപ്ലക്സിൽ എത്തിയ വി.സിയെ വിദ്യാർത്ഥികൾ വീണ്ടും ഉപരോധിക്കുകയും സമരം പുനരാരംഭിക്കുകയും ചെയ്തു. രാത്രി 10 മണി വരെ നീണ്ട പ്രക്ഷോഭത്തിൽ വി.സി പുറത്തിറങ്ങാനോ, വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യാനോ തയ്യാറായില്ല. എന്നാൽ 11 മണിയോടെ അദ്ദേഹം അപമാനിച്ച പെൺകുട്ടിയോട് മാപ്പുപറയാനും, ഹോസ്റ്റലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താമെന്ന ഉറപ്പുനൽകാനും തയ്യാറായതോടെയാണ് സമരം അവസാനിച്ചത്.

ഹോസ്റ്റലുകളിൽ പൂട്ടിയിടുന്ന ആൺകോയ്മ സംരക്ഷണത്തിൽ നിന്നാണ് തങ്ങൾക്ക് സുരക്ഷ വേണ്ടത് എന്ന തിരിച്ചറിവാണ് ഇത്തരം സമരത്തെ ചരിത്രത്തിൽ ധൈഷണിക ഇടപെടലാക്കി തീർത്തത്. സ്ത്രീവ്യക്തിത്വത്തെ അപമാനിച്ച അധികാരികൾക്കെതിരെ സ്ത്രീസമൂഹത്തിന്റെ കൂട്ടായ പ്രതിഷേധമായിരുന്നു ആ സമരത്തിന്റെ ജീവൻ. ക്യാമ്പസിലെ ഒരു പെൺകുട്ടിക്ക് നേരിടേണ്ടി വന്ന വൈയക്തിക പ്രശ്നത്തെ സാമൂഹികവത്കരിക്കാനും അതുവഴി ക്യാമ്പസിന്റെ ആൺയുക്തിക്കെതിരായ സമരത്തെ നിർധാരണം ചെയ്തെടുക്കാനും ഈ സമരത്തിന് സാധിച്ചു. അത് തന്നെയാണ് ലിംഗനീതിയുടെ പുതിയമാനത്തിലേക്ക് ഈ സമരത്തെ ഉയർത്തുന്നതും. ക്യാമ്പസിലെ ഏകാധിപത്യഭരണത്തിനെതിരെ, ഐക്യപ്പെടലുകളിലൂടെയുള്ള ജനകീയപ്രക്ഷോഭത്തിന്റെ പുതിയ സമരമാതൃക മുന്നോട്ട് വെച്ചതും ഈ സമരമാണ്. ഇതേ സമരത്തിന്റെ തുടർച്ചയിലും മാതൃകയിലുമാണ് ഇന്നും സർവകലാശാലയിൽ ജനകീയ മുന്നേറ്റങ്ങൾ നടക്കുന്നത്.

പൊതുവിദ്യാഭ്യാസരംഗം സ്വാശ്രയക്കച്ചവടത്തിന് കീഴ്പ്പെടുമ്പോഴും, വിദ്യാഭ്യാസക്കച്ചവട

ത്തിനു വേണ്ടി നിലനിൽക്കുന്ന അധികാരികളെ പ്രതിസന്ധിയിലാക്കുന്നതും ഇവിടുത്തെ പെൺമുന്നേറ്റങ്ങൾ തന്നെയാണ്. ഏത് തരം കച്ചവടവത്ക്കരണവും സ്ത്രീവിരുദ്ധമാണെന്ന് ബോധ്യപ്പെട്ടതോടെയാണ് ഇത്തരം ജനകീയ സമരങ്ങളുടെ രാഷ്ട്രീയ കർതൃത്വം പെൺകുട്ടികൾ ഏറ്റെടുത്തത്. അതാണ് ഈ തുടർസമരങ്ങളുടെ സ്ത്രീപക്ഷ രാഷ്ട്രീയത്തിന് യഥാർത്ഥമാനം കൊടുക്കുന്നതും. സംഘടിതപ്രസ്ഥാനത്തിന് പുറത്ത് നിന്ന് രൂപപ്പെട്ട ഇത്തരം സമരങ്ങൾ, പിന്നീട് പുരോഗമന സംഘടനകളുടെ വലിയ പിന്തുണയും കൈവരിച്ചാണ് വിജയം കണ്ടത്. ആ ഘട്ടത്തിൽ ക്യാമ്പസിന്റെ മുഴുവൻ ജനാധിപത്യ അംശങ്ങളേയും വീണ്ടെടുക്കാനും സങ്കുചിത രാഷ്ട്രീയലാഭത്തിനപ്പുറത്തേക്ക് സംഘടനകൾക്ക് വിപ്ലവകരമായ ഉള്ളടക്കം നൽകാനും ഈ സമരത്തിന് ഒരു പരിധിവരെ സാധിച്ചു. അതുവഴി പൊതുവെ പുരുഷാധിപത്യപരമാണെന്ന് വിമർശിക്കപ്പെട്ടിരുന്ന മുഖ്യധാര രാഷ്ട്രീയരംഗത്തും പൊതുസമരരംഗത്തും സജീവമായ സ്ത്രീപങ്കാളിത്തത്തിലൂടെ അത്തരം ഇടങ്ങളെ പൊളിച്ചുപണിതു.

ജനാധിപത്യമൂല്യങ്ങളോട് നിഷേധാത്മകഭാവം പുലർത്തുന്ന ഒരു വൈസ്ചാൻസലറുടെ നീക്കങ്ങൾക്കെതിരെ, ക്യാമ്പസിന്റെ പൊതുഇടത്തിൽ ലഭ്യമായ മുഴുവൻ സാധ്യതകളെയും ഉപയോഗിച്ചാണ് ഈ സമരങ്ങൾ വിജയം കാണുന്നത്. അക്കാദമിക സ്വാതന്ത്ര്യത്തെ അറുകൊല ചെയ്ത്, വിദ്യാർത്ഥികളെ യന്ത്രങ്ങളാക്കുന്ന സമീപനത്തിനെതിരെ പഠനവും ജീവിതവും സമരായുധമാക്കി തെരുവിലിറങ്ങിയ വിദ്യാർത്ഥികളിൽ നല്ലൊരു പങ്കും ക്യാമ്പസിലെ പെൺകുട്ടികൾ തന്നെയായിരുന്നു. അക്കാദമിക സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊള്ളുന്ന ഏത് ചെറുത്തുനില്പിലും ലിംഗസമത്വത്തിന്റെ അടരുകളുണ്ടെന്ന തിരിച്ചറിവിലായിരുന്നു ഇത് സാധ്യമായത്. അക്കാദമിക സ്വാതന്ത്ര്യമാകട്ടെ, പൊതു ഇടത്തിന്റെ വിപ്ലവാംശത്തിലുമാണ് സാധ്യമാകുന്നത്.

> **അക്കാദമിക സ്വാതന്ത്ര്യത്തെ അറുകൊല ചെയ്ത്, വിദ്യാർത്ഥികളെ യന്ത്രങ്ങളാക്കുന്ന സമീപനത്തിനെതിരെ പഠനവും ജീവിതവും സമരായുധമാക്കി തെരുവിലിറങ്ങിയ വിദ്യാർത്ഥികളിൽ നല്ലൊരു പങ്കും ക്യാമ്പസിലെ പെൺകുട്ടികൾക്ക് തന്നെയായിരുന്നു**

ഇന്ന് ക്യാമ്പസിൽ നടക്കുന്ന ഏത് ജനാധിപത്യ സമരങ്ങളുടേയും രാഷ്ട്രീയ കർതൃത്വം ക്യാമ്പസിലെ പെൺകുട്ടികളാണ്. ക്യാമ്പസിലെ സമാധാനാന്തരീക്ഷം തകർക്കാൻ കൂട്ടുനിൽക്കുകയും സ്വാശ്രയ സ്ഥാപനങ്ങൾക്കു വേണ്ടി നിലകൊള്ളുകയും ചെയ്ത യൂണിവേഴ്സിറ്റി നിലപാടിനെതിരെ പെൺകുട്ടികൾ തെരുവിലിറങ്ങിയത് അടുത്താണ്. അക്കാദമിക മേഖലകളെയോ, പൊതുവിൽ ക്യാമ്പസുകളിലോ നടപ്പാക്കുന്ന വിധ്വംസക നയങ്ങൾ ഏറെ ബാധിക്കുന്നത് 80% വരുന്ന പെൺകുട്ടികളെയാണ് എന്ന ബോധ്യമാണ് ഈ സമരങ്ങളിലെ ലിംഗരാഷ്ട്രീയം. സർവകലാശാലയുടെ പൊതുമണ്ഡലത്തിന്റെ ആധിപത്യയുക്തികളെ നിരന്തരമായി ആക്രമിച്ചോ നവീകരിച്ചോ മുന്നേറുന്ന സ്ത്രീപക്ഷ ചെറുത്തുനിൽപ്പുകൾ ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടത് അനിവാര്യമാണ്. അതിനപ്പുറം പൊതുസമൂഹത്തിൽ രൂപപ്പെട്ടുവരുന്ന ജനാധിപത്യസമരങ്ങളിലെ രാഷ്ട്രീയ കർതൃത്വമായി സ്ത്രീകൾ ഉയർന്നുവരേണ്ടതും ആവശ്യമാണ്. ഈ രണ്ട് തലങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് കാലിക്കറ്റ് സർവകലാശാലയിലെ പെൺസമരങ്ങൾ ലിംഗനീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങളിൽ പുതിയ അധ്യായങ്ങൾ എഴുതിചേർക്കുന്നതും.

കേരളീയ പൊതുമണ്ഡലത്തിന്റെ പഠനങ്ങളിൽ ഈ സമരങ്ങൾ ഇടം പിടിക്കേണ്ടത്, പൊതുഇടത്തിന്റെ ജനാധിപത്യപരവും വിമോചനപരവുമായ അംശങ്ങളെ നിർധാരണം ചെയ്തെടുത്തു എന്ന പേരിലാണ് പൊതുഇടങ്ങളിലെ ആധിപത്യ യുക്തികളുടെ നവീകരണമോ തകർച്ചയോ സാധ്യമാകുന്നത് ഇത്തരം പ്രതിരോധസമരങ്ങളിലൂടെയാണ്. സർവകലാശാലയിലെ ആൺയുക്തികളെ ആക്രമിക്കുന്നതോടൊപ്പം തന്നെ, സ്ത്രീപക്ഷപരമായ പൊതുഇടത്തിന്റെ വാർത്തെടുപ്പ് കൂടി സാധിച്ചു എന്നതുകൊണ്ടാണ് ഈ സമരം വിമോചനപരമാകുന്നത് . ക്യാമ്പസിലാകെ പുരുഷാധികാരം തകർക്കപ്പെട്ടു എന്നതല്ല ഇപ്പറഞ്ഞതിനർത്ഥം. മറിച്ച് ക്യാമ്പസിന്റെ പൊതുഇടങ്ങളുടെ നിർണായക കേന്ദ്രങ്ങളിലേക്ക് സ്ത്രീകൾ കർതൃത്വപരമായി ഉൾച്ചേർക്കപ്പെട്ടു എന്നതാണ്. സംവാദാത്മക പൊതുഇടത്തിനകത്ത് ഈ കർതൃത്വം വിപ്ലവാത്മകമാണ്. ഇത്തരത്തിൽ ക്യാമ്പസിന്റെ പൊതുഇടത്തെ നിരന്തരമായി നവീകരിച്ചുകൊണ്ടും അതിന്റെ പുരുഷാധികാരയുക്തികളെ അക്രമിച്ചും പൊതുവിദ്യാർത്ഥി പ്രശ്നങ്ങളിൽ, ഒരു പുതിയ രാഷ്ട്രീയ വ്യക്തിത്വമായി മാറാൻ ക്യാമ്പസിലെ പെൺകുട്ടികൾക്ക് ഈ സമരങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

കേരളത്തിലെ മിക്കവാറും എല്ലാ സർവകലാശാല കാമ്പസുകളിലേയും സ്ഥിതി ഇതിനേക്കാൾ കഷ്ടതരമാണ്. എല്ലായിടത്തും വനിതാ ഹോസ്റ്റലുകൾ

(ഗവേഷകരുടേത് ഉൾപ്പടെ) വൈകീട്ട് ആറരമണിയോടെ പൂട്ടി മുദ്രവെക്കും. മിക്കവാറും ലൈബ്രറികളും ഇതേ സമയത്തോ അതിനടുത്തോ അടയ്ക്കും. ക്യാമ്പസുകൾ നിശ്ശബ്ദമാകും. ഇരുട്ടുന്നതോടെ നമ്മുടെ സർവകലാശാലകളുടെ ലൈബ്രറികളും ലാബുകളും തുറന്നവേദികളും ഹാളുകളും ക്ലാസ്സ്മുറികളും നിശ്ശബ്ദമാകുകയും വിദ്യാർത്ഥിനികൾ (വിദ്യാർത്ഥികളും) അവിടെ നിന്നും മാറ്റപ്പെടുകയും ചെയ്യുമ്പോൾ കേരളത്തിനു വെളിയിലുള്ള പ്രശസ്തമായ ക്യാമ്പസുകൾ (അവിടെ പഠിക്കുന്ന മലയാളികളായ ആൺ-പെൺകുട്ടികളും) സജീവവും സാർത്ഥകവുമായ അക്കാദമിക പ്രവർത്തനങ്ങളിൽ നിർബാധം ഏർപ്പെടുന്നു. ഈ വൈരുദ്ധ്യവും ഇതുമൂലം നഷ്ടമാകുന്ന പൊതുവിടത്തിന്റേയും പൊതുവിഭവങ്ങളുടേയും നഷ്ടവും സ്ത്രീകളെ സംബന്ധിച്ച് നികത്താനാവാത്ത നഷ്ടമാണ്. ●

**കവിത**

**കവയിത്രി : മയ ഏൻ ജ് ലു**



# എന്നാലും ഞാൻ ഉയരുന്നു

**പരിഭാഷ :**
**വിനീത മേക്കോത്ത്**

**നിനക്കെന്നെ** ചരിത്രത്തിൽ എഴുതി തള്ളാം
നിന്റെ ചവർപ്പുള്ള വള ച്ചൊടിച്ച നുണക
ളോടെ
നിന ക്കെന്നെ ചവിട്ടി മെതിക്കാം
എന്നാലും, ധൂളി പോലെ, ഞാൻ ഉയരും.

എന്റെ ധികാരം നിന്നെ
പ്രക്ഷുബ്ദമാകുന്നുണ്ടൊ?
എന്താ നിനക്കിത്ര മ്ലാനത?
എന്റെ നടത്തം കാൺകെ എന്റെ
സ്വീകരണമുറിയിൽ
എണ്ണകിണറുകൾ ഉണ്ടെന്ന് തൊന്നുന്നുണ്ടൊ

ചന്ദ്രനെ പോലെ സൂര്യനെ പോലെ
വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും
അസന്ദിഗ്ദ്ധത പോലെ
പ്രതീക്ഷകൾ ഉയരുന്നതു പോലെ
ഞാൻ ഉയരും.

നിനക്ക് ഞാൻ തകർന്ന് കാണെണ്ടിയിരുന്നൊ?
തല കുനിച്ച് , കണ്ണുകൾ താഴ്തി?
ചുമലുകൾ ഊർന്ന് കണ്ണുനീർത്തുള്ളികൾ
പോലെ
എന്റെ ആത്മരൊദനങ്ങളാൽ ക്ഷീണിച്ച് .

എന്റെ അഹന്ത നിന്നെ ചൊടിപ്പിക്കുന്നുണ്ടൊ?
നിനക്ക് ഒരുപാട് വിഷമമുണ്ടൊ?
എന്റെ ചിരിക്കിലുക്കങ്ങൾ കേൾക്കെ എന്റെ
മണ്ണിൽ
സ്വർണ്ണഖനികളുണ്ടെന്ന് തൊന്നുന്നുണ്ടൊ.
വാക്കുകളാൽ നിനക്ക് എന്റെ നേർക്ക് നിറ
യൊഴിക്കാം
കണ്ണുകളാൽ നിന ക്കെന്നെ അറുത്തുമുറിക്കാം
വെറുപ്പാൽ നിന ക്കെന്നെ ഇല്ലാതാക്കാം
എന്നാലും, വായു പോലെ, ഞാൻ ഉയരും.

എന്റെ കാമീയവശ്യത നിന്നെ അലൊസര
പ്പെടുതുന്നുണ്ടൊ?
നിനക്ക് അതിശയമുണ്ടൊ
എന്റെ നൃത്തം കാൺകെ തുടകൾക്കിടയിൽ
വൈഡൂര്യമുണ്ടെന്ന് തൊന്നുന്നുണ്ടൊ.

ചരിത്രത്തിന്റെ കളങ്കത്തിൻ കുടിലുകളിൽ നിന്ന്
ഞാൻ ഉയരുന്നു
വേദനയിൽ വേരാഴ്ത്തിയ ഭൂതകാലത്തിൽ നിന്ന്
ഞാൻ ഉയരുന്നു
ഞാൻ ഒരു വിശാലമായ കറുത്ത കടലാണ്
ഉയർന്നും താഴ്ന്നും വേലിയേറ്റത്തിനെയും
വേലിയിറക്കത്തിനെയും ഞാൻ ഉൾക്കൊള്ളുന്നു.
ഭീതിയുടെയും പേടിയുടെയും രാവുകൾ പിന്നിട്ട്
ഞാൻ ഉയരുന്നു
ഒരു വിസ്മയകരമായ തെളിഞ്ഞ പ്രഭാതത്തിലെക്ക്
ഞാൻ ഉയരുന്നു
എന്റെ പൂർവ്വികർ നൽകിയ സമ്മാനങ്ങളുമായി
അടിമയുടെ സ്വപ്നമായി പ്രത്യാശയായി
ഞാൻ ഉയരുന്നു
ഞാൻ ഉയരുന്നു
ഞാൻ ഉയരുന്നു.

*നോട്ട്*: മയ ഏൻജലൂ (അ്യൂശഹ 4, 1928 ങമ്യ 28, 2014) ഒ ആഫ്രോ-അമേരിക്കൻ എഴുത്തുകാരിയും കവയിത്രിയും നർത്തകിയും, അഭിനേത്രിയും ആയി. മാർഗരറ്റ് ആനി ജോൺസൺ എന്നായിരുന്നു അവരുടെ പേര്. ഏഴ് ആത്മകഥകൾ, മൂന്ന് പ്രബന്ധ പുസ്തകങ്ങൾ, ധാരാളം കവിതാ സമാഹാരങ്ങൾ എന്നിവ അവർ പ്രസിദ്ധീകരിച്ചു. നിരവധി നാടകങ്ങൾ, സിനിമകൾ, ടെലിവിഷൻ ഷോസ് എന്നിവ അവർ ചെയ്തു. കറുത്ത വർഗ്ഗക്കാരുടെയും സ്ത്രീകളുടെയും വക്താവായിരുന്നു അവർ. എട്ടാം വയസ്സിൽ ബലാൽസംഗത്തിന് ഇരയായ മയ പിന്നെ കുറ്റവാളിയെ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അയാൾ വധിക്കപ്പെട്ടതിന്റെ കുറ്റബോധത്താൽ അഞ്ചു വർഷത്തേക്ക് മൂകയായിപോയി. ആ കാലത്താണ് എഴുത്തും വായനയും അവർക്ക് കൂട്ടായത്. വളർന്ന് വന്ന കാലത്ത് പല ജോലികൾ (വേശ്യാവൃത്തി അടക്കം) ചെയ്ത മയ പതുക്കെ സ്വന്തം അസ്തിത്വം തിരിച്ചറിഞ്ഞ് അറിയപ്പെടുന്ന ഒരു എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായി മാറുകയായി.



ജിതു.ടി.വി

**19ാംനൂറ്റാണ്ടിന്റെ** ഉത്തരാർദ്ധത്തിലാണ് കേരളത്തിൽ ജനാധിപത്യപരമായ ആധുനിക പൊതുമണ്ഡലം വികസിച്ചു വന്നത്. മനുഷ്യന്റെ പരസ്പരമായ ഇടപെടലിനെയോ ആശയസംവാദത്തെയോ സാധ്യമാക്കുന്ന ജനാധിപത്യപരമായ ഇടമാണ് പൊതു ഇടം എന്ന് വ്യാഖ്യാനിക്കപ്പെടുന്നത്. നവോത്ഥാന ആശയങ്ങളാൽ സ്വാധീനിക്കുകയോ നിർണ്ണയിക്കപ്പെടുകയോ ചെയ്യുന്ന ആധുനിക പൊതുമണ്ഡലം ഏകാത്മകമായ ഒന്നല്ല. അധികാരം, അവകാശം, ഉടമസ്ഥത എന്നീ ആധിപത്യ യുക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ലോകക്രമത്തിനകത്ത് സാധ്യമാകുന്ന ഒന്നായാണ് ആധുനിക പൊതുഇടത്തെ നാം മനസ്സിലാക്കേണ്ടത്.

കേരളത്തിൽ പൊതുഇടങ്ങളുടെ വികാസഘട്ടം എന്നത് കൊളോണിയൽ വിരുദ്ധവും ജാതിവിരുദ്ധവുമായ സമരങ്ങളുടെ ചരിത്രഭൂമിയിലായിരുന്നു. ഇങ്ങനെ വികസിച്ചുവന്ന ആധുനിക പൊതു ഇടത്തിനകത്തെ സ്ത്രീസാന്നിദ്ധ്യം മുൻപെ പഠിക്കപ്പെട്ടിട്ടുള്ളതാണ്. ബൂർഷ്വാ പൊതുമണ്ഡലത്തിനകത്ത് ആധുനികവിദ്യാഭ്യാസം ലഭിച്ചവരും സവർണ്ണരുമായ ഒരു വരേണ്യവിഭാഗം സ്ത്രീകൾക്ക് സ്ഥാനം ലഭിച്ചിരുന്നു. എന്നാൽ ഇങ്ങനെ അടയാളപ്പെടുത്തപ്പെട്ട സ്ത്രീസാന്നിദ്ധ്യം കൊണ്ട് മാത്രം ആധുനിക പൊതു ഇടം സ്ത്രീപക്ഷപരമാണെന്ന് പറയാനാവില്ല. അതിനെ നിരന്തരമായി നിർണ്ണയിക്കുന്നതും നവീകരിക്കുന്നതുമായ

# പൊതുഇടം :
## പുരുഷാധികാര ബലതന്ത്രങ്ങളും മുതലാളിത്ത യുക്തിയുടെ നിർമ്മിതിയും സിനിമാതിയേറ്ററുകളിൽ



യുക്തി മുതലാളിത്തത്തിന്റേതാണ്. മറ്റൊരർത്ഥത്തിൽ മുതലാളിത്തം സാധ്യമാക്കിയ പൊതുഇടത്തിനകത്ത് സ്ത്രീസാന്നിദ്ധ്യത്തെ നിർണ്ണയിക്കുന്നത് വാണിജ്യപരമായ താല്പര്യങ്ങളാണ് എന്ന് പൊതുവെ പറയാം. പൊതുഇടത്തെ നിയന്ത്രിക്കുന്ന ആൺകോയ്മ രാഷ്ട്രീയത്തെ പലപ്പോഴും നിയന്ത്രിക്കുന്നത് വാണിജ്യത്തിന്റെ കച്ചവടയുക്തിയാണെന്ന് കാണാൻ പ്രയാസമില്ല. സാങ്കേതിക വിദ്യകളുടെ വികാസത്താലും പുത്തൻ സാമ്പത്തികനയങ്ങളാലും നിർണ്ണയിക്കപ്പെടുന്ന ഒരു സാമൂഹികക്രമമാണ് ഇന്ന് നിലനിൽക്കുന്നത്. ഇവയാൽ നവീകരിക്കപ്പെടുന്ന ഒരു പൊതുഇടത്തിലും സ്ത്രീ എന്നത് പ്രാഥമിക പരിഗണന പോലും അർഹിക്കാത്ത 'രണ്ടാം കിട' തന്നെയാണ് എന്നത് മുതലാളിത്തയുക്തി അടിസ്ഥാനപരമായി തന്നെ സ്ത്രീവിരുദ്ധമാണെന്ന് വ്യക്തമാക്കുന്നു.

പുരുഷാധിപത്യപരമായ പൊതുബോധങ്ങളെ ഉപയോഗിച്ചോ പൊളിച്ചു പണിതോ മുതലാളിത്തയുക്തി സ്ത്രീയുടെ സവിശേഷ അവസ്ഥകളെ നിരന്തരമായി ചരക്കുവൽക്കരിക്കുന്നു. ക്ലാസിക് മുതലാളിത്തത്തിൽ നിന്ന് വിഭിന്നമായി നവീന മുതലാളിത്തം സ്ത്രീവിമോചനാശയങ്ങളെപ്പോലും മധ്യവർഗ്ഗവത്ക്കരിക്കുകയോ കച്ചവടമാക്കുകയോ ചെയ്യുന്നു. പുത്തൻ മുതലാളിത്തം സ്ത്രീവിമോചനത്തിന്റെ അടിസ്ഥാനമായ ചൂഷണവിരുദ്ധതയെപ്പോലും കയ്യൊഴിഞ്ഞ് ലാഭേച്ഛക്കനുസൃതമായി അവയെ നിരന്തരം പൊളിച്ചുപണിതുകൊണ്ടിരിക്കുന്നു. പുരുഷാധികാര മൂല്യശാസനകൾക്കു വിധേയമായിട്ടാണ് നവോത്ഥാനം സാധ്യമാക്കിയ പരിവർത്തന യുക്തിയേയും സാങ്കേതികതയേയും ആധുനിക ഭൗതിക സൗകര്യങ്ങളേയും ഉപയോഗപ്പെടുത്തുന്ന രീതിശാസ്ത്രത്തെയാണ് മുതലാളിത്തം പ്രയോഗത്തിൽ വരുത്തിയത്. ഈ സവിശേഷ സാഹചര്യത്തെ മുൻനിർത്തിയാണ് പൊതുഇടം എന്ന പരികൽപ്പനയെയും അതിന്റെ സ്ത്രീ സാന്നിദ്ധ്യത്തേയും പ്രശ്നവത്ക്കരിക്കേണ്ടത്.

'പൊതുഇടം' എന്ന ആശയം രൂപപ്പെട്ടുവന്ന അതേ സാഹചര്യത്തിൽ തന്നെയാണ് ഗാർഹികം എന്ന പരികൽപ്പനയും ഉരുത്തിരിഞ്ഞത്. ഈ ദ്വന്ദ്വങ്ങൾ സാമൂഹികവും സാംസ്കാരികവുമായ ലിംഗവിവേചന യുക്തികളെ പുതുക്കിപ്പണിയുകയും അതോടൊപ്പം മുതലാളിത്തത്തിന്റെ വിശാല താത്പര്യങ്ങളുടെ വേദിയായി മാറുകയും ചെയ്തു. പൊതുഇടത്തിലെ ആവശ്യങ്ങൾ തീരുമാനിക്കപ്പെടുന്ന പുരുഷനിയന്ത്രിത യുക്തിയേയും വീട്ടമ്മവത്ക്കരിക്കപ്പെടുന്ന ഗാർഹിക ഇടങ്ങളേയും ഒരേ പോലെ ചൂഷണം ചെയ്താണ് മുതലാളിത്തം മേൽപ്പറഞ്ഞ ദ്വന്ദ്വകൽപ്പനകളെ വിൽപ്പനക്കുള്ള ഇടങ്ങളാക്കി മാറ്റിയത്. അതുകൊണ്ടുതന്നെയാണ് ഗാർഹികം എന്ന അകം ഇടത്തിൽ വിപണിയുക്തിക്കനുസൃതമായ മധ്യവർഗ്ഗവീട്ടമ്മ ആ ഘട്ടത്തിൽ ഉദയം ചെയ്ത്. പൊതു/ഗാർഹിക ഇടങ്ങളുടെ വേർതിരിവുകളിൽ വെച്ച് പൊതുഇടങ്ങളിലെ അവസരസമത്വത്തിൽ നിന്നും രാഷ്ട്രീയകർതൃത്വത്തിൽ നിന്നും ഉടമസ്ഥതയിൽ നിന്നും സ്ത്രീകൾ നിരന്തരമായി മാറ്റിനിർത്തപ്പെട്ടു. മുതലാളിത്തം ഗാർഹികവത്കരിച്ച ഉപകരണങ്ങളിലൂടേയോ അവ പ്രസവിച്ച ആശയപ്രചരണങ്ങളിലൂടെയോ ആണ് മേൽപ്പറഞ്ഞ മാറ്റിനിർത്തലിന്റെ സമ്മതിനിർമ്മാണം ഇവ സിദ്ധിച്ചെടുത്തത്. ടെലിവിഷൻ, റേഡിയോ മുതലായവ എപ്രകാരമാണ് ഗാർഹികവൽക്കരണത്തിന്റെ പൊതുയുക്തിയെ സാധൂകരിച്ചത് എന്ന് നിരീക്ഷിച്ചാൽ മേൽപ്പറഞ്ഞത് ബോധ്യപ്പെടുന്നതാണ്.

കേരളത്തിന്റെ ജനാധിപത്യ പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച ഘടകങ്ങളിലൊന്നാണ് സിനിമാ തിയേറ്ററുകൾ. ജാതീയമായി



ശ്രേണീകരിക്കപ്പെട്ട ഒരു സമൂഹത്തിൽ നിന്നും പണം വിനിമയം ചെയ്യപ്പെടുന്ന ജനാധിപത്യ സാമൂഹ്യശ്രേണിയിലേക്കുള്ള പരിവർത്തനത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സിനിമ തിയേറ്ററുകൾ. ഒരു പൊതുഇടമെന്ന രീതിയിൽ വികസിച്ചുവന്ന സിനിമാ തിയേറ്ററുകളിലെ സ്ത്രീസാന്നിദ്ധ്യത്തെക്കുറിച്ചും അതിനെ

നിർണ്ണയിക്കുന്ന മുതലാളിത്ത യുക്തിബോധത്തെക്കുറിച്ചും പഠിക്കപ്പെടേണ്ടതുണ്ട്. സിനിമാതിയേറ്ററുകളെ പൊതുഇടം എന്ന മട്ടിൽ സമീപിക്കുമ്പോൾ 'സംരക്ഷണം' എന്ന പുരുഷാധിപത്യ യുക്തിയെ എപ്രകാരമാണോ മുതലാളിത്തം ഉപയോഗിക്കുന്നത് എന്ന് പഠിക്കാനാണ് ശ്രമിക്കുന്നത്. തിയേറ്ററുകളിൽ സ്ത്രീ സുരക്ഷ എന്ന പേരിൽ മുതലാളിത്തം അവളുടെ ആസ്വാദന മണ്ഡലങ്ങളെക്കൂടി കീഴ്പ്പെടുത്താനുള്ള യുക്തിയാണ് നിർമ്മിച്ചത്. ഇതിന്റെ ഫലമായി മൾട്ടിപ്ലക്സ്, എ.ക്ലാസ് പോലെയുള്ള തിയേറ്ററുകൾ ലാഭം കൊയ്തു. ഇത്തരം തിയേറ്ററുകളിൽ സ്ത്രീകൾ സുരക്ഷിതരാണ് എന്ന ഒരു 'ബോധം' സമൂഹത്തിൽ സൃഷ്ടിക്കുകയും കൂടുതൽ പണം കൊടുത്താൽ കൂടുതൽ സുരക്ഷ എന്ന വാണിജ്യധാരണ ജനങ്ങളിൽ ആഴത്തിൽ ഉണ്ടാക്കുകയും ചെയ്തു,

കോഴിക്കോട് സർവകലാശാലക്കു കീഴിൽ വരുന്ന രണ്ടു ക്യാമ്പസുകളിലെ പെൺകുട്ടികളെ മുൻനിർത്തി "ഉന്നത വിദ്യാഭ്യാസരംഗത്തെ പെൺകുട്ടികൾക്ക് കേരളത്തിലെ സിനിമ തിയേറ്ററുകളോടുള്ള സമീപനം" എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഒരു അന്വേഷണത്തിൽ മനസ്സിലാക്കിയ വസ്തുതകൾ മുകളിൽ ചർച്ചചെയ്യപ്പെട്ട കാര്യങ്ങളോട് സാദൃശ്യപ്പെടുന്നുണ്ട്. വിശാലമായ പൊതുമണ്ഡലത്തിനകത്തെ സ്ത്രീസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന പുരുഷാധികാരയുക്തിയും തിയേറ്റർ ഒരു പൊതുഇടം എന്ന നിലയിൽ സൃഷ്ടിച്ച സ്ത്രീ സുരക്ഷ എന്ന പരികൽപ്പനയും മേൽപ്പറഞ്ഞ പഠനത്തിൽ നിന്ന് ഒരേ വാണിജ്യലക്ഷ്യത്തിനുള്ളതാണെന്ന് പറയാൻ കഴിയും.

ഉന്നതവിദ്യാഭ്യാസരംഗത്തുള്ള പെൺകുട്ടികളെയാണ് ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാരണം നിലനിൽക്കുന്ന സാമൂഹിക അവസ്ഥയെ തിരിച്ചറിയുന്നതിലും വിശകലനം ചെയ്യുന്നതിലും വ്യക്തിയുടെ വിദ്യാഭ്യാസം പ്രധാന പങ്കുവഹിക്കുന്നുണ്ട്. പഠനത്തിൽ പങ്കെടുത്ത പെൺകുട്ടികളുടെ അഭിപ്രായത്തിൽ അരക്ഷിതത്വബോധവും അനുമതിയില്ലായ്മയുമാണ് അവർക്ക് സ്വതന്ത്രമായി തിയേറ്ററുകളിൽപ്പോയി സിനിമകാണുന്നതിന് വിലങ്ങുതടിയാകുന്നത്. പൊതുഇടത്തിൽ സ്ത്രീകളും പെൺകുട്ടികളും സുരക്ഷിതരല്ല എന്നും ഏതുസമയത്തും അവർ അക്രമത്തിന് ഇരയാക്കപ്പെടും എന്നുമുള്ള പുരുഷാധിപത്യയുക്തി ജനങ്ങളുടെ (പ്രത്യേകിച്ചും സ്ത്രീകളുടെ) മനസ്സിൽ ഒരു ഭീതിയുളവാക്കുന്നു. ഈ സംരക്ഷണഭീതിയാണ് പലപ്പോഴും അനുമതിയേയും സമ്മതത്തേയും നിർണ്ണയിക്കുന്നത്. മിക്ക പെൺകുട്ടികളും സിനിമാതിയേറ്ററിൽ പോകാൻ, പ്രത്യേകിച്ചും സെക്കന്റ്ഷോ കാണാൻ വീട്ടുകാരുടെ കൂടെ പോകാൻ ആഗ്രഹിക്കുന്നു. വീടാണ് സ്ത്രീകൾക്ക്

## മൾട്ടിപ്ലക്സ്, എ ക്ലാസ്സ് തിയേറ്ററുകൾ 'ജെന്റർ ഫ്രണ്ട്‌ലി' ആണെന്ന് പറയിപ്പിക്കുകയും സ്ത്രീകളും പെൺകുട്ടികളും ഇതിനകത്ത് സുരക്ഷിതരാണെന്ന മിഥ്യാധാരണ സമൂഹത്തിൽ ഉണ്ടാക്കുകയും ചെയ്യുന്നിടത്ത് പുരുഷകേന്ദ്രീകൃതയുക്തിയും മുതലാളിത്തയുക്തിയും കൈകോർക്കുന്നു



'സുരക്ഷ' ഉറപ്പാക്കുന്ന ഏകസ്ഥാപനം എന്ന പുരുഷാധിപത്യ യുക്തി തന്നെയാണ് ഇവിടെ പ്രാവർത്തികമാകുന്നത്. പകുതിയിലധികം വരുന്ന പെൺകുട്ടികൾ സിനിമാതിയേറ്ററിൽ നിന്ന് അവർക്ക് നേരെ ഉണ്ടായ അതിക്രമത്തിൽ പരിഹാരം കണ്ടെത്തിയത് കൂടെ ഉള്ളവർ വഴിയാണ്. മറ്റൊരു വിഭാഗം പെൺകുട്ടികൾ തനിച്ച് പ്രശ്നപരിഹാരം നടത്തുമ്പോൾ തിയേറ്റർ അധികാരികളും മറ്റു കാണികളും അവരുടെ പ്രശ്നത്തെ കണ്ടില്ലെന്നു നടിക്കുന്നതായി ഒരു വിഭാഗം പെൺകുട്ടികൾ അഭിപ്രായപ്പെട്ടു. പൊതു ഇടത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ഉണ്ടാകുന്ന ആക്രമണങ്ങളിൽ അവരെത്തന്നെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തി ഒഴിഞ്ഞു മാറുന്ന പ്രവണത നില നിൽക്കുന്നു. ഈ അഭിപ്രായങ്ങളും ആശങ്കകളുമെല്ലാം പ്രതിഫലിപ്പിക്കുന്നത് സ്ത്രീകൾ പൊതുഇടത്തിൽ സുരക്ഷിതരല്ല

എന്ന ആശയത്തെയാണ്. മൾട്ടിപ്ലക്സ്, എ ക്ലാസ്സ് തിയേറ്ററുകൾ 'ജെന്റർ ഫ്രണ്ട്‌ലി' ആണെന്ന് പറയിപ്പിക്കുകയും സ്ത്രീകളും പെൺകുട്ടികളും ഇതിനകത്ത് സുരക്ഷിതരാണെന്ന മിഥ്യാധാരണ സമൂഹത്തിൽ ഉണ്ടാക്കുകയും ചെയ്യുന്നിടത്ത് പുരുഷകേന്ദ്രീകൃതയുക്തിയും മുതലാളിത്തയുക്തിയും കൈകോർക്കുന്നു. ബാൽക്കണി, എ ക്ലാസ്സ് സീറ്റുകളുടേയും മൾട്ടിപ്ലക്സ്, എ ക്ലാസ്സ് തിയേറ്ററുകളുടേയും ഉയർന്ന തോതിലുള്ള തെരഞ്ഞെടുപ്പ് അതുവഴി പുരുഷാധികാരം അടിച്ചേൽപ്പിക്കുന്ന സംരക്ഷണ തന്ത്രത്തിൽ നിന്ന് മറികടക്കാമെന്ന ബോധം ഉൽപ്പാദിപ്പിക്കപ്പെടുന്നു. അതായത് പുരുഷാധിപത്യം ഉൽപ്പാദിപ്പിച്ച സുരക്ഷയുടെ തോത് നിർണ്ണയിക്കുന്നത് മുതലാളിത്തത്തിന്റെ ലാഭേച്ഛായുക്തിയാണ്. കൂടുതൽ പണത്തിന് കൂടുതൽ സുരക്ഷ എന്ന വിപണി സമവാക്യത്തിന് ഇത് വഴിതെളിക്കുന്നതായി കാണാം.

നിങ്ങൾ ഒറ്റക്ക് സിനിമ കാണാൻ പോകാൻ ആഗ്രഹിച്ചിട്ടും സാധിക്കാത്തത് എന്തുകൊണ്ട് എന്ന ചോദ്യത്തിന് ഒരു വിഭാഗം അനുമതിയില്ലാത്തതുകൊണ്ട് എന്നും മറ്റൊരു വിഭാഗം അരക്ഷിതത്വബോധം കൊണ്ട് എന്നും അഭിപ്രായപ്പെട്ടു. എന്നാൽ ഒരു കൂട്ടം പെൺകുട്ടികൾ 'അത് ശരിയല്ല എന്ന് കരുതുന്നതുകൊണ്ട്' എന്നാണ് അഭിപ്രായപ്പെട്ടത്. വിദ്യാസമ്പന്നരാണെങ്കിലും പഠനവിധേയമാക്കിയ മിക്കവാറും പെൺകുട്ടികളുടേയും പ്രതികരണത്തിൽ പുരുഷാധിപത്യ സദാചാരമൂല്യങ്ങളുടെ നിശബ്ദമായ സ്വീകാര്യതയാണ് കണ്ടത്. അവരുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയോട് യോജിച്ചുപോകുന്ന രീതിയിൽ പരുവപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇത് ഒരു ചെറിയ കൂട്ടം പെൺകുട്ടികളെ മാത്രമല്ല മറിച്ച് ഒരു വലിയ വിഭാഗം സമൂഹത്തെ

**ഇന്ന് ഏറെക്കുറേ പ്രാകൃതമെന്നു കരുതുന്ന പിടിച്ചുവെക്കലിന്റെ രീതിയിലല്ല പുത്തൻ മുതലാളിത്തം അതിന്റെ വിജയതന്ത്രങ്ങൾ പരീക്ഷിക്കുന്നത്. പഴയതിന്റെ തുടർച്ചയെ അനുഗമിക്കുന്നതോടൊപ്പം അതിന്റെ പശ്ചത്താലത്തെത്തന്നെ അടിമുടി മാറ്റിക്കൊണ്ട് പഴയ ആധിപത്യ പ്രവണതകൾ തുടരാമെന്ന് പുതിയ മുതലാളിത്തം മനസ്സിലാക്കുന്നു.**

യാണ് പ്രതിനിധാനം ചെയ്യുന്നത്.

പുതിയകാലത്ത് പൊതുബോധങ്ങൾ മനുഷ്യാവസ്ഥകളെ ചൂഷണം ചെയ്യുന്നതിനായി വ്യാപതമായി ഉപയോഗിക്കുന്നു. പുതിയകാല മുതലാളിത്തം പഴയ ക്ലാസിക് മുതലാളിത്തത്തിന്റെ യുക്തികൾക്ക് പകരം പുതിയ തന്ത്രങ്ങൾ പരീക്ഷിക്കുന്നു. ഇന്ന് ഏറെക്കുറേ പ്രാകൃതമെന്നു കരുതുന്ന പിടിച്ചുവെക്കലിന്റെ രീതിയിലല്ല പുത്തൻ മുതലാളിത്തം അതിന്റെ വിജയതന്ത്രങ്ങൾ പരീക്ഷിക്കുന്നത്. പഴയതിന്റെ തുടർച്ചയെ അനുഗമിക്കുന്നതോടൊപ്പം അതിന്റെ പശ്ചാത്തലത്തെത്തന്നെ അടിമുടി മാറ്റിക്കൊണ്ട് പഴയ ആധിപത്യ പ്രവണതകൾ തുടരാമെന്ന് പുതിയ മുതലാളിത്തം മനസ്സിലാക്കുന്നു. സാക്ഷരതയുടെ പേരിൽ നെടുനായകത്വത്തെ പിൻപറ്റാൻ സമൂഹത്തെയാകെ തയ്യാറാക്കുക എന്നത് പുതിയ മൂലധനബലതന്ത്രത്തിന്റെ കുയുക്തിയാണ്. എന്നാൽ ആൺബലതന്ത്രങ്ങളുടെ നിയമസംഹിതകളെ തങ്ങളുടെ വിപണിതാത്പര്യങ്ങൾക്കനുസൃതമായി അവ മെരുക്കിയെടുക്കുന്നു.

പുരുഷാധികാരത്തിന്റെ നിയമസംഹിതകളേയും പ്രായോഗികരീതിയേയും നിരന്തരമായി പൊളിച്ചുപണിയുകയോ നവീകരിക്കുകയോ ചെയ്താണ് മൂലധന തന്ത്രം പുതിയ ലാഭയുക്തികളെ ഉത്പാദിപ്പിക്കുന്നത്. എന്നാൽ അടിസ്ഥാനപരമായി ഇത് ആൺനെടുനായകത്വത്തെ ഉറപ്പിക്കുകയും അതിനെ കച്ചവടവത്കരിക്കുകയുമാണ് ചെയ്യുന്നത്. ഇതിനെതിരെ ഉയരുന്ന ചെറുത്തുനിൽപ്പുകളെ നേർപ്പിക്കുകയോ മുനയൊടിക്കുകയോ ചെയ്യുന്നതോടെ സ്ത്രീവിമോചനം എന്ന ആശയം പലപ്പോഴും മുതലാളിത്ത യുക്തിയുടെ പരസ്യവാചകമായി ചുരുങ്ങിപ്പോകാനുള്ള സാധ്യത പ്രബലമാണ്. ഇതുകൂടി ഉൾക്കൊണ്ടുകൊണ്ടും പ്രായോഗികതലത്തിൽ വിമോചനാശയത്തെ കെട്ടിപ്പടുത്തും വാണിജ്യപൊതുബോധത്തെ നിരന്തരമായി ആക്രമിച്ചും കൊണ്ടുമാണ് സ്ത്രീവിമോചനമെന്ന ആശയത്തിന് പുതിയകാലഘട്ടത്തിൽ വിപ്ലവാത്മകമാകാൻ സാധിക്കൂ. ഈ വിമോചനസാധ്യതയാണ് സ്ത്രീസമത്വം എന്ന ആശയത്തിന് ചൂഷണവിരുദ്ധവും മനുഷ്യപക്ഷവുമായ രാഷ്ട്രീയത്തിന്റെ ഉൾക്കാമ്പ് നൽകുന്നതും. ●


സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.

സംഘടിത മാസിക


വരിസംഖ്യ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :15 രൂപ |
| വാർഷിക വരിസംഖ്യ | :150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |

ഉപ്പും മുളകും



ഗീത



# ഓർമ്മയുണ്ടോ ഈ മുഖം?

## 10 വർഷം തികയുന്നു ശാരിയും അനഘയും മരിച്ചിട്ട്

**ഇത്** സിനിമയിലെ ഒരാൺ ചോദ്യമാണ്. പക്ഷേ ഇപ്പോൾ ഇത് കേരളത്തോട് ചോദിക്കുന്നത് ശാരിയെന്ന ഈ പെൺകുട്ടിയുടെ മുഖമാണ്.

2004 നവംബർ 13നാണ് ശാരിയുടെ മരണം ആശുപത്രി അധികൃതർ സ്ഥിരീകരിച്ചത്. എല്ലാവർക്കും അറിയുന്നതുപോലെ അതൊരു സ്വാഭാവിക മരണമായിരുന്നില്ല. 2004 ആഗസ്റ്റ് 15ന് അവൾ ഒരു പെൺകുട്ടിയെ പ്രസവിച്ചിരുന്നു. സുഖപ്രസവം. എന്നാൽ പ്രസവാനന്തരം കോട്ടയം മെഡിക്കൽ കോളേജ്, കോട്ടയം കരിത്താസ് ആശുപത്രി, തെള്ളകത്തെ മാതാശുപത്രി എന്നിവിടങ്ങളിൽ ശാരി അനുഭവിച്ച നരകയാതനകൾ അത്ര സുഖകരമോ, സ്വാഭാവികമോ ആയിരുന്നില്ല ഇഞ്ചിഞ്ചായി വൈദ്യശാസ്ത്ര സഹായത്തോടെ അവൾ കൊലചെയ്യപ്പെടുകയായിരുന്നു. അവൾക്ക് മൂന്ന് മരണമൊഴികൾ ഉണ്ട്. മൂന്നും വ്യത്യസ്തമായ മരണമൊഴികൾ. ഇതിൽ ഏതാണ് ശരിയായ മരണമൊഴി എന്നത് ഇന്നും ആർക്കും പറയാനാവില്ല. നിയമപരമായി മജിസ്ട്രേഡ് മുമ്പാകെ കൊടുക്കുന്ന മരണമൊഴിയാണ് സാധുവാകുന്നത്. പക്ഷേ, ശാരി മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മരണമൊഴിയിലും ഒരുപാട് പിഴവുകൾ ഉണ്ട്. കിളിരൂരിലെ സാധാരണക്കാരിൽ സാധാരണക്കാരായ

> സീരിയൽ അഭിനയ മോഹത്തിൽ കുടുങ്ങി ലതാനായർ എന്ന സെക്സ് റാക്കറ്റ് ഏജന്റിന്റെ വലയിൽപെട്ട് ചിന്നഭിന്നമായി പോവുകയായിരുന്നു. ശാരിയുടെ ജീവിതവും ജീവനും. കവിയൂരിലെ അനഘയെ ഓർമ്മയില്ലേ? അവളും ഇതേ വലയിൽ ശാരിയോടൊപ്പം കുടുങ്ങിയവളാണ്

ശ്രീദേവിയുടേയും സുരേന്ദ്രന്റേയും മൂത്തമകൾ ആയിരുന്നു ശാരി എന്ന ഈ പെൺകുട്ടി. സീരിയൽ അഭിനയ മോഹത്തിൽ കുടുങ്ങി ലതാനായർ എന്ന സെക്സ് റാക്കറ്റ് ഏജന്റിന്റെ വലയിൽ പെട്ട് ഛിന്നഭിന്നമായി പോവുകയായിരുന്നു ശാരിയുടെ ജീവിതവും ജീവനും. കവിയൂരിലെ അനഘയെ ഓർമ്മയില്ലേ? അവളും ഇതേ വലയിൽ ശാരിയോടൊപ്പം കുടുങ്ങിയവളാണ്. കേസുകൊടുക്കാൻ തെളിവുകൾ അവശേഷി

'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്' എന്നത് ദേശീയ പ്രസ്ഥാനക്കാലത്തെ മുദ്രാവാക്യമായിരുന്നു. ആ നവോത്ഥാനക്കാലത്തു നിന്നും ഏറെ മുമ്പോട്ടു പോയെന്നവകാശപ്പെടുന്ന കേരള ജനത പക്ഷേ സ്ത്രീകളുടേയും പെൺകുട്ടികളുടേയും കാര്യത്തിൽ ജീവിച്ചിരിക്കുവാനുള്ള മൗലികാവകാശം പോലും റദ്ദുചെയ്യുന്നത് എന്തുകൊണ്ടാണ്?






പ്പിക്കാതെ, അവളും അച്ഛനും അമ്മയും സഹോദരങ്ങളും ആത്മഹത്യ ചെയ്ത നിലയിൽ കാണപ്പെടുകയായിരുന്നുവല്ലോ? അവളുടെ ആത്മഹത്യക്കുറിപ്പിലും ദുരൂഹതകൾ ഏറെ ഉണ്ടായിരുന്നു. ആദ്യത്തെ പേജ് തന്നെ നഷ്ടപ്പെട്ടുപോയിരുന്നു. ഈ പെൺകുട്ടിയെ പിതാവാണ് പീഡിപ്പിച്ചതെന്ന സിബിഐ വാദം ഇപ്പോൾ കോടതിയിൽ അതിശക്തമായി ചോദ്യം ചെയ്യപ്പെട്ടു കഴിഞ്ഞു.


ശാരിയുടെ കേസ് ഡയറി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അന്ന് സീൽ ചെയ്തു. ഇതുവരെ അത് പുറത്തെടുക്കപ്പെട്ടിട്ടില്ല. സെക്സ് റാക്കറ്റിൽ കുടുങ്ങി ജീവിക്കാൻ വിധിക്കപ്പെട്ട പെൺകുട്ടികളോളം തന്നെ നീതിക്ക് അവകാശമുള്ളവരാണ് കൊല്ലപ്പെടുന്ന പെൺകുട്ടികളും. 10 വർഷമായി ശാരിയുടെ പിതാവ് കയറിയിറങ്ങാത്ത മന്ത്രിമന്ദിരങ്ങളില്ല, കോടതി പടികൾ ഇല്ല. എന്നാൽ നിയമം അനുകൂലമായിരുന്നിട്ടും നീതി നിഷേധിക്കപ്പെടുന്ന ശരാശരി കേരളീയ പൗരന്റെ ഒരു പ്രതീകമായി മാറിയിരിക്കുന്നു ഈശ്വര വാര്യരെപ്പോലെ സുരേന്ദ്രനും. ഈ പിതാക്കൾക്ക്, അവരുടെ മക്കൾക്ക് എന്ത് സംഭവിച്ചുവെന്നും ആരുടെയൊക്കെ ആസൂത്രണ ഫലമായാണ് അവർ കൊലചെയ്യപ്പെട്ടതെന്നും അറിയാനുള്ള അവകാശം നിഷേധിക്കപ്പെടാൻ പാടില്ലാത്തതാണ്. എന്നാൽ മാറിമാറി വരുന്ന സർക്കാരുകൾ ഇതിന് ഒരു നടപടിയും സ്വീകരിക്കുന്നില്ല എന്നുള്ളതാണ് പ്രധാനം.

'സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്' എന്നത് ദേശീയ പ്രസ്ഥാനക്കാലത്തെ മുദ്രാവാക്യമായിരുന്നു. ആ നവോത്ഥാനക്കാലത്തു നിന്നും ഏറെ മുമ്പോട്ടു പോയെന്നവകാശപ്പെടുന്ന കേരള ജനത പക്ഷേ സ്ത്രീകളുടേയും പെൺകുട്ടികളുടേയും കാര്യത്തിൽ ജീവിച്ചിരിക്കുവാനുള്ള മൗലികാവകാശം പോലും റദ്ദുചെയ്യുന്നത് എന്തുകൊണ്ടാണ്? നമ്മുടെ ഭരണകർത്താക്കൾ ഇത്തരമൊരു ആത്മവിമർശനത്തിൽ എത്തിച്ചേരുകയും സ്വയം തിരുത്തുകയും ചെയ്തില്ലെങ്കിൽ ഇനിയും അനഘമാരും ശാരിമാരും ദുരൂഹമായി കൊലചെയ്യപ്പെടും. അതുകൊണ്ട് അനഘക്കും ശാരിക്കും ലഭിക്കുന്ന നീതി കേരളത്തിന്റെ നീതിയാകുന്നു. ●



പ്രിയ.പി.വി

# വാടകപാത്രങ്ങൾ



**കറുത്തചക്രവാളത്തെ** കീറിമുറിച്ചുകൊണ്ട് ഒരു മിന്നൽപ്പിണർ. തുടർന്നുണ്ടായ ഘോരശബ്ദം കേൾക്കാതിരിക്കാൻ ഞാൻ ഇരുചെവികളും പൊത്തിപ്പിടിച്ചു. കാറ്റ് ആഞ്ഞടിക്കുന്നുണ്ട്. എത്ര ശ്രമിച്ചിട്ടും എവിടേയും പിടികിട്ടാതെ ഞാൻ ആകാശത്തേക്ക് ഉയരാൻ തുടങ്ങി. കൂട്ടിനാരും ഇല്ല. രക്ഷിക്കണേ എന്ന് ഉറക്കെ കരയാനുള്ള ത്രാണി പോലും ഇല്ല. പെട്ടെന്ന് കാലിലൊരു തണുത്ത സ്പർശം, അപ്പോൾ ഞാൻ തനിച്ചല്ല. ആരോ... ഞെട്ടി കണ്ണുകൾ തുറന്നപ്പോൾ മുന്നിൽ നിറചിരിയോടെ മഞ്ജിമ. ഭാവിയിലേക്ക് തുറന്നുവെച്ച കണ്ണാടികൾ പോലെ തിളങ്ങുന്ന കണ്ണുകൾ. ഒരു അഞ്ചുവയസ്സുകാരിക്ക് ചേരാത്ത പക്വത.

“എന്ന ആന്റി കാലെയിലെ കനവുകാൺകിറയാ?”

ഞാൻ ആയാസപ്പെട്ടു എണീറ്റിരുന്നു.

“തെരിയുമാ ഇന്നോക്ക് ഏൻ പൊറന്തനാൾ. സ്വീറ്റ്സ് സാപ്പിട്”.

“മെനി മെനി ഹാപ്പി റിട്ടേൺസ്”

“താങ്ക്യൂ ആന്റി”

വാതിൽ തുറന്നവൾ പുറത്തേക്കോടി. ഇന്ന് ഫെബ്രുവരി 14. പ്രണയത്തിനോ കാമത്തിനോ യാതൊരു പങ്കും അവകാശപ്പെടാനില്ലാത്ത മഞ്ജിമയുടെ ജനനം ഒരു പ്രണയദിനത്തിലായിരുന്നു എന്നത് കൗതുകകരം തന്നെ. അവളെക്കുറിച്ചറിഞ്ഞ അന്നുമുതൽ മനസ്സുപിടയുകയാണ്. അകാരണമായൊരു ഭയം രാത്രികളെ നിദ്രാവിഹീനമാക്കുകയാണ്.

സ്വന്തം രക്തത്തിലൊരു കുഞ്ഞ് എന്ന ആഗ്രഹവുമായി അവളുടെ അച്ഛൻ ഈ ഹോസ്പിറ്റലിൽ എത്തുമ്പോൾ അത് നിറവേറ്റാൻ തക്ക ആരോഗ്യമുള്ള ഗർഭപാത്രമോ അണ്ഡമോ പോലും അയാളുടെ ഭാര്യക്ക് ഉണ്ടായിരുന്നില്ലത്രേ. വാടകക്കെടുത്ത ഒരു ഗർഭപാത്രത്തിൽ ഒരു ഭ്രൂണമായി മഞ്ജിമ വളർന്നു തുടങ്ങിയപ്പോഴേക്കും പെട്ടെന്നുണ്ടായ കാർഡിയാക് അറസ്റ്റ് അവളുടെ അച്ഛനെ നിശ്ചലനാക്കിയിരുന്നു. താനുമായി യാതൊരു ബന്ധവുമില്ലാത്ത കുഞ്ഞിനെ ഏറ്റെടുക്കാൻ അയാളുടെ ഭാര്യ തയ്യാറായതുമില്ല. ‘ഡ്യൂട്ടി’ അവസാനിപ്പിച്ച് സരോഗേറ്റഡ് മദറും പോയതോടെ മഞ്ജിമ ഹോസ്പിറ്റലിനോട് ചേർന്ന അനാഥാലയത്തിലേക്ക് മാറ്റപ്പെട്ടു. ആശുപത്രിയിൽ പറന്നുകളിക്കുന്ന ഒരു പൂമ്പാറ്റയാണിന്നവൾ. കോടതിയിൽ അവളെ സംബന്ധിച്ച കേസ് നടന്നുകൊണ്ടിരിക്കയാ

ണെന്നും നിയമം അച്ഛന്റെ ഭാര്യ യിലേക്ക് അവളെ അടിച്ചേൽപ്പി ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാ ണെന്നും മനസ്സിലാക്കാനുള്ള പ്രായമൊന്നും അവൾക്കായില്ല ല്ലോ. രണ്ടിൽ ആരു ജയിച്ചാലും അവളുടെ ഭാവി സുരക്ഷിതമാകു മെന്ന് കരുതാൻ വയ്യ.

അടിവയറ്റിൽ അസഹ്യമായ വേദന ഉരുണ്ടുകൂടുന്നു. ഞെളിപി രികൊണ്ട് കുലുങ്ങിമറഞ്ഞ് അത് സാവധാനം അടക്കം പൂണ്ടു. ആവലാതികൾ ഉള്ളിലേക്കിറങ്ങി ഉറങ്ങുന്നയാളെ വേദനിപ്പി ച്ചുവോ? ചെന്നൈയിലെ ഈ ഇൻഫെർട്ടിലിറ്റി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ എത്തിയിട്ട് ഇത് ഏഴാം മാസം. കാലമേ... ഞാനും നീയും ഒരേ നാണയത്തിന്റെ ഇരു വശങ്ങൾ. ഉള്ളിലുള്ളതിന്റെ ജനി തകസ്വഭാവം ഊഹിക്കാൻ പോലും കഴിയാത്തവൾ. പുറത്തി റങ്ങാൻ വെമ്പുന്നതിന്റെ ഭാവിയെക്കുറിച്ച് ആഗ്രഹങ്ങളോ ആധികളോ പ്രകടിപ്പിക്കാൻ അർഹതയില്ലാതെ നിസ്സംഗത യോടെ മുന്നോട്ട് ഗമിക്കാൻ വിധി ക്കപ്പെട്ടവൾ.

മേശപ്പുറം നിറഞ്ഞ് പഴങ്ങളും മധുരപലഹാരങ്ങളും മരുന്നുക ളും. എന്റെ മനസ്സും ശരീരവും ആരോഗ്യത്തോടെയിരിക്കാൻ ഞാൻ അറിയാത്ത കാണാത്ത ഉട മസ്ഥരുടെ വിഫലശ്രമങ്ങൾ. ബാഹ്യഭാഗങ്ങളിൽ പതിക്കുന്ന വെള്ളം ഉള്ളിലാളുന്ന തീയണ ക്കുമോ? ഭർത്താവെന്ന അവകാശ പ്പെടുന്നയാൾ മുറിയിലെത്തി. “നിനക്കിതൊക്കെ കഴിച്ചാ ലെന്താ? കുട്ടി ആരോഗ്യവാനായി രിക്കണം”.

“ആരോഗ്യമുണ്ടായിട്ടെന്താ?”

“തർക്കുത്തരം പറയുന്നോടീ... ഈയവസ്ഥയിലായിപ്പോയി. ചവിട്ടി നിന്റെ....”

കേട്ടാൽ അറയ്ക്കുന്ന ഒരു തെറി പറഞ്ഞ് അയാൾ ഓടിപ്പോ യി. പ്രതികരിക്കാനർഹതയില്ല. പ്രണയമെന്ന കഠാരയിറക്കി അയാൾ സ്വന്തമാക്കിയ ആപ്പി ളാണ് ഞാൻ. എവിടെ മുറിക്കണ മെന്ന് അയാൾക്ക് തീരുമാനി ക്കാം. മാനക്കേടിൽ കുളിപ്പിച്ച്, സങ്കടത്തിന്റെ തിരികൊളുത്തി അച്ഛനേയും അമ്മയേയും ചാമ്പ ലാക്കിയവൾക്ക് ഇത് കിട്ടേണ്ടതു തന്നെ. ഒട്ടും കൂടുതലാവില്ല.

കച്ചവടത്തിനുവേണ്ടി പണം തികയാതെ വന്നപ്പോൾ ശരീരം മൊത്തമായി വിൽക്കാനാണ് ഭർത്താവ് ആദ്യം ആവശ്യപ്പെട്ടത്. പ്രോസ്റ്റിറ്റ്യൂഷനാകുമ്പോൾ കേസും വയ്യാവേലിയും ആകു മെന്ന ചിന്തയാണ് ഈ വഴി തെര ഞ്ഞെടുക്കാൻ അയാളെ പ്രേരിപ്പി ച്ചത്. ഇതാകുമ്പോൾ പണവും പരോപകാരവുമായി ഒഴിയു

“ഷാറീ... നീ... കാലത്തിന്റെ ചതുപ്പിൽ പൂണ്ടുകിടന്നിരുന്ന ഓർമ്മകളെ ചൂഷ്ന്നെ ടുത്ത് പുറത്തിടാൻ തമിഴ്ചുവകലർന്ന ആ വിളി മാത്രം മതിയായിരുന്നു.

മ്പോൾ വീണ്ടും നിറയ്ക്കാവുന്ന ഒരു പാത്രം മാത്രമായിരിക്കുന്നു ഞാൻ. തേഞ്ഞു പൊട്ടുന്നതു വരെ അത് അങ്ങനെത്തന്നെയാ യിരിക്കും. വെറും വാടകപ്പാത്രം! വാതിൽ തള്ളിത്തുറന്ന് വീണ്ടും മഞ്ജിമ.

“ഡോക്ടറങ്കിൾ ദോ പാര്. നാൻ സൊന്ന ഷാറികാന്റി.”

അവൾക്ക് പിന്നിൽ നിന്ന് മുറി ക്കകത്തേക്ക് പ്രവേശിച്ച ദീർഘ കായനെ ഒറ്റനോട്ടത്തിൽ മനസ്സി ലായില്ല. കണ്ണാടിക്കുള്ളിലൂടെ തുറിച്ചു നോക്കുന്ന തീക്ഷണത യേറിയ കണ്ണുകൾ.

“ഷാറീ... നീ...” കാലത്തിന്റെ ചതുപ്പിൽ പൂണ്ടുകിടന്നിരുന്ന ഓർമ്മകളെ ചൂഴ്ന്നെടുത്ത് പുറ ത്തിടാൻ തമിഴ്ചുവകലർന്ന ആ വിളി മാത്രം മതിയായിരുന്നു.

“രവി ഇവിടെ?” എന്റെ ശബ്ദ മിടറി. “ഞാനിവിടെ ഗൈനക്കായി വർക്കുചെയ്യുകയാണ്. മഞ്ജിമ യുടെ ഫാദറും എന്റെ പേഷ്യന്റാ യിരുന്നു.” അപ്പോൾ മഞ്ജിമ എപ്പോഴും പറയാറുള്ള അവളുടെ ഡോക്ടറങ്കിൾ രവിയായിരുന്നു. അയാളുടെ കണ്ണുകളിൽ തെളി യുന്ന ചോദ്യശരങ്ങൾക്കു മുമ്പിൽ ചൂളി ചെറുതാകുന്നതുപോലെ രാജകുമാരിയെ പോലെ വിലസി യിരുന്ന ശാരികാമേനോൻ ഒരു സരോഗേറ്റഡ് മദറായി മുന്നിൽ നിൽക്കുമ്പോൾ അയാളി ലുണ്ടാക്കുന്ന ആശയകുഴപ്പങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. എന്തോ! ഒന്നും ചോദിക്കാതെ രവി തിരിഞ്ഞുനടന്നു.

ഒരു കയ്യിൽ പഴുത്ത ബദാം പിടിച്ചു കടിച്ച് മറുകൈകൊണ്ട് അഴിഞ്ഞു വീഴുന്ന നിക്കർ താങ്ങി പ്പിടിച്ച് ഓടിവരുന്ന ആ മൂക്കൊലി യൻ ചെക്കൻ ഇത്രത്തോളം വളർന്നോ? തൊലിമുഴുവൻ തിന്നുകഴിഞ്ഞ ബദാം കുത്തി പ്പൊട്ടിച്ച് പരിപ്പെടുത്ത് എന്റെ പിറകെ വരും.” “ഷാരീ ഇതു വേണോ? “എനിക്ക് ബദാം ഇഷ്ട മാണെന്ന് അവനുനന്നായി അറി യാം. ഒരു പ്രത്യേകരീതിയിൽ ചരിച്ചു പിടിച്ച് പൊട്ടിച്ചാൽ പരി പ്പുപൊട്ടാതെ കിട്ടുമെന്ന് അവ നാണ് കണ്ടുപിടിച്ചത്. അവനിൽ നിന്ന് അത് വാങ്ങിത്തിന്നാൽ അമ്മ കണ്ണുപൊട്ടുന്ന ചീത്തപറ യും. “കണ്ട അണ്ണാച്ചിക്കൂട്ടത്തി ന്റെയൊക്കെ കൂടെ കളിച്ച് വല്ല ചൊറീം ചിരങ്ങും വരുത്തും ഈ പെണ്ണ്.”

രവിയുടെ അമ്മ ചെന്താമര തമിഴ്നാട്ടുകാരിയാണ്. സമ്പന്ന മായ തറവാട്ടിൽ പിറന്നവൾ. വീട്ടുവേലക്കു ചെന്ന ചെറുപ്പക്കാ രനെ പ്രണയിച്ച് വിവാഹം ചെയ്ത് രണ്ടുപേരും കേരളത്തി ലേക്ക് നാടുവിട്ടു പോന്നതാണ്. രവിയുടെ ജനനശേഷം അവന്റെ അച്ഛൻ മരിക്കുകയും തുടർന്ന് വേറെ നിവൃത്തിയില്ലാതെ കൂലി വേല ചെയ്ത് മലയാളക്കരയിൽ തന്നെ തുടരുകയുമായിരുന്നു അവർ.

ഞങ്ങൾ ഒരേ ക്ലാസിലാണ്

പഠിച്ചിരുന്നതെങ്കിലും ക്ലാസിലെ ഒന്നാമനാണ് രവിയെങ്കിലും വേല ക്കാരിയുടെ മകനെന്ന നിലയിൽ തരംതാഴ്ത്തിയേ ഞാനവനോട് പെരുമാറിയിരുന്നുള്ളൂ. അവനെ ക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കുന്ന ചെന്താമരയെ നേരിടാൻ അമ്മ പുറത്തെടുത്തി രുന്ന ആയുധം അവന്റെ പ്രായ ക്കൂടുതലായിരുന്നു. "മറ്റു കുട്ട്യോളേക്കാൾ രണ്ടുവയസ്സിന് മൂത്തതല്ലേ ചെന്താമരേ നിന്റെ മോൻ, മാർക്ക് കൂടുതൽ കിട്ടീ ച്ചാത്ര അതിശയിക്കാനൊന്നൂല്ല്യ." അടുത്തുള്ള സ്കൂളിലെ അധ്യാപ കർ അവരുടെ ജോലിസംരക്ഷണ ത്തിന്റെ ഭാഗമായി നിർബന്ധ പൂർവ്വം സ്കൂളിൽ ചേർത്തതാണ് രവിയെ. പഠനത്തിനുള്ള എല്ലാ ചെലവും ഏറ്റെടുത്തുകൊണ്ട്. മിടു ക്കനായി പഠിച്ചുകൊണ്ട് അവരുടെ പ്രതീക്ഷക്കും അപ്പു റത്തെത്തി അവൻ.

പത്താംക്ലാസ്സിൽ ഉന്നതവി ജയം നേടിയതിന്റെ സന്തോഷം അടങ്ങും മുൻപേ പേരുപറയാതെ വന്ന ഒരു പനി അവന്റെ അമ്മ യേയും കൊണ്ടുപോയി. പിന്നീട് അയൽവാസിയായിരുന്ന വിൻസെന്റ് മാഷാണ് അവന്റെ അമ്മയുടെ പെട്ടിയിൽ നിന്ന് കിട്ടിയ പഴയ അഡ്രസ്സും കൊണ്ട് രവിയേയും കൂട്ടി തമിഴ്നാട്ടി ലേക്ക് തിരിച്ചത്. പോകും മുമ്പ് അവൻ വന്നിരുന്നു യാത്രപറ യാൻ. മുതിർന്ന ശേഷം അവന്റെ കണ്ണിൽ രൂപംകൊണ്ടിരുന്ന പുതിയ ഒരു 'ഭാവം' കണ്ടില്ലെന്ന് നടിച്ച് നടക്കുകയായിരുന്നതു കൊണ്ട് ഒരു ശല്യം ഒഴിഞ്ഞു പോകുന്നു എന്ന തോന്നൽ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അമ്മയുടെ തറവാട്ടുകാരുടെ സംരക്ഷണത്തിൽ പഠിത്തം തുട രുന്നു എന്നുകാണിച്ച് അവൻ എഴുതിയ കത്തുപോലും പാടെ അവഗണിച്ചു. വർഷങ്ങൾക്കിപ്പു റത്ത് ഇത്തരമൊരു കൂടിക്കാ ഴ്ചക്ക് വഴിയൊരുങ്ങുമെന്ന് ആര റിഞ്ഞു?

ഓർമ്മകളാകുന്ന ഈ

**പോരാൻ നേരം രവി യോട് അവസാനമായി ഒന്നു കൂടി ആവശ്യപ്പെ ട്ടു. നഷ്ടപ്പെട്ട മകൾക്കു പകരം മഞ്ജിമയെ. നിയമപരമായ കുരുക്കു കളെല്ലാം സ്വയം ഏറ്റു കൊണ്ട് പൂർണ്ണമന സ്സോടെ രവി അവളെ തന്നു.**

ഈയാംപാറ്റകൾ ഇത്രനാളും മന സ്സിന്റെ ഏതോ ഒരു പുറ്റിനകത്ത് ഒളിച്ചിരിക്കുകയായിരുന്നോ? പുറത്തെ മഴയത്ത് ആഹ്ലാദ ത്തോടെ പാറിക്കളിക്കുന്ന പാറ്റ കൾ ഇപ്പോൾ എന്റെയുള്ളിൽ നിന്ന് കടന്നുപോയവയാണോ? അടിവയറ്റിൽ അസഹ്യമായ ആ വേദന വീണ്ടും മുളപൊട്ടി. പിടി ച്ചമർത്തിയിട്ടും പൊട്ടിപ്പോയ ഒരു കരച്ചിൽ ആശുപത്രിയെ കിടിലം കൊള്ളിക്കുന്നു.

"ആന്റീ റൊമ്പ പശിക്കിറ്ത് ഏതാവത് സാപ്പാട് കെടക്കുമാ?" മഞ്ജിമയുടെ ചോദ്യം കേട്ടാണ് ഉണർന്നത്. തീവണ്ടിയുടെ നീട്ടിയ ചൂളംവിളി. ഇനിയും താണ്ടാ നുള്ള ദൂരവും കാണാനുള്ള കാഴ്ചകളുമോർത്തുള്ള കാല ത്തിന്റെ വിലാപം പോലെ. ചെറിയ ഒരു കുലുക്കത്തോടെ ഏതോ ഒരു സ്റ്റേഷനിൽ വണ്ടി നിന്നു. കാപ്പിയും ചെറിയ ഒരു വടയും കൊണ്ട് തീരാവുന്ന വിശപ്പേ മഞ്ജിമക്കുണ്ടായിരുന്നു ള്ളൂ.

എത്ര പെട്ടെന്നാണ് ജീവിതം ദിശമാറിയൊഴുകിയത്. കൃത്രിമ ഗർഭധാരണസമയത്ത് സംഭവിച്ച ഒരു അശ്രദ്ധയും അതിനെത്തു ടർന്നുണ്ടായ അണുബാധയും. കൂടെക്കൂടെയുണ്ടായിരുന്ന വയറു വേദന ഗൗരവമായി കാണാതിരു ന്നത് ഡോക്ടറുടെ അനാ സ്ഥയും. എല്ലാം ഒരു നിയോഗം

എന്നുപറയാനാണ് ഞാൻ ആഗ്ര ഹിക്കുന്നത്. മറ്റൊരു മഞ്ജിമ യായി മാറാൻ അവസരം ഉണ്ടാ ക്കാതെ ഗർഭസ്ഥശിശു ഉള്ളിൽ വെച്ചുതന്നെ മരിച്ചു. അവൾ അതുവരെ കിടന്ന വാടകപ്പാത്ര ത്തേയും കൂടെ കൊണ്ടുപോയി. അതവിടെ തന്നെ ഇരുന്നാൽ ഈ അമ്മ ഇനിയും വേദനിക്കേണ്ടിവ രുമെന്ന് മനസ്സിലായോ എന്തോ? അണുബാധയേറ്റ അവയവം നീക്കം ചെയ്യപ്പെടുകയാണെന്നറി ഞ്ഞപ്പോൾ ജീവിതത്തിൽ ഇത്രയും നാളനുഭവിക്കാത്ത വിധം സന്തോഷം തോന്നി. ഇനി ഞാനൊരു സ്ത്രീ അല്ലാതാ കുന്നു എന്ന തോന്നൽ ഉള്ളിലു ണ്ടാക്കിയ സ്വാതന്ത്ര്യബോധവും ചെറുതല്ലായിരുന്നു. എല്ലാം നഷ്ട പ്പെട്ടവനെപ്പോലെ നിൽക്കുന്ന ഭർത്താവിന്റെ മുഖം കണ്ടപ്പോൾ ഒരുപാടു നാളുകൾക്കു ശേഷം ഉള്ളുതുറന്നു ചിരിച്ചു. പിന്നീട് അയാളെ കണ്ടിട്ടേയില്ല. പൊന്മുട്ട യിടാത്ത താറാവ് ഒരു ബാധ്യത തന്നെയല്ലേ! സർജറിക്കുശേഷ മുള്ള നാളുകളിൽ രവിയായിരുന്നു ഏക ആശ്രയം. മുറിവുണങ്ങിയ ശേഷം നാട്ടിലേക്ക് തിരിച്ചു പോരാനുള്ള കാശും അയാൾ തന്നെയാണ് തന്നത്. നാട്ടിൽ അച്ഛനും അമ്മയും ബാക്കിവെ ച്ചിട്ടുപോയ വീടും പറമ്പും ഉണ്ട്. കൂലിപ്പണി ചെയ്തും ജീവിക്കാ മെന്ന ആത്മവിശ്വാസവും കൂട്ടിനു ണ്ട്.

പോരാൻ നേരം രവിയോട് അവസാനമായി ഒന്നു കൂടി ആവ ശ്യപ്പെട്ടു. നഷ്ടപ്പെട്ട കുഞ്ഞിനു പകരം മഞ്ജിമയെ. നിയമപര മായ കുരുക്കുകളെല്ലാം സ്വയം ഏറ്റുകൊണ്ട് പൂർണ്ണമനസ്സോടെ രവി അവളെ തന്നു.

തീവണ്ടിയുടെ ജനാലക്കരികി ലിരുന്ന് കാഴ്ചകൾ കാണുക യാണ് എന്റെ പുതിയ മകൾ. ഞാനെന്റെ ജീവിതം എന്നെന്നേ ക്കുമായി അവൾക്കു കൊടുക്കു ന്നു. വാടകയായി അവൾ തരേ ണ്ടത് നിസ്വാർത്ഥമായ സ്നേഹം മാത്രം. ●

കഥാപഠനം



# ആ ദൂരം ഒരു പാട്ടിന്റേതു മാത്രമല്ല



ദിൽഷാദ്

**'അകം'**, 'പുറം' എന്ന കൃത്യമായ വേർതിരിക്കലിൽ 'അകം' ലോകമായി ലഭിച്ച വരുടെ കൂട്ടത്തിൽ ഒരുവളുടെ യാത്രാനുഭവ മാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'ഒരു പാട്ടിന്റെ ദൂരം' എന്ന ചെറുകഥ. തീരു മാനിച്ചുറപ്പിച്ചല്ല മറിച്ച് ദൂരെയുള്ള ഒറ്റപ്പെട്ട സ്ഥലത്തെ തന്റെ ഹോസ്റ്റലിലേക്ക് കൂടെ വരാൻ ജോലിത്തിരക്ക് കാരണം അച്ഛനു സാധിക്കാത്തതിനാൽ അല്ലി എന്ന എം.ബി. ബി.എസ് വിദ്യാർത്ഥിനിക്ക് ഒറ്റക്ക് യാത്ര ചെയ്യേണ്ടി വരുന്നു. നിരന്തരമായ സുരക്ഷാ വേവലാതികൾക്കിടയിലും അമ്മക്ക്, പകുതി വഴിയിൽ കാത്തുനിൽക്കാമെന്ന അച്ഛന്റെ ഉറപ്പിൽ അവളെ ഒറ്റക്ക് പറഞ്ഞയക്കേണ്ടി വന്നു. സ്ത്രീകളുടെ ഒറ്റക്കുള്ള യാത്രയു മായി ബന്ധപ്പെട്ട് നമ്മുടെ സാധാരണ സംഭാഷണങ്ങളിലും നിത്യവാർത്തകളിലും കടന്നുവരുന്ന പരിചിതവും നിരന്തരവുമായ ഓർമ്മപ്പെടുത്തലുകളാണ് കഥയിൽ ക്രമ മായ സംഭവങ്ങളായി തീരുന്നത്. കെണ യിൽപ്പെടുത്താൻ കാത്തിരിക്കുന്ന പുറം ലോകം പെരുമാറാമെന്ന് വിചാരി ക്കുന്ന രീതികളും കഥാപാത്ര ങ്ങളും സംഭാഷണങ്ങളുമെല്ലാം ഈ ധാരണയുമായി ചേർന്നുപോ കുന്നവ തന്നെ.

ബസ്സിൽവെച്ച് ഉറങ്ങിപ്പോ കുന്ന അല്ലി, അച്ഛൻ കാത്തു നിൽക്കാമെന്ന സ്റ്റോപ്പു കഴിഞ്ഞ് ഉണരുമ്പോൾ അടുത്തിരുന്ന സ്ത്രീ സമാധാനിപ്പിച്ച് അവരോ ടൊപ്പം നിർബന്ധിച്ച് അവരുടെ വീട്ടിലെത്തിക്കുന്നു. ശേഷം അവ രുടെ മകനോടൊപ്പം ഹോസ്റ്റൽ ഇവിടെ അടുത്താണെന്നറിയിച്ച് അവളെ പറഞ്ഞുവിടുന്നു. ഭയത്തി ന്റേയും അനിശ്ചിതത്വത്തിന്റേയും സായാഹ്നമാനത്തിലൂടെ നടന്ന്, കാടിനറ്റം ഹോസ്റ്റൽ കണ്ടുതുട ങ്ങുന്നു. അപ്രതീക്ഷിതമായി 'പുറം' കാത്തുവെച്ചിരിക്കുന്ന ലക്ഷണമൊത്ത കെണികളുടെ

ചിത്രീകരണത്തിലൂടെ വികസിക്കുന്ന കഥ ശുഭപര്യവസാനിയാകുന്നു.

എത്ര ശ്രമപ്പെട്ട് ട്യൂൺ ചെയ്തിട്ടും ശരിയായി കേൾക്കാൻ കഴിയാത്ത ഒരു പാട്ടിന്റെ അകമ്പടിയോടെയാണ് കയ്യിലൊരു ട്രാൻസിസ്റ്റർ റേഡിയോയുമായി കഥയിലെ ചേച്ചിയുടെ മകൻ അല്ലിയെ ഹോസ്റ്റലിൽ എത്തിക്കുന്നത്. പിറ്റേന്ന് രാവിലെ എത്രതന്നെ തെരഞ്ഞിട്ടും കാണാൻ കഴിയാത്ത തലേന്നുവന്ന ഒറ്റയടിപ്പാത അടുത്തും അകന്നും അവളെ ചിന്താക്കുഴപ്പത്തിലാക്കുന്നു. മേട്രന്റെ ശാസനകൾ അവളെ വീണ്ടും ഹോസ്റ്റലിനകത്തേക്കും പരീക്ഷാത്തിരക്കിലേക്കുമെത്തിക്കുന്നു. എന്നാൽ ഒരു പാട്ടിന്റെ ദൂരത്തിലേക്ക്, കാട്ടിലേക്ക് ഇടക്ക് ജനാലകൾ തുറന്ന് കാതോർക്കുന്നു.

സ്ത്രീയുടെ പുറം ഇടപെടലുകളെ പരാമർശിക്കുന്ന നമുക്ക് പരിചിതമായ, അല്ലെങ്കിൽ നിരന്തരം പരിചയിക്കപ്പെടുന്ന അപകട ചിഹ്നങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. അമ്മയുടെ ആധികൾ, ഹൈഹീൽഡ് ചെരുപ്പ്, മൊബൈൽ ഫോൺ പരാമർശങ്ങൾ, സുഹൃത്തായ ആബിദിനോട് സംസാരിക്കുമ്പോൾ അമ്മ നോക്കുന്നതുപോലെ അല്ലിക്കനുഭവപ്പെടുന്നത്, അമ്മയുടെ മിസ്ഡ് കോളുകൾ– എല്ലാം ഈ ചിഹ്നങ്ങളുടെ തുടർച്ചകളാണ്. ബസ്സിൽ കണ്ടുമുട്ടിയ ബ്യൂട്ടീഷനായ ചേച്ചി, കോളേജുടമസ്ഥൻ, കള്ളുകച്ചവടക്കാരനും കൂട്ടിക്കൊടുപ്പുകാരനുമായ ഭാർഗ്ഗവൻ മുതലാളി, ചേച്ചിയുടെ വീട്ടിൽ നിന്നും കേൾക്കുന്ന പെൺകുട്ടിയുടെ കരച്ചിൽ, കാട്ടിലൂടെയുള്ള നടത്തത്തിനിടയിൽ അല്ലി പ്രതീക്ഷിക്കുന്ന അപകടങ്ങൾ, ജോലിയെക്കുറിച്ചുള്ള ചേച്ചിയുടെ വിവരണം, കൊഴുപ്പു നീക്കാനുള്ള സർജറിയെക്കുറിച്ചുള്ള അന്വേഷണം, മകന് വിസ ലഭിക്കാൻ ഒരു

**ഹോസ്റ്റൽ അവളെ 'അമ്മ'യെപ്പോലെ കാത്തുനിൽക്കുന്നു. പെണ്ണിനോടുള്ള ആണിന്റെ പുച്ഛം സഹയാത്രികന്റെ കണ്ണിൽ കാണുന്നു. എങ്കിലും ആൺവണ്ടിയുടെ ഭീഷണിയെ അവനുനേരെ കൈവീശി അവൾ നിഷ്ക്രിയമാക്കുന്നു**

ക്ലയന്റ് സഹായിച്ചത് തുടങ്ങി കഥയിലെ സംഭാഷണങ്ങളിലുപയോഗിക്കുന്ന വാക്കുകളും സംഭവങ്ങളും ഇത്തരം ചിഹ്നങ്ങളാൽത്തന്നെ വായനക്കാർക്ക് എളുപ്പം പിടിച്ചെടുക്കാൻ കഴിയുന്നവയാണ്. കാരണം, സ്ത്രീസുരക്ഷയെക്കുറിച്ചുള്ള ആധികളിൽ ആവർത്തിച്ചുപയോഗിക്കപ്പെടുന്ന അപകടചിഹ്നങ്ങളാണവ. എന്നാൽ കഥയുടെ ആകസ്മികമായ അവസാനം ഒന്നുകിൽ ഏറ്റവും അഗാധവും പ്രസന്നവുമായ മനുഷ്യപ്രതീക്ഷയുടേതാണ്. അല്ലെങ്കിൽ സ്ത്രീകൾക്കാവശ്യമാണെന്ന് വിചാരിക്കപ്പെടുന്ന പുറംപേടിയുടെ പ്രകാശനമോ എല്ലാ പേടിയും അസ്ഥാനത്താണെന്ന ശുഭപ്രതീക്ഷ(?)യോ ആയും അത് വായിക്കാമെന്നു തോന്നുന്നു.

മുൻകൂട്ടി വിധാനം ചെയ്യപ്പെട്ട ധാരണകളിൽ കാലുറപ്പിച്ചു നിന്നാണ് അല്ലി താൻ സഞ്ചരിക്കുന്ന വഴികൾ കാണുന്നത്. ഹോസ്റ്റൽ അവളെ 'അമ്മ'യെപ്പോലെ കാത്തുനിൽക്കുന്നു. പെണ്ണിനോടുള്ള ആണിന്റെ പുച്ഛം സഹയാത്രികന്റെ കണ്ണിൽ കാണുന്നു. എങ്കിലും ആൺവണ്ടിയുടെ ഭീഷണിയെ അവനുനേരെ കൈവീശി അവൾ നിഷ്ക്രിയമാക്കുന്നു; കൂട്ടുകാരൻ കൂടെയുണ്ടെന്ന് തന്നെത്തന്നെ ബോധ്യപ്പെടുത്തിക്കൊണ്ട് ഹോസ്റ്റലിന്റെ സുരക്ഷിതത്വത്തിൽ ഇടയ്ക്ക് ജനാല തുറന്നിടുമ്പോൾ കാണാറുള്ള പച്ചപ്പിൽ ഒരു പാട്ടിന്റെ ദൂരത്തിൽ സ്വസ്ഥയും സുരക്ഷിതയുമാകുന്നു. ആ രണ്ട് സുരക്ഷിതത്വങ്ങൾക്കിടയിലെ ദൂരം പുറത്താക്കി ജനാല അടക്കുന്നതോടെ 'അകം' മുദ്രണം ചെയ്യപ്പെട്ട കൂട്ടത്തിലേക്ക് നിരതെറ്റാതെ ചേരുന്നു. വാതിലുകളുടേയും വഴികളുടേയും ഭീഷണി പുറത്താവുന്നു. അരക്ഷിതാവസ്ഥയും ഭയവും ഉത്കണ്ഠകളും മുന്നോട്ട് നയിക്കുന്ന കഥയുടെ ഭാവം ജീവിതാനന്ദത്തിന്റേതല്ല. ജീവിതത്തിന്റെ ആഹ്ലാദങ്ങളും പ്രതീക്ഷകളുമൊന്നുംതന്നെ കഥയിൽ നിർഭയമായി പ്രത്യക്ഷപ്പെടുന്നില്ല. ഭയാശങ്കകൾ മാത്രം പ്രകടിപ്പിക്കുന്ന ഈ സ്നേഹബന്ധങ്ങൾ നമുക്ക് അപരിചിതവുമല്ല. എന്നാൽ, പുറംലോകത്തിൽ ആരോപിക്കപ്പെടുന്ന അരക്ഷിതാവസ്ഥകളിൽ നിന്നും 'അകം' എത്രമാത്രം മുക്തമാണ്. ജനലും വാതിലുമടച്ച് പുറത്താക്കാനാവാത്ത, അല്ലെങ്കിൽ ആ അടയലിൽ തുറക്കുന്ന 'അകം' എല്ലാ ദൂരമാപിനികളേയും അപ്രസക്തമാക്കും വിധം സ്ത്രീജീവിതത്തിൽ മുദ്രിതമാണ്. അതുകൊണ്ടു കൂടിയാവാം 'അക' ക്കാഴ്ചകൾ സ്ത്രീരചനകളിൽ മുന്നിട്ടു നിൽക്കുന്നത്. 'പുറ'ത്തെക്കുറിച്ച് പറയുമ്പോഴും. ഈ അകം/പുറം വൈരുദ്ധ്യവും തത്സംബന്ധമായ ഭീതികളും സ്ത്രീയുടെ പുറംലോകബന്ധവും ലൈംഗികതയും നിരന്തരം ഭയം ജനിപ്പിക്കുന്നതും നിരീക്ഷിക്കപ്പെടേണ്ടതുമായി നിലനിർത്തുന്നു. 'സുരക്ഷിതത്വ'ത്തിന്റെ അകവാതിലുകൾ തുറന്ന് വഴികാട്ടുന്നു.

നിയന്ത്രണവിധേയവും നിഗൂഢവുമായ ഒന്നായി 'ലൈംഗികത' വീക്ഷിക്കപ്പെട്ടു തുടങ്ങിയത് വിക്ടോറിയൻ കാലഘട്ടം മുതലാണെന്ന് മിഷേൽഫൂക്കോ തന്റെ 'ലൈംഗികതയുടെ ചരിത്രം' എന്ന പുസ്തകത്തിൽ നിരീക്ഷി


ക്കുന്നു. പ്രത്യുല്പാദനം ലക്ഷ്യം വെക്കുന്ന ലൈംഗികത കുടുംബത്തിന്റെ വിഷയമാകുകയും അത് സ്ത്രീകളുടെ മേലുള്ള നിയന്ത്രണമായി മാറുകയും ചെയ്ത പുരുഷന്റെ അധികാരവും സ്ത്രീയുടെ വിധേയത്വവും കുടുംബം നിലനിർത്തി. എല്ലാ കവിഞ്ഞുപോക്കുകളും സദാചാരനിഷ്ഠകളും പാരമ്പര്യവീമ്പുകളും കൊണ്ട് തടയപ്പെട്ടു. അതിന്റെ പ്രധാന ആയുധവും കവചവും നിരന്തരമായി സ്ത്രീസമൂഹത്തിന് നൽകപ്പെട്ട പുറംലോകഭയവും സുരക്ഷാഭീതിയുമായിരുന്നു.

പിന്നീട് തെരഞ്ഞ് കണ്ടെടുക്കാൻ കഴിയാത്ത വഴിയിലവസാനിക്കുന്ന ഈ കഥ ഒരു യാദൃച്ഛികതയുടെ പ്രതീക്ഷയിലാണ് ചെന്നുമുട്ടുന്നത്. യാദൃച്ഛികമെങ്കിലും അത് പ്രതീക്ഷ തന്നെയാണ്. എന്നാൽ അത്ര തന്നെ അത് യാദൃച്ഛികവുമാണ്. ഈ യാദൃച്ഛികതയിലാണ് കഥ പൊടുന്നനെ ആശ്വാസത്തിന്റെ തലപ്പുകൾ കണ്ടുതുടങ്ങുന്നത്. എന്നാൽ, പുറം ലോകത്തിന്റെ ആരോപിക്കപ്പെടുന്ന അരക്ഷിതാവസ്ഥയിൽ നിന്നും ഭാർഗ്ഗവൻ മുതലാളിയുടെ വിദ്യാഭ്യാസകേന്ദ്രം എന്തുതരം സുരക്ഷയാണ് അല്ലിക്ക് വാഗ്ദാനം ചെയ്യുന്നത്? ഈ സുരക്ഷിതത്വം മറ്റു ചിലതിന്റെ സൂചനയാണോ? അല്ലെങ്കിൽ ഇതുതന്നെയാണ് അത് എന്നും ഇതാണ് ഏറ്റവും പ്രധാനം എന്നുമായിരിക്കുമോ? മനുഷ്യബന്ധങ്ങളുടെ നിർമ്മിതിയിലും വിനിമയങ്ങളിലും സ്വാധീനം ചെലുത്തുന്ന ചിന്താഘടകങ്ങളെ അത് വ്യഞ്ജിപ്പിക്കുന്നുണ്ടോ? എന്നാൽ ആശങ്കകളുടെ അത്തരം ഘടകങ്ങൾ ശക്തിമത്തായിരിക്കുന്നത് അതിന്റെ തുടർഫലങ്ങൾ സാധാരണതയായി പുലരുന്ന വ്യവസ്ഥിതിക്കകത്താണ്. പുരുഷൻ സർവ്വാധികാരിയായ മൂല്യവ്യവസ്ഥിതിയിൽ സ്ത്രീയുടെ ഭയം സാധാരണതയായി തീർന്നതുപോലെ. എന്നാൽ മറ്റൊരു വ്യവസ്ഥിതിയിൽ എന്നാൽ ഇതേ വ്യവസ്ഥയിൽ ഭൗതികമായി നിലനിൽക്കെത്തന്നെ, സ്വയം മാറ്റിപ്പണിയുന്നവർക്കിടയിൽ അതങ്ങനെ മാത്രമായിരിക്കണമെന്നില്ല. തന്നെയുമല്ല, വിവിധങ്ങളായ എതിർസാധ്യതകൾ ലഭിക്കാനിടയുണ്ടെന്നും വരാം. കാരണം ആ ദൂരം ഒരു പാട്ടിന്റേതുമാത്രമല്ലെന്നു കണ്ടെടുക്കാൻ കഴിയാതെ മാഞ്ഞ ഒറ്റവഴികൾ പറയുന്നു, കഥ ദൂരങ്ങളിലേക്കു വളരുന്നു. ●

# ചുംബനസമരം ചെയ്തവർക്ക് അഭിവാദ്യങ്ങൾ!

(നവംബർ 3-ാംതിയ്യതി അന്വേഷി നൽകിയ പത്രപ്രസ്താവന)

ഇന്നലെ കൊച്ചിനഗരം പുതുമയാർന്ന ഒരു സമരത്തിന് സാക്ഷ്യം വഹിച്ചു. കോഴിക്കോട് ഡൗൺടൗൺ ഹോട്ടൽ കഴിഞ്ഞ ദിവസം സദാചാര പോലീസ് ചമഞ്ഞ് യുവമോർച്ചക്കാർ അടിച്ചു തകർത്ത സംഭവത്തോട് പ്രതിഷേധിച്ചുകൊണ്ടാണ് ഇന്നലെ യുവജനങ്ങൾ പ്രതീകാത്മകമായി ചുംബനസമരം നടത്തിയത്. അന്യോന്യം സ്നേഹിക്കുന്നവർ തമ്മിൽ– അമ്മയും മകനും, അച്ഛനും മകളും, ആങ്ങളയും പെങ്ങളും, മാമനും മരുമകളും, ഭാര്യയും ഭർത്താവും കാമുകിയും കാമുകനും സുഹൃത്തുക്കളും ഒക്കെ തമ്മിൽ ഉഭയസമ്മതത്തോടെ കെട്ടിപ്പിടിക്കുകയും ഉമ്മവെക്കുകയും ചെയ്യുന്നത് അനാശാസ്യമാണെന്നു കാണുന്ന പൊതുസമൂഹ മനോഭാവത്തെ മാറ്റിയെടുക്കേണ്ടകാലം എന്നോ അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ മനുഷ്യർ തമ്മിൽ സ്നേഹപ്രകടനം നടത്തുന്നത് പലപ്പോഴും 'അടക്കത്തിലും ഒതുക്കത്തിലും' ആയിരിക്കണമെന്ന തിട്ടൂരം ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.



ഇന്നലെ ഈ സമരത്തോട് പ്രതിഷേധിച്ചത് യുവമോർച്ച, ശിവസേന, സമസ്ത, എസ്.ഡി.പി.ഐ തുടങ്ങിയ തീവ്രവർഗ്ഗീയ സംഘടനകളാണ് എന്നത് തന്നെ ഈ സമരത്തിന്റെ പുരോഗമന സ്വഭാവം തെളിയിക്കുന്നു. കേരളത്തിന്റെ 'സാംസ്കാരിക പൈതൃകം' എന്ന കാപട്യത്തെ തുറന്നു കാട്ടുന്നതിൽ ഈ സമരം വിജയിച്ചിരിക്കുന്നു.

ലൈംഗികപീഡനങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് സ്നേഹിക്കാനുള്ള തങ്ങളുടെ അവകാശത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച ഈ യുവജനങ്ങൾക്ക് അന്വേഷിയുടെ ഹാർദ്ദവമായ പിന്തുണ അർപ്പിക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെപ്പോലെ ഹിന്ദുത്വത്തിന് കേരളത്തിൽ ഒരു വെല്ലുവിളിയില്ലാതെ പോകില്ല എന്നുകൂടി ഈ സമരം തെളിയിച്ചിരിക്കുന്നു. ●

കവർസ്റ്റോറി

# സ്ത്രീ ആഖ്യാനങ്ങളിലെ കുടുംബവും ലിംഗപദവിയും





**ബിന്ദു നരവത്ത്**

**ഓരോ** എഴുത്തുകാരിയും/കാരനും തന്റെ ചുറ്റുപാടിനെ എഴുത്തിലൂടെ പുനരാവിഷ്കരിക്കുകയാണ് ചെയ്യുന്നത്. തന്റെ ചുറ്റുപാടിനെ പുനർനിർമ്മിക്കുമ്പോഴാണ് എഴുത്ത് സമൂഹത്തിന്റെ സാംസ്കാരിക പരിസരം നിർണയിക്കുന്ന പ്രക്രിയയായി ഉയരുന്നത്. സമൂഹത്തിന്റെ ഘടകങ്ങളിൽ പരമപ്രാധാന്യമർഹിക്കുന്ന ഒന്നാണ് കുടുംബം. അതു കൊണ്ട് തന്നെ സാഹിത്യത്തിൽ എങ്ങനെയെല്ലാം കുടുംബം ചിത്രീകരിക്കപ്പെടുന്നു എന്ന് പഠിക്കേണ്ടത് ഓരോ കാലത്തിലും ഒരനിവാര്യതയാണ്. സാമൂഹികമാറ്റങ്ങളെ അടുത്തറിയുന്നതിന്റെ ഭാഗമായും ഇത്തരമൊരന്വേഷണം പ്രസക്തമാണ്. അതോടൊപ്പം കുടുംബത്തിനകത്ത് നിർണയിക്കപ്പെടുന്ന ലിംഗപദവിയും വിശകലന വിധേയമാക്കേണ്ടതുണ്ട്.


അത്തരമൊരു തിരിച്ചറിവിൽ നിന്നുകൊണ്ട് ചന്ദ്രമതിയുടെ 'രത്നാകരന്റെ ഭാര്യ' എന്ന കഥാസമാഹാരത്തിലെ കഥകളെ പഠിക്കുക എന്നതാണ് ഈ പ്രബന്ധ ലക്ഷ്യം. രതാനാകരന്റെ ഭാര്യ, അന്താരാഷ്ട്ര വനിതാദിനം, മഹർഷിമാമന്റെ അനന്തരവൾ എന്നീ കഥകളെ മുൻനിർത്തിയാണ് കുടുംബവും ലിംഗപദവിയും വിശകലനം ചെയ്യുന്നത്. സ്ത്രീസൗന്ദര്യബോധത്തിനകത്ത് കുടുംബവും ലിംഗപദവീബോധ്യങ്ങളും എത്തരത്തിൽ ചിത്രീകരിക്കുന്നു എന്ന അന്വേഷണം ഏറെ പ്രസക്തമാണ്. മാനസികവും ശാരീരികവും സാമ്പത്തികവുമായ സ്ത്രീയുടെ അടിമത്വം പ്രത്യക്ഷത്തിൽ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. പ്രത്യേകിച്ച് പുരുഷാധിപത്യ രാഷ്ട്രീയബോധത്തിനകത്ത് ചലനം കൊള്ളുന്ന കുടുംബവ്യവസ്ഥയിൽ. അതുകൊണ്ടാണ് കുടുംബത്തെ രാഷ്ട്രീയമായും സാമൂഹികമായും, സാമ്പത്തികമായും കണ്ടുകൊണ്ടുള്ള വിലയിരുത്തൽ ആവശ്യമായി വരുന്നത്.

ലിംഗപദവീമൂല്യങ്ങൾ കുടുംബത്തിലെ സ്ത്രീപുരുഷ വ്യവഹാരങ്ങളെ ചിട്ടപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഓരോ വ്യക്തിയുടെയും അനുഭവങ്ങൾ, അത് രൂപപ്പെടുത്തുന്ന കാഴ്ചപ്പാടുകൾ എന്നിവ വ്യതിരിക്തമാണ്. ഓരോ വ്യക്തിയുടെയും നിലപാടുകളെ നിലവിലെ ലിംഗവ്യവസ്ഥ വലിയ അളവിൽ നിർണയിക്കുന്നുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും അനുഭവങ്ങൾ വ്യത്യസ്തമായതിനാൽ അവരുടെ യാഥാർത്ഥ്യങ്ങളും (Realities) വ്യത്യസ്തമാണെന്ന സ്പെൻസർ ഡെയ്‌ലിന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. സ്ത്രീ പുരുഷ ലിംഗപദവീമുല്യങ്ങൾ ഒരേ സാമൂഹിക സാംസ്കാരിക സന്ദർഭത്തിൽ രണ്ടാവുന്നതിന്റെ യുക്തിയും അതാണ്. സമൂഹത്തിൽ അധികാരം കൈയ്യാളുന്നവന്റെ മൂല്യങ്ങൾ സ

മൂഹത്തിന്റെ സർവമേഖലകളിലേക്കും വ്യാപിക്കുക സ്വാഭാവികമാണ്. ഇത്തരം മൂല്യങ്ങളെ ഉൾക്കൊള്ളുകയും പുനരുൽപാദിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളിലൊന്നാണ് കുടുംബം. ഈ സാംസ്കാരിക സന്ദർഭത്തിൽ നിന്ന് കൊണ്ട് കുടുംബം സാഹിത്യത്തിൽ എങ്ങനെയെല്ലാമാണ് ചിത്രീകരിക്കുന്നത് എന്ന് വിലയിരുത്തുകയാണിവിടെ.

സമൂഹത്തിന്റെ മറ്റേതൊരംശങ്ങളെയും പോലെ കുടുംബം എന്ന സങ്കൽപം കാലാകാലങ്ങളിൽ അനേകം പരിണാമങ്ങളിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. മനുഷ്യൻ സാമൂഹ്യജീവിതം ആരംഭിക്കുമ്പോൾ കൂട്ടായ്മയുടെ ഒരു പൊതുഇടത്തിലാണ് കുടംബത്തിന്റെ ആദിമരൂപം ദർശിക്കാനാവുക. എന്നാൽ പിൽക്കാലത്ത് കുടുംബം ആൺകോയ്മാ പ്രത്യയശാസ്ത്രത്താൽ അട്ടിമറിക്കപ്പെട്ടു എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. മരുമക്കത്തായത്തിലും മക്കത്തായത്തിലും കുടംബത്തിന്റെ അധികാരി ആണായി തീർന്നതും അതുകൊണ്ടാണ്. കുടംബത്തിന്റെ നിലനിൽപ് ഈ രണ്ട് ദായക്രമത്തിലും സ്വത്തിന്റെ പിന്തുടർച്ചാവകാശവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. 'കുടുംബം, സ്വകാര്യ സ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം' എന്ന ഗ്രന്ഥത്തിൽ കുടംബത്തിന്റെ പരിണാമത്തെ ചരിത്രപരമായും സാമ്പത്തികമായും പരിഗണിച്ചുകൊണ്ട് വിശദമായി ഏംഗൽസ് പഠനവിധേയമാക്കുന്നുണ്ട്. വർഗവൈരുദ്ധ്യം ആരംഭിക്കുന്നത് കുടുംബത്തിനകത്തെ സ്ത്രീപുരുഷ ബന്ധത്തിൽ നിന്നാണെന്ന് ഏംഗൽസ് രേഖപ്പെടുത്തി.

സ്ത്രീ സമത്വം വന്നാലേ ലിംഗസമത്വവും വർഗസമത്വും സാധ്യമാവൂ എന്ന മാർക്സിയൻ ദർശനം ഉപദർശിക്കുന്നു. എല്ലാ സമത്വത്തിന്റെയും അടിസ്ഥാനം സ്വത്തിന്റെയും അധികാരത്തിന്റെയും പങ്കുവെയ്ക്കലാണെന്നും മുന്നോട്ടുവെച്ചു. എന്നാലിന്ന് കുടുംബം പരിഗണിക്കുമ്പോൾ അധ്വാനം , സ്വത്ത് എന്നിവയിലൊക്കെ സ്ത്രീ അധികാരിയും ഉടമയും ആയിരിക്കുമ്പോൾ പോലും തുല്യ ലിംഗപദവി കൈയാളാൻ ന്യൂനപക്ഷം സ്ത്രീകൾക്കേ സാധ്യമാകുന്നുള്ളൂ എന്ന് കാണാം. കുടുംബഘടനയിലും ഭൗതിക സാഹചര്യങ്ങളിലും ഉള്ള മാറ്റത്തിനനുയോജ്യമായിട്ട് സ്ത്രീപുരുഷ വ്യവഹാരങ്ങൾ മാറുന്നില്ല. കുടുംബത്തിനകത്തെ സ്ത്രീപുരുഷൻമാരുടെ വിവിധ റോളുകൾക്ക് അഥവാ ധർമ്മങ്ങൾക്ക് കാര്യമായ മാറ്റം വരാത്തതിലുള്ള വൈരുദ്ധ്യം പുതിയ കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രശ്നമാണ്.



നിലവിലെ സാമൂഹിക വ്യവസ്ഥ മേൽകൈയാളിയത് പുരുഷനാണെന്നു വെയ്ക്കേ അത്തരം സാംസ്കാരിക സന്ദർഭങ്ങളിൽ ഭാഷയോടും ആഖ്യാനത്തോടും വ്യവസ്ഥയോടും വിയോജിക്കുന്നതായിരിക്കും സ്ത്രീ എഴുത്ത്. ഇത്തരത്തിൽ സവിശേഷമായ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന കഥകളാണ് ചന്ദ്രമതിയുടെ 'രത്നാകരന്റെ ഭാര്യ' എന്ന കഥാസമാഹാരത്തിലുള്ളത്. ഇതിഹാസ പുരാണങ്ങളുൾപ്പെടെ നിലനിൽക്കുന്ന ആഖ്യാനങ്ങളെ, സാമൂഹിക സാംസ്കാരിക മൂല്യങ്ങളെയൊക്കെ പുനർനിർമ്മിക്കുകയാണ് ഈ മുന്ന് കഥകളും ചെയ്യുന്നത്.

രത്നാകരന്റെ ഭാര്യ എഴുത്തുകാരിയുടെ കുട്ടിക്കാലത്ത് അമ്മൂമ്മയിൽ നിന്നും കേട്ട കാട്ടാളൻ കവിയായ (വാല്മീകിയുടെ) കഥയെ പുതിയ കാലത്തു നിന്നുകൊണ്ട് പുനരാഖ്യാനം ചെയ്യുകയാണ് ഈ കഥയിലൂടെ.ഒരേ പേരുള്ള രണ്ട് വ്യക്തികളിലൂടെ രണ്ട് സാമ്പത്തിക ശ്രേണിയിലുള്ളവരുടെ കഥപറയുകയാണ് ഇവിടെ. 'കാട്ടാളൻ കവിയായതെങ്ങനെ' എന്ന കുട്ടിയുടെ ചോദ്യത്തിലൂടെ കാട്ടാളനായ പിന്നീട് കവിയായ ഇതിഹാസകാരനായ രത്നാകരനും കഥയിലെ അദൃശ്യ സാന്നിധ്യമാകുന്നു. തന്റെ ഭാര്യയ്ക്കും മക്കൾക്കുമൊക്കെയായി പിടിച്ച് പറിച്ചു നടന്ന കാട്ടാളനെ ഭാര്യയും മക്കളും തള്ളി പറയുന്നിടത്ത് കാട്ടാളനോട് സ്നേഹവും കാട്ടാള സ്ത്രീയോട് നിന്ദയും രൂപീകരിച്ചുകൊണ്ടാണ് പുരാണത്തിലെ രത്നാകരന്റെ കഥ നിലകൊള്ളുന്നത്.

കാട്ടാളൻ കവിയായ കഥ കുട്ടി ആരായുന്നത് ഒരു കോളേജ് അധ്യാപകനോടാണെങ്കിൽ മറുപടി കഥാകൃത്ത് ഊഹിക്കുന്നത് ഇപ്രകാരമാണ്. കാട്ടാളൻ കവിയായത് ഒരു സ്ത്രീ കാരണമാണ്–അയാളുടെ തന്നെ ഭാര്യ! ചരിത്രത്താൽ തമസ്കരിക്കപ്പെട്ടവൾ! ശക്തിയുടെ രൂപകം (പു.16.2012). ഇവിടെ അക്കാഡമിക് തലത്തിലുള്ള സത്രീവാദങ്ങളെ മറികടന്ന് സ്ത്രീ ശക്തയാകേണ്ടത് പ്രായോഗികത ജീവിതത്തിലൂടെയാണെന്ന് കഥാകാരി ഉറപ്പിക്കുന്നുണ്ട്.

ഈ കഥയിൽ പ്രധാനമായും രണ്ട് രത്നാകരൻമാരുടെ കുടുംബസാമൂഹ്യ ജീവിതത്തെ കേന്ദ്രീകരിച്ചാണ് ആഖ്യാനം ചെയ്തിരിക്കുന്നത്. രണ്ട് സാമ്പത്തികവർഗങ്ങളെയാണ് ഇരുകുടുംബങ്ങളും പ്രതിനിധാനം ചെയ്യുന്നത്. എന്നാലവട്ടെ അവർ പങ്കിടുന്നത് ഒരേ ലിംഗപദവിയാണുതാനും. ഈ വൈരുദ്ധ്യങ്ങളെ കഥയ്ക്കുള്ളിൽ ഹാസ്യാത്മകമായി കൈകാര്യം ചെയ്യാൻ എഴുത്തിനാകുന്നുണ്ട്.

കഥയിലെ രണ്ട് രത്നാകരൻമാരും കാട്ടാളന്റേതിന് സമാനമായ രീതിയിൽ തൊഴിലെടുത്ത് സമ്പത്താർജിക്കുന്നവരാണ്. ആദ്യത്തെ രത്നാകരൻ മണലൂറ്റിയാണ് സാമ്പാദിക്കുന്നതെങ്കിൽ രണ്ടാമത്തെ രത്നാകരൻ മേലനങ്ങാതെ ഇടനിലക്കാരനായി നിന്ന് സമ്പാദിക്കുന്ന പണവും നേരായ മാർഗത്തിലല്ല. ഇവിടെ ഈ രണ്ട് കുടുംബങ്ങളിലും ഭാര്യമാർ കാട്ടാളത്തമുള്ള ആധുനിക രത്നാകരൻമാരുടെ ചെയ്തികളെ പ്രതിഷേധിച്ച് ഒറ്റപ്പെടുത്തുന്നു. കാട്ടാളൻ പഴഞ്ചനായാലും ആധുനികനായാലും സ്വയം തിരുത്തിന്നിടത്തേ, തിരിച്ചറിയുന്നിടത്തേ മറ്റുള്ളവരെ മാനവികമൂല്യങ്ങളിൽ നിന്ന് പരിചിരിക്കാനാവൂ എന്ന് ഈ കഥ മുന്നോട്ടുവെയ്ക്കുന്നു.

രണ്ട് കുടുംബങ്ങളിലെയും വസ്തുക്കൾ, വ്യവഹാരങ്ങൾ എന്നിവയെ പരസ്പര പൂരകങ്ങളായി വിരുദ്ധോക്തിയിൽ നിന്ന് കൊണ്ട് ചിത്രീകരിക്കുന്നിടത്താണ് കഥ ഹാസ്യാത്മകമായ ആസ്വാദനം സാധ്യമാക്കുന്നത്.സാമ്പത്തിക അന്തരം രണ്ടുകുടുംബങ്ങളിലും വളരെ പ്രത്യക്ഷമായി ഭൗതികാവസ്ഥയിലും വ്യവഹാരങ്ങളിലും പ്രകടമായി കാണാം. സാമ്പത്തികമായി താഴ്ന്ന വർഗത്തിൽ പെട്ട ആദ്യത്തെ രത്നാകരന്റെ കുളിമുറിയിൽ സിമന്റ് പൊട്ടിപ്പൊളിഞ്ഞ് പുല്ല് പൊന്തിയും അരച്ചുമർ അടുക്കളയുമാണുള്ളത്. രണ്ടാമത്തെ രത്നാകരന്റെ വീട്ടിലാവട്ടെ കുളിമുറിയിൽ പഞ്ച നക്ഷത്ര പുൽത്തകിടിയും മോഡുലാർ അടുക്കളയുമാണുള്ളത്. അവിടങ്ങളിൽ രൂപപ്പെടുന്ന സ്ത്രീപുരുഷ ഇടപെടലുകളിലെ സമാനതയും ചേർന്നതാണ് കഥയിൽ ഹാസ്യമാവുന്നത് എന്ന് കാണാം. ഭൗതിക സാഹചര്യങ്ങളിൽ വ്യത്യാസം നിലനിൽക്കുമ്പോൾ തന്നെ ലിംഗപദവീ ബന്ധങ്ങളിൽ ഒരേപോലെ ശ്രേണീബദ്ധത രണ്ടിടത്തും നില നിൽക്കുന്നു. പുരുഷമേൽകോയ്മയക്കകത്ത് സ്ത്രീ അടിമത്തം എങ്ങനെയെല്ലാം നിലനിൽക്കുന്നുവെന്ന് ഈ കഥ അടയാളപ്പെടുത്തുന്നു.

പ്രവീണ രത്നാകരനോട് വീട്ടിലിനി മദ്യസൽക്കാരം അനുവദിക്കില്ല എന്നും ബോർഡിങ്ങിലുള്ള മക്കളെ തിരിച്ച് വിളിച്ചാൽ അവർ തന്റെ മാനം കാക്കുമെന്നും പ്രഖ്യാപിക്കുന്നു. രണ്ട് വർഗത്തിലെയും സ്ത്രീ വ്യവഹാരങ്ങൾ വ്യത്യസ്തമാണ്

ഒന്നാമത്തെ കുടംബത്തിലെ ഡ്രൈവർ രത്നാകരന്റെ ഭാര്യയെ കഥാകാരി പരിചയപ്പെടുന്നത് ഇപ്രകാരമാണ്.  അവളുടെ പേര് ഇന്ദുലേഖ. തൊട്ടടുത്തുള്ള അംഗൻവാടിയിലെ തൂപ്പ് ജോലിയും പിന്നെ അല്ലറചില്ലറ പണികളും ചെയ്ത് അങ്ങനെ ജീവിക്കുന്നവൾ (പുറം 9:2012). സ്വന്തമായി ഒരു തൊഴിലിടവും വ്യക്തിത്വവുമുള്ളവളായിട്ടാണ് ഇന്ദുലേഖയുടെ സ്വത്വം തിരിച്ചറിയുന്നത്. 'തെല്ലിടറുന്ന കാലുകളുമായി രത്നാകരൻ വന്നു കയറുന്നതിന് മുമ്പ്'അടുക്കളജോലി മുഴുവനും ധൃതിയിൽ തീർത്ത് കുളിക്കാനായി പോവുന്ന കുടുംബിനിയെ ആണ് തുടർന്ന് ചിത്രീകരിക്കുന്നത്. സ്വന്തം അധ്വാനത്തിലൂടെ ജീവിതമാർഗം കണ്ടെത്തി കുടുംബം പുലർത്തുമ്പോൾ പോലും കുടുംബവ്യവഹാരത്തിനകത്ത് അവൾക്ക് അടിമത്വം അനുഭവിക്കേണ്ടി വരുന്നു. രത്നാകരന്റെയും ഇന്ദുലേഖയുടെയും കുടുംബജീവിതം സ്വാഭാവികമായി അവർക്കിടയിൽ രൂപപ്പെടേണ്ട രഞ്ജിപ്പിന്റെ ഫലമല്ല എന്ന് കാണാം. അതുകൊണ്ടാണ് അവൾക്ക് സ്വീകാര്യമല്ലാത്തതിനെ തള്ളാനും പ്രായോഗികതയോടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാനും കഴിയുന്നത്.

രണ്ട് കുടുംബങ്ങളിലെയും സ്ത്രീകൾക്ക് കുടുംബത്തിനകത്തു വെച്ച് തന്നെ പരപുരുഷ പീഡനം അനുഭവിക്കേണ്ടി വരുന്നുണ്ട്. ഡ്രൈവർ രത്നാകരനെ അറസ്റ്റ് ചെയ്യാനെത്തുന്ന പോലീസ്കാരന്റെ ആർത്തിപൂണ്ട നോട്ടത്താൽ ആക്രമിക്കപ്പെടുന്നു ഇന്ദുലേഖ- രണ്ടാമത്തെ വീട്ടിൽ വിരുന്നിനെത്തുന്ന ഭർത്താവിന്റെ സുഹൃത്തുക്കളാൽ ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നു. സ്ത്രീയുടെ സമ്മതം കൂടാതെയുള്ള നേട്ടവും സ്പർശവും സ്ത്രീയെ സംബന്ധിച്ചിടത്തോളം പീഡനം തന്നെയാണ്.  നോട്ടത്തെ അവഗണിക്കുന്നതൊടൊപ്പം വക്കീലിനെ കാണാനും ജാമ്യത്തിലെടുക്കാനും തനിക്കാവില്ലെന്നു കർമ്മഫലങ്ങൾ തനിയെ അനുഭവിക്കാനും നിശ്ചയദാർഢ്യത്തോടെ രത്നാകാരനെ ഓർമിപ്പിക്കാനും ഇന്ദുലേഖക്കാകുന്നു. രത്നാകരന്റെ അഭാവത്തെ പ്രായോഗികതയോടെ മറികടക്കാനും അവർക്കാവുന്നു. 'അച്ഛൻ വരാതെ ഉറങ്ങില്ല' എന്ന് പറയുന്ന മകളെ ആശ്വസിപ്പിക്കാനും ആ വിഷമത്തെ മറക്കുന്ന കൗതുകങ്ങളിലേക്കാനയിക്കാനും അവൾക്കാവുന്നുണ്ട്.

പ്രവീണ രത്നാകരനോട് വീട്ടിലിനി മദ്യസൽക്കാരം അനുവദിക്കില്ല എന്നും ബോർഡിങ്ങിലുള്ള മക്കളെ തിരിച്ച് വിളിച്ചാൽ അവർ തന്റെ മാനം കാക്കുമെന്നും പ്രഖ്യാപിക്കുന്നു. രണ്ട് വർഗത്തിലെയും സ്ത്രീവ്യവഹാരങ്ങൾ വ്യത്യസ്തമാണ്. ഒരൊറ്റ ധാരയിലേക്ക് സ്ത്രീയനുഭവങ്ങളെ പങ്കുവെക്കാനാവില്ല എന്ന് കഥ വ്യക്തമാക്കുന്നു.

സാമ്പ്രദായിക കുടുംബഘടനയ്ക്കകത്തെ  നീതികേടിനെ ചിത്രീകരിച്ചുകൊണ്ട് അതിനുള്ളിൽ നിന്നുതന്നെ അനീതികളെ തമസ്കരിക്കുകയും ചെയ്യുന്ന കാഴ്ചയിവിടെ കാണാം. രണ്ടിടങ്ങളിലെയും സ്ത്രീ പുരുഷ ലിംഗപദവിയെ നിർണയിക്കുന്നത് പുരുഷാധിപത്യ മൂല്യങ്ങളാണ്. ഭാര്യാ ഭർതൃ ബന്ധം കുറെക്കൂടി കെട്ടുറപ്പുള്ളതാക്കാനും ഊഷ്മളമാക്കാനും

വേണ്ടി നിലകൊള്ളുന്ന ഏകഭർതൃ/ഭാര്യാത്വത്തിനകത്തെ വൈരുദ്ധ്യങ്ങളെയാണ് ഈ കഥയിൽ ആഖ്യാനം ചെയ്യുന്നത്. പരസ്ത്രീ തൽപരനായ പുരുഷൻ, അവഗണിതയായ ഭാര്യ എന്നീ പദവികളാണ് രണ്ട് കുടുംബത്തിലെയും സ്ത്രീ പുരുഷ വ്യവഹാരങ്ങളെ/സ്വത്വങ്ങളെ അടയാളപ്പെടുത്തുന്നത്. കുടംബത്തിനകത്തെ ആൺ പെൺ ബന്ധങ്ങളുടെ നവീകരണം കഥ ആവശ്യപ്പെടുന്നുണ്ട്. ആൺ-പെൺ ബന്ധങ്ങളുടെ നവീകരണം തന്നെയാണ് വരുംകാലത്തെ സാമൂഹ്യ പുരോഗതിയിലെ മുഖ്യ അജണ്ട എന്ന പി ഗീതയുടെ നിരീക്ഷണം ഇവിടെ പ്രസക്തവുമാണ് (.13.2066 പ്രണയം, ലൈംഗികത, അധികാരം).

രണ്ടു കുടുംബത്തിലെയും സ്ത്രീവേഷത്തിനെക്കുറിച്ചുള്ള പുരുഷധാരണകൾ വിശകലനം ചെയ്യേണ്ടതുണ്ട്. കീറിയ മാക്സി ധരിച്ച് അഴുക്കുപുരണ്ട ഇന്ദുലേഖയെ അസ്വസ്ഥതയോടെയാണ് രത്നാകരൻ ഓർമ്മിക്കുന്നത്. വിരുന്നിനുടുത്ത സാരികണ്ട് ദേഷ്യപ്പെടുകയാണ് രണ്ടാമത്തെ രത്നാകരൻ. തന്റെ ഇഷ്ടങ്ങൾ, താൽപര്യങ്ങൾ, സുഖം ഇതൊക്കെ അടിസ്ഥാനമാക്കി അവയ്ക്ക് പരമപ്രാധാന്യം നൽകി സ്ത്രീയെ അടിമപ്പെടുത്തുന്ന ലിംഗബോധത്തിനകത്താണ് ഈ രണ്ട് കുടുംബത്തിലും രത്നാകരൻമാർ പൊരുതുന്നത്. ഏയ് അതിനവൾക്ക് സൗന്ദര്യമോ സങ്കൽപമോ ഇല്ലല്ലോ (പു.13-2012) എന്നിങ്ങനെയുള്ള പ്രവീണയെക്കുറിച്ചുള്ള ബോധമാണ് രത്നാകരനെ ആദ്യന്തം നയിക്കുന്നത്. സ്വത്തും സ്ത്രീയും തനിക്കടിമപ്പെട്ടതായിരിക്കണം എന്ന പുരുഷാധിപത്യബോധമാണ് രത്നാകരനെ മുന്നോട്ട് നയിക്കുന്നത്. ഏകരൂപമല്ലാത്ത സ്ത്രീപുരുഷ സ്വത്വങ്ങളിലും അവരുടെ മുല്യ ബോധങ്ങളിലെ സമാനതകളെയാണ് ഈ കഥ അടയാളപ്പെടുത്തുന്നത്.

**അന്താരാഷ്ട്ര വനിതാദിനം**

## പരസ്ത്രീ തൽപരനായ പുരുഷൻ, അവഗണിതയായ ഭാര്യ എന്നീ പദവികളാണ് രണ്ട് കുടുംബത്തിലെയും സ്ത്രീ പുരുഷ വ്യവഹാരങ്ങളെ/സ്വത്വങ്ങളെ അടയാളപ്പെടുത്തുന്നത്. കുടംബത്തിനകത്തെ ആൺ പെൺ ബന്ധങ്ങളുടെ നവീകരണം കഥ ആവശ്യപ്പെടുന്നുണ്ട്.

ആഖ്യാനത്തിന്റെ വൈവിധ്യത്തിലാണ് എഴുത്തുകാർ സ്വന്തം സ്വത്വത്തെ കണ്ടെത്തുന്നത്. 'സെമിനാർ' എന്ന വ്യവഹാരത്തിന്റെ പൊതുമാനങ്ങളിൽ നിന്നുകൊണ്ടാണ് ഈ കഥ ആഖ്യാനം ചെയ്തിരിക്കുന്നത്. ജീവിതത്തിന്റെ നേരനുഭവങ്ങളെന്ന നിലയിൽ കിരിയയുടെ ജീവിതം സെമിനാറിന്റെ ചട്ടക്കൂടിൽ നിന്ന് കൊണ്ട് ആഖ്യാനം ചെയ്ത് വിജയം കണ്ടെത്തുന്നതിൽ എഴുത്തുകാരി വിജയിക്കുന്നുണ്ട്. കേരളത്തിലെ ഗാർഹിക ജോലിക്കാരുടെ അനുഭവത്തെ മുൻനിർത്തിയാണ് സെമിനാർ. ഗാർഹിക ജോലിയെക്കാളുപരി കേരളീയ സ്ത്രീജീവിതത്തിലെ വ്യത്യസ്ത സാമൂഹിക അടരുകളെ കഥ പ്രതിനിധീകരിക്കുന്നുണ്ട്.

ഒരേ സമയം നിരവധി റോളുകളുഭനിയിച്ച് തീരുന്ന സ്ത്രീജീവിതത്തിന്റെ ഇടമെന്ന നിലയിലാണ് കുടുംബം ഈ കഥയിൽ ആഖ്യാനം ചെയ്തിരിക്കുന്നത്. പ്രധാനമായും നാല് കുടുംബ ബന്ധങ്ങളെ ഈ കഥ ആഖ്യാനം ചെയ്യുന്നുണ്ട്. ഒന്ന് കിരിയയുടെ അച്ഛനും അമ്മയും തമ്മിലുള്ളത്. അമ്മയുടെ കയ്പ്നിറഞ്ഞ ജീവിതാനുഭവങ്ങളുടെ പൊള്ളലുകളാണ് കിരിയയുടെ ബാല്യകാലം അപഹരിച്ചത്. കുടിച്ച് വരുന്ന അച്ഛന്റെ അടിയും തൊഴിയുമേറ്റ് മുലയ്ക്ക് രോഗം വന്ന് വേണ്ടത്ര ചികിത്സകിട്ടാതെയാണ് അവളുടെ അമ്മ മരിച്ചത്. കുടുംബത്തിനകത്ത് അമ്മയുടെ വ്യവഹാരങ്ങളൊക്കെയും സഹനത്താൽ അടയാളപ്പെടുത്തപ്പെട്ടു.

രണ്ട് ഗീതയുടെ കുടുംബജീവിതം 'സോപ്പും ചീപ്പും വളേം വിൽക്കാൻ നടക്കുന്ന സോമണ്ണന്റെ കൂടെ ഓടിപ്പോയി' എന്നാണ് ചേച്ചി ഗീതയുടെ കുടുംബജീവിതാരംഭത്തെ കിരിയ രേഖപ്പെടുത്തുന്നത്. ഗീതയുടെ അനുഭവങ്ങൾ കഥയിലധികം അടയാളപ്പെടുത്തുന്നില്ല. മറ്റുള്ളവരെ കൂടി തന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നവളാണ് ഗീത. അവൾ സ്വന്തമായിട്ട് പങ്കാളിയെ കണ്ടെത്തുന്നു. തന്റെ ചുറ്റുപാടിലെ വ്യവസ്ഥയോട് സമരസപ്പെടാനും വേണ്ടിടത്ത് നിലവിലെ നീതി വ്യവസ്ഥയെ തള്ളിപ്പറയാനും ചോദ്യം ചെയ്യാനും ആർജ്ജവമുള്ള സ്ത്രീ സ്വത്വത്തിനുടമയാണ് ഗീത. അതോടൊപ്പം വ്യവസ്ഥക്കൊപ്പം ചേർന്ന് കിരിയയെ കഷ്ടപ്പെടുത്തുന്നു ഗീത. തന്റെ കുട്ടികളുടെ ആവശ്യങ്ങൾ നിവർത്തിക്കാനായി കരിയയെ കൊണ്ട് അധ്വാനിച്ച് പങ്ക് പറ്റുന്നിടത്ത് ഗീതയും ആധിപത്യമൂല്യങ്ങളെ ഉൾക്കൊള്ളുന്നതായി കാണാം.

മൂന്നാമത്തേത് കിരിയയുടെ തന്നെ കുടുംബജീവിതമാണ്. പ്രായപൂർത്തിയാവാതെ പ്രായം കൂട്ടിപ്പറഞ്ഞ് സോമൻ (ചേച്ചിയുടെ ഭർത്താവ്) കിരിയയെ വിവാഹം കഴിച്ചയക്കുന്നു. അതോടെ എന്റെ കട്ടകാലം കൂടീന്ന് പറഞ്ഞാമതില്ല്. അയ്യോ, അയാളൊരു ചപ്പ മനുഷ്യൻ ഒരു പണിക്കും പോവൂല, തിന്നണം, കുടിക്കണം, ഒറങ്ങണം, പിന്നെ മറ്റേതും. (പുറം.19:2012) ഇങ്ങിനെയാണ് കിരിയ തന്റെ സ്വന്തം ദാമ്പത്യത്തെ അടയാളപ്പെടുത്തുന്നുത്.

അൽപ്പായുസായ കുടുംബജീവിതം കിരിയയുടെ വ്യക്തിത്വത്തെ മാനിക്കുന്നതായിരുന്നില്ല. ഗർഭിണിയാവാത്ത കുറ്റത്തിന് അ

മ്മായിയമ്മയുമായുള്ള വഴക്കിലവ സാനിച്ചതാണത്. ഒന്ന് കെട്ടി രണ്ട് കുട്ടികളുള്ള ആളാണ് ആണായ തിന്റെ പേരിൽ പ്രായപൂർത്തിയെ ത്താതെ കിരിയയെ കല്ല്യാണം കഴിക്കുന്നത്. വിവാഹം,കുടുംബം എന്നീ വ്യവസ്ഥയുടെ പൊള്ളത്തരങ്ങളും കള്ളത്തരങ്ങളും ഹാസ്യാകമ്പടിയോടെ ഇവിടെ കഥ ആഖ്യാനം ചെയ്യുന്നു.സമൂഹത്തിന്റെ കൊള്ളരുതായ്മകൾക്കിരയായി മച്ചിയായി തീർന്ന കിരിയയെ ദാമ്പത്യത്തിന് പുറത്തു തള്ളുന്നതും ഒന്നിനും ഗുണമില്ലാത്തവനും രണ്ട് കുട്ടികളുടെ അച്ഛനുമായ ഒരാളുമായി പ്രായപൂർത്തിയെത്താത്ത കിരിയയുടെ വിവാഹം അനുവദിക്കുന്നതും വ്യവസ്ഥിതി എത്ര മാത്രം സ്ത്രീയെ അപമാനിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

ഈ നാലിടങ്ങളിലും സ്ത്രീയുടെ കുടുംബജീവിതാനുഭവങ്ങൾ വ്യതിരിക്തമാണ്. കിരിയയ്ക്കും അമ്മയ്ക്കും തക്കാളി ചേച്ചിക്കും കുടുംബജീവിതം ദുസ്സഹമായിട്ടാണ് അനുഭവപ്പെടുന്നത്. വ്യവസ്ഥയോട് ചേർന്നും വേണ്ടിടത്ത് അതിനെ മറികടന്നും അതിപ്രായോഗിക ബുദ്ധി പ്രകടിപ്പിക്കുന്നവളാണ് ഗീത. തുല്യലിംഗ നീതിയിൽ ആൺ പെൺ ബന്ധങ്ങൾ കെട്ടിപ്പടുക്കുമ്പോഴാണ് സാമുഹികപുരോഗതി കൈവരിക്കാനാവൂ എന്നീ കഥ അടിവരയിടുന്നു. സമത്വത്തിന്റെ പാഠങ്ങളിൽ നിർമ്മിച്ചെടുക്കേണ്ടതാണ് കുടുംബം എന്ന തിരിച്ചറിവിനെ കഥ പകരുന്നുണ്ട്.

കിരിയ സ്വന്തം ജീവിതം പറഞ്ഞുകൊണ്ടുന്നയിക്കുന്ന ചോദ്യങ്ങൾ വ്യവസ്ഥയുടെ പൊള്ളത്തരങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആട്ടോ ചേട്ടന്റെ കൂടെ താമസമാരംഭിക്കുമ്പോൾ ചോദ്യം ചെയ്യാൻ വന്ന സദാചാര പോലീസുകാരോട് അവൾ പ്രതികരിക്കുന്നത് ഇപ്രകാരമാണ്. ആർക്കുവേണം നിങ്ങളുടെ തമ്മസം ? ഞാൻ ചോദിച്ചു. ഒന്നുമറിയാ പൈതലു പ്രായത്തില് എന്നെ ഒരുത്തൻ കുത്തിക്കീറി കെർഭിണിയാക്കിയത്

**സ്ത്രീയെ തുല്യ പദവിയുള്ളവളായി പരിഗണിക്കാതെ ഉപഭോഗവസ്തുവായി കണ്ട് ഭോഗിച്ചതിന്റെ ബാക്കി പത്രമാണ് കിരിയ. നിലവിൽ അടുക്കളക്കാരിയുടെ ശരീരം മേലാളന്റെ കാമവെറിക്ക് കൂടി ഉള്ള താണെന്ന പുരുഷാധിപത്യ ബോധത്തെ ഉറപ്പിക്കുന്നതാണ് കിരിയയുടെ അനുഭവങ്ങൾ**

നിങ്ങളു തമ്മസിച്ചിട്ടാ ? എന്നിട്ടെന്നെ എറക്കിവിട്ടത് നിങ്ങളു സമ്മതിച്ചിട്ടാ ? (പുറം 24:2012). ഈ ചോദ്യങ്ങൾക്കുത്തരം മൗനമായിരുന്നു. സ്ത്രീ അതിക്രമങ്ങളെ മൗനത്തിലൂടെ മറികടക്കുന്നതിന്റെ മനുഷ്യത്വ ശൂന്യത ഇവിടെ കാണാം. സദാചാരക്കാർ സൃഷ്ടിച്ച സാമൂഹ്യ സദാചാര സങ്കൽപങ്ങൾ ഒരിക്കലും തന്നെ പരിരക്ഷിച്ചിട്ടില്ല എന്നാർജവത്തോടെ സ്ഥാപിച്ചെടുക്കുന്നതാണ് കിരിയയുടെ ഇടപെടലുകൾ.

അന്താരാഷ്ട്രവനിതാദിനത്തിലെ സെമിനാറിൽ പ്രധാന ഇടം പങ്കുവെയ്ക്കുന്ന അക്കാദമിക പണ്ഡിതകളേക്കാളും സ്വാതന്ത്ര്യം അനുഭവിക്കുന്നവളാണ് കിരിയ. ഔപചാരിക വിദ്യാഭ്യാസത്തെക്കാളുപരി സ്വന്തം അനുഭവങ്ങൾ നൽകിയ പാഠങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് വ്യവസ്ഥയെ പരിഹസിക്കുവാനും തിരുത്താനും കെൽപുള്ളവളാണ് കിരിയ. ജോലിക്ക് നിന്ന വീട്ടിലൊക്കെ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സ്ത്രീയാണ് കിരിയ. കുട്ടിയായിരിക്കുമ്പോൾ തന്നെ ഗർഭിണിയായി, പ്രായപൂർത്തിയാവുന്നതിനു മുമ്പേ ഗർഭം അലസിപ്പിക്കുന്നതിനും അവൾ വിധേയയായി. അതിലെ തകരാറുമൂലം ഗർഭിണിയാവാനോ കഴിഞ്ഞില്ല. കിരിയ ജോലിക്കാരിയായിട്ടെത്തുന്ന മിക്കവീടുകളും അവളെ സംബന്ധിച്ചിടത്തോളം സുരക്ഷിതമല്ല. ഓരോ വീട്ടിലെയും അനുഭവങ്ങൾ വ്യത്യസ്തമാണെങ്കിലും മിക്കവാറും എല്ലായിടത്തും ആണുങ്ങളുടെ ശല്യം കിരിയക്ക് നേരിടേണ്ടി വരുന്നു. സ്ത്രീയെ തുല്യ പദവിയുള്ളവളായി പരിഗണിക്കാതെ ഉപഭോഗവസ്തുവായി കണ്ട് ഭോഗിച്ചതിന്റെ ബാക്കി പത്രമാണ് കിരിയ. നിലവിൽ അടുക്കളക്കാരിയുടെ ശരീരം മേലാളന്റെ കാമവെറിക്ക് കൂടി ഉള്ളതാണെന്ന പുരുഷാധിപത്യ ബോധത്തെ ഉറപ്പിക്കുന്നതാണ് കിരിയയുടെ അനുഭവങ്ങൾ.

കുടുംബ വ്യവസ്ഥയും അതിനകത്തു പരിപാലിക്കപ്പെടുന്ന സ്ത്രീ പുരുഷ ലിംഗപദവീ മൂല്യങ്ങളും സ്ത്രീയെ പരിരക്ഷിക്കുന്നില്ല എന്നും അത് പുരുഷാധിപത്യമൂല്യങ്ങളെ ഊട്ടി വളർത്തി പുനരുൽപാദിപ്പിക്കുന്ന ഇടമാകുന്നതിന്റെ ദുരന്തങ്ങളുമാണ് ഈ കഥ അടയാളപ്പെടുത്തുന്നത്. കിരിയയും ഓട്ടോക്കാരനും വിവാഹം കഴിക്കാതെ ഒരുമിച്ച് താമസിക്കുന്നതിൽ പ്രതിഷേധിച്ച് ചോദ്യം ചെയ്യാനെത്തിയവർ പറയുന്നത് മലയാളമായിട്ടുപോലും കിരിയക്ക് മനസ്സിലായില്ല സതാചാരമൂല്യം, താർമിഹച്ചുതി എന്ന് കൊറെ പ്രാവശ്യം പറഞ്ഞതുകൊണ്ട് ആ രണ്ടുവാക്കും പടികിട്ടി. അത് എന്താണെന്ന് എന്റൂടെ ചോതിക്കല്ലേ നിങ്ങളെപ്പോലെയുള്ള വല്യ വല്യ ആളുകൾക്കല്ലേ അതൊക്കെ അറിയാവൂ (പുറം 24, 2012) നിലവിലെ കുടുംബവ്യവസ്ഥയെയും മൂല്യവ്യവസ്ഥയെയും ഇങ്ങനെയൊക്കെ പരിഹസിച്ച് തിരുത്താൻ കെൽപുള്ള സ്വത്വത്തിനുടമയായി കിരിയ വളരുന്ന കാഴ്ചയാണിത്. അതേ സമയം വ്യവസ്ഥിതിയുടെ പുനർനിർമ്മിതിയിലൂടെ ചൂഷണ രഹിതമായ സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥയുടെ അനിവാര്യതയിലേക്ക് കഥ വിരൽ ചൂണ്ടുന്നുണ്ട്. വംശാധിഷ്ഠിത, വർഗാധിഷ്

ഠിത വ്യത്യാസങ്ങൾ സ്ത്രീകളുടെ വ്യവഹാരങ്ങളിൽ എങ്ങനെയെല്ലാം ഇടപെടുന്നു എന്നതലത്തിൽ നിന്ന് കൊണ്ട്; വുമണിസത്തിന്റെ ആശയതലത്തിൽ നിന്നുകൊണ്ടുള്ള വിശദപഠനം അർഹിക്കുന്ന കഥയാണിത്.

**മഹർഷിമാമന്റെ അനന്തരവൾ**

അമ്മാവനും മരുമകളും നേരിട്ട് വായനക്കാരോട് അവരവരുടെ ജീവിതം പങ്കുവെക്കുന്ന രീതിയിലാണ് കഥ ആഖ്യാനം ചെയ്തിരിക്കുന്നത്. മഹേശ്വരൻ തന്റെ അമ്മയുടെയും അച്ഛന്റെയും കുടുംബജീവിതം പറഞ്ഞ് കൊണ്ടാണ് കഥയാരംഭിക്കുന്നത്. അച്ഛൻ ശിവഭക്തനായതിനാൽ ആറ് മക്കൾക്കും ശിവനാമം നൽകിയതിനെക്കുറിച്ച് പറയുമ്പോൾ അമ്മയെ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്. അമ്മയ്ക്ക് ഇതിലൊന്നും ഒരു പങ്കുമില്ലായിരുന്നു എന്നാണു തോന്നുന്നത്. കാരണം അമ്മയുടെ പേര് ലക്ഷ്മി എന്നായിരുന്നു. അത് അവജ്ഞയോടെയല്ലാതെ അച്ഛൻ ഉച്ചരിച്ചിരുന്നില്ല (പുറം:29:2012). കുടുംബത്തിന്റെ അധികാരിയായി നിന്ന് അധീശത്വം കൈയ്യാളുന്ന അച്ഛന്റെ വ്യവഹാരങ്ങളിലൊക്കെയും അമ്മയുടെ വ്യക്തിത്വം പാടെ അവഗണിക്കപ്പെടുന്ന കാഴ്ചകാണാം. മഹേശ്വരനും സഹോദരി ഗൗരി പാർവ്വതിയുമൊഴികെ 'പഠിച്ച് ജോലി നേടി മക്കളെ ഉണ്ടാക്കി പിന്നെ ഭൂമി വാങ്ങി വീടുവെച്ച് അങ്ങനെ ലോകത്തിന്റെ അളവുകോൽ വെച്ച് നോക്കിയാൽ സംതൃപ്തർ' എന്ന നിലയിൽ കുടുംബജീവിതം നയിക്കുന്നവരാണ്. അണുകുടുംബങ്ങളിൽ ഒതുക്കപ്പെട്ട സ്ത്രീ പുരുഷ ബന്ധങ്ങളെയാണിവിടെ കാണാനാവുക. സമൂഹവുമായി സർഗാത്മകമായി ഇടപെടാനാവാതെ മുഴുവൻ സമയവും കുടുംബനിർമ്മിതിയിൽ ഏർപ്പെട്ട് ജീവിത സംതൃപ്തി അടയുന്ന കാഴ്ചകൂടിയായി ഇതിനെ കാണേണ്ടതുണ്ട്.

ഇതിന്റെയൊന്നും ഭാഗമാവാതെ മാറിനിൽക്കുന്ന രണ്ട് കഥാ

**വ്യവസ്ഥയോട് സമരസപ്പെടാതെ മാറിനിൽക്കുന്ന മഹേശ്വരൻ തന്റെ ചുറ്റുമുള്ള സ്ത്രീകളോട് ഇടപെടുന്നത് പുരുഷാധിപത്യബോധങ്ങൾക്കകത്ത് തന്നെയാണ്. നിരവധി സ്ത്രീകളുമായി ശാരീരികബന്ധം പുലർത്തുന്ന അയാൾ അതിലൊരു സ്ത്രീയെ അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്.**

പാത്രങ്ങളാണ് ഗൗരിയും മഹേശ്വരനും. ഗൗരി തന്റെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ ആർജ്ജവം കാണിക്കുന്നതൊടൊപ്പം കുടുംബത്തിനകത്തേക്ക് ഒതുങ്ങുന്നത് കാണാം. വ്യവസ്ഥയോട് സമരസപ്പെടാതെ മാറിനിൽക്കുന്ന മഹേശ്വരൻ തന്റെ ചുറ്റുമുള്ള സ്ത്രീകളോട് ഇടപെടുന്നത് പുരുഷാധിപത്യബോധങ്ങൾക്കകത്ത് തന്നെയാണ്. നിരവധി സ്ത്രീകളുമായി ശാരീരികബന്ധം പുലർത്തുന്ന അയാൾ അതിലൊരു സ്ത്രീയെ അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്. ഏതാണ്ട് ഒരു വർഷം ആ ബന്ധം നീണ്ടതിന്റെ പ്രധാന കാരണം രൂപാലി ഒരു നല്ല പാചകക്കാരിയായിരുന്നു എന്നതാണ് (പുറം 30:2012).

അമ്മയുടെ മരണത്തെ രേഖപ്പെടുത്തുന്നതാവട്ടെ, തനതു പാചകത്തിന്റെ ഉസ്താദായ എനിക്ക് അമ്മയുടെ മരണം അനുഭവപ്പെട്ടു തുടങ്ങിയത് അടുക്കളയിലൂടെയായിരുന്നു (പുറം.30:2012). ഏട്ടന്റെ ഭാര്യയുടെ പാചകത്തിന്റെ മടുപ്പാണയാളെ വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. സ്ത്രീയിലേക്കുള്ള വഴി പാചകത്തിന്റേതായിട്ടാണ് മഹേശ്വരൻ തിരിച്ചറിയുന്നത്. പാചകം,ശരീരം ഈ രണ്ട് തലങ്ങളിൽ നിന്നുകൊണ്ടാണ് അയാൾക്ക് ചുറ്റുപാടിലെ സ്ത്രീയനുഭവങ്ങളെ ഉൾകൊള്ളാനാകുന്നുള്ളൂ. അയാളുടെ വിവാഹ പരസ്യം ശ്രദ്ധേയമാണ്.

ജാതകത്തിലോ, ജാതിയിലോ, മതത്തിലോ വിശ്വസിക്കാത്ത അവിവാഹിതൻ 43 വയസ്സ്..(5-8 ഇരുനിറം) ടൗണിൽ സിഡി ഷോപ്പും ഫോട്ടോസ്റ്റാറ്റ് കടയും നടത്തുന്നു. സ്ത്രീക്ക് സൗന്ദര്യമോ ധനസ്ഥിതിയോ പ്രശ്നമല്ല. പാചകവിദഗ്ധയാവണം, വീട് നല്ല വൃത്തിയാക്കിയിടണം (പുറം 31, 2012). അടുക്കള പരിചരണം മാത്രമാണ് സ്ത്രീകളുടെ പ്രധാന ഇടം എന്ന നിലവിലെ അധീശത്വ മൂല്യത്തിനകത്താണ് ജാതി മതാതീതമായി ചിന്തിക്കുമ്പോൾ പോലും അയാൾക്ക് നിൽക്കാനാവുന്നത്. പുരോഗമനവാദിയുടെ സ്ത്രീയോടുള്ള ഇരട്ടത്താപ്പ് നയമാണിവിടെ മഹേശ്വരനും പങ്കിടുന്നത്.

മഹേശ്വരന്റെ അനന്തരവൾ മീര ഈ പരസ്യം കാണുമ്പോൾ പ്രതികരിക്കുന്നത് ശ്രദ്ധേയമാണ് പാചകം ചെയ്യാനും വീടുവൃത്തിയാക്കിയിടാനും ആളെത്തരുന്ന ഏജൻസികൾ എത്രയുണ്ട് നാട്ടിൽ അതിന് കല്ല്യാണം കഴിക്കണോ ? ഇങ്ങനത്തെ വ്യവസ്ഥകളും കൊണ്ടുവരുന്ന ആണുങ്ങളെ ഞാൻ അടുപ്പിക്കുകപോലുമില്ല (പുറം.31, 2012).

മീരയുടെ വിവാഹപരസ്യവും മഹേശ്വരന്റെ വിവാഹപരസ്യവും കുടുംബത്തെ രണ്ട് വ്യത്യസ്ത തലങ്ങളിൽ നിന്ന് അടയാളപ്പെടുത്തുന്നവയാണ്. സ്ത്രീ പുരുഷ മൂല്യ സങ്കൽപങ്ങളിലെ വ്യതിരിക്തത ഇവിടെ കാണാം. സ്ത്രീയുടെ വിവാഹപരസ്യം ഇപ്രകാരം ബംഗലൂരുവിലെ കമ്പനിയിൽ എൻജീനിയർ, മലയാളി-23 വയസ് (വെളുത്ത നിറം 5-3) പാചകത്തിലോ ഗൃഹപരിചരണത്തിലോ താൽപര്യമില്ല. ഔദ്യോഗിക ജീവിതത്തിനു തടസ്സം നിൽക്കാത്ത പ്രഫഷണലുകളിൽനിന്ന് അപേക്ഷ

കൾ ക്ഷണിക്കുന്നു. ജാതി, മതം, ദേശം, ഭാഷ ഒന്നും പ്രശ്നമല്ല (പു.31:2012).

തമാശക്ക് മീര തയ്യാറാക്കുന്ന പരസ്യം പോലും മഹേശ്വരന് വലിയ ഷോക്കാവുന്നതിന്റെ യുക്തിയും മറ്റൊന്നുമല്ല. വിവാഹത്തെക്കുറിച്ച് ജോലിത്തിരക്ക് കാരണം ആലോചിക്കാനാവില്ലെന്നും മാമനെപോലെ അടിച്ചുപൊളിച്ചു ജീവിക്കണം-കുറെകാലം കഴിഞ്ഞാവാം കുടുംബവും പ്രാരാബ്ധങ്ങളും എന്ന് മീര-അനന്തരവൾ പറയുമ്പോൾ അവസാനം പൊളിഞ്ഞുവീഴാതെ നോക്കിക്കൊള്ളൂ. പിന്നെ നിന്റെ കമ്പനിയോട് ഒന്നു പറഞ്ഞാൽ ഭർത്താവിന്റെ സേവനം അവർ ഏർപ്പെടുത്തി തന്നേക്കും. ഒന്ന് ശ്രമിച്ച് നോക്ക് വെറുതെ എന്തിനാ കുടുംബവും പൊല്ലാപ്പും (പുറം 35:2012) എന്നിങ്ങനെ അപമാനിക്കാനും അയാൾക്കാകുന്നു. താനനുഭവിക്കുന്നതെല്ലാംതന്റെ അനന്തരവൾ ആഗ്രഹിക്കുമ്പോൾ അവൾ സ്ത്രീയായതിനാൽ അയാൾക്ക് അംഗീകരിക്കാനാവുന്നില്ല. സ്ത്രീയും പുരുഷനും രണ്ട് നീതിമൂല്യങ്ങൾ കല്പിക്കുന്ന ആൺകോയ്മാപ്രത്യയശാസ്ത്രം തന്നെയാണ് മഹേശ്വരന്റെ വ്യവഹാരങ്ങളെ നിർണയിക്കുന്നത്. എന്നാൽ മീര അതിനെ സമത്വത്തിന്റെ നീതിപാഠങ്ങളിൽ നിന്നു തിരുത്തുന്നിടത്ത് കുടുംബവ്യവഹാരങ്ങളെ പുനർനിർണയിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് കഥ വിരൽ ചൂണ്ടുന്നു.

ഈ മൂന്ന് കഥകളും മൂന്ന് തലത്തിൽ നിന്ന് ആഖ്യാന വൈവിധ്യം പുലർത്തുന്നവയാണ്. കഥാകൃത്ത് നേരിട്ട് ഇടപെട്ട് കൊണ്ട് കഥ പറയുന്ന രീതിയിലാണ് 'രത്നാകരന്റെ ഭാര്യ' എന്ന കഥയുടെ ആഖ്യാനം-സെമിനാർ എന്ന വ്യവഹാരത്തിനുള്ളിൽ നിന്ന് കിരിയ കഥ പറയുന്ന രീതിയിലാണ് അന്താരാഷ്ട്രവനിതാദിനമെന്ന കഥ. രണ്ട് കഥാപാത്രങ്ങൾ-മഹർഷിമാമൻ, അനന്തരവൾ അവർക്കിടയിൽ രൂപപ്പെടുന്ന കണ്ടുമുട്ടലുകൾ, ആശയവൈരുദ്ധ്യങ്ങൾ എ


**കുടുംബപുനർനിർമിതിയിലൂടെ മാത്രമേ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുനർനിർമ്മിതി സാധ്യമാകൂ. സ്ത്രീപുരുഷ ലിംഗസമത്വം സാധ്യമാകാത്തിടത്ത് സ്ഥിതിസമത്വം അസാധ്യമാണ്. മൂന്ന് കഥകളിലെ കുടുംബചിത്രീകരണവും അതിന്റെ അനിവാര്യമായ നവീകരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്**


ന്നിവയിലൂടെയാണ് 'മഹർഷിമാമന്റെ അനന്തരവൾ' എന്ന കഥ ആഖ്യാനം ചെയ്തിരിക്കുന്നത്.

എഴുത്തുകാരുടെ ഇതിവൃത്തത്തോടുള്ള സമീപനം പലരീതിയിലാകാം. കഥയെയും കഥാപാത്രത്തെയും വൈകാരികമായി ആവിഷ്കരിക്കുക എന്നതാണ് ഒന്നാമത്തെ രീതി. ഇവിടെ അനുഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ തീവ്രമായി അവതരിപ്പിക്കുന്ന രീതിയാണിത്. രണ്ടാമത്തേത് കഥയെയും കഥാപാത്രങ്ങളെയും നീക്കിനിർത്തി അവിടെ നടക്കുന്ന കാര്യങ്ങൾ എന്ന രീതിയിലാണ് അവതരിപ്പിക്കുന്നത്. വായനക്കാരിൽ പ്രതികരണങ്ങളെ രൂപപ്പെടുത്തികൊണ്ട് കാര്യങ്ങളെ കാണിച്ചു തന്ന് മാറിനിൽകുകയാണിവിടെ എഴുത്തുകാരി/കാരൻ ചെയ്യുന്നത്. മൂന്നാമത്തെ രീതിയിൽ ആ കഥയെ മാറ്റിനിർത്തി പറയുന്നതോടൊപ്പം അതിനുള്ളിൽ നിന്ന് തന്നെ പ്രതികരണം കൂടി രേഖപ്പെടുത്തിക്കൊണ്ട് ആഖ്യാനം നിർവഹിക്കുന്നു. ഇതിൽ രണ്ടും മൂന്നും രീതികളിലുള്ള ആഖ്യാനതലമാണ് ചന്ദ്രമതികഥകളിൽ കൂടുതൽ സ്വീകാര്യമായി കാണുന്നത്. കഥാപാത്രങ്ങൾക്കൊന്നും തന്നെ ആദർശരൂപം നൽകികൊണ്ടുള്ള ചിത്രീകരണമല്ല എന്നതും ശ്രദ്ധേയമാണ്.

കുടുംബപുനർനിർമിതിയിലൂടെ മാത്രമേ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുനർനിർമ്മിതി സാധ്യമാകൂ. സ്ത്രീപുരുഷ ലിംഗസമത്വം സാധ്യമാകാത്തിടത്ത് സ്ഥിതിസമത്വം അസാധ്യമാണ്. മൂന്ന് കഥകളിലെ കുടുംബചിത്രീകരണവും അതിന്റെ അനിവാര്യമായ നവീകരണത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. തുല്യ ലിംഗപദവി മൂല്യങ്ങളിൽ സ്ത്രീപുരുഷവ്യവഹാരം സാധ്യമാകുമ്പോഴേ കുടുംബവും രാഷ്ട്രവും സുസ്ഥിതിയിൽ കെട്ടിപ്പടുക്കാനാവൂ. ഇത്തരം നിഗമനങ്ങളെ മുന്നോട്ടുവെയ്ക്കുന്നതാണ് ചന്ദ്രമതിയുടെ പ്രസ്തുത കഥകൾ.അതോടൊപ്പം സ്ത്രീ എന്ന പൊതു ധാരയ്ക്കകത്തെ വൈവിധ്യങ്ങൾ -വംശ വർഗ വ്യത്യാസങ്ങളിൽ ഊന്നുന്ന കഥകളാണ് ചന്ദ്രമതി കഥകൾ.

റഫറൻസ്


1.ചന്ദ്രമതി : 'രത്നാകരന്റെ ഭാര്യ' ഡി.സി.ബുക്സ് കോട്ടയം , 2012

2. ചന്ദ്രമതി : 'ചന്ദ്രമതിയുടെ കഥകൾ', ഡി.സി.ബുക്സ് കോട്ടയം, 2012

3. ദാമോദരൻ കുളപ്പുറം: 'ആധുനികാനന്തര മലയാളകഥ', സമീക്ഷ, 1994

4. ഗീത.പി: 'ആര്യമാകിലുമനാര്യമാകിലും', പ്രഭാത് ബുക്ഹൗസ്, 2006

5. ഗീത.പി: 'പ്രണയം, ലൈംഗികത, അധികാരം', കറന്റ് ബുക്സ്, തൃശൂർ 2006

6. വേണുഗോപാലൻ.കെ.എം: 'കേരളം ലൈംഗികത ലിംഗനീതി', സൈൻബുക്സ്, വികാസ്ഭവൻ (എഡി), തിരുവനന്തപുരം, 2006

7. എംഗൽസ്:കുടുംബം, സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, ഇ.എം.എസ് ചെയർ പബ്ലിക്കേഷൻ, കാലിക്കറ്റ്, 1979

സിനിമ





അമ്പിളി സുധീർ

# സ്ത്രീപക്ഷത്തിന്റെ സ്വപ്നസാക്ഷാത്കാരം

**‘ഞാനെന്താ** ചവറ്റുകുട്ടയാണോ ചപ്പുചവറുകൾ കൊണ്ടിടാൻ...മറ്റുള്ളവരുടെ വികാരങ്ങളെ മനസ്സിലാക്കാൻ എങ്ങനെയാണ് ഞനവരെ പഠിപ്പിക്കേണ്ടത്?’ ശശിയുടെ ആത്മഗതം. ഒരു യഥാസ്ഥിതിക മറാട്ടി വീട്ടമ്മ. ശ്രീദേവി തന്റെ രണ്ടാംവരവിൽ അവിസ്മരണീയമാക്കിയ ശശി. ‘ഹൗ ഓൾ ആർ യൂ’ വിലെ നിരുപമ രാജീവിനെ മഞ്ജുവാര്യർ അഭ്രപാളിയിലെത്തിക്കും മൻപുതന്നെ സ്ത്രീ യുടെ ശക്തിതരംഗങ്ങൾ മലയാളികളിലെത്തിച്ച അതേ ശശി.

രണ്ടുവർഷംമുമ്പ് ഹർഷാരവത്തോടെ ഇറങ്ങിയ ഇംഗ്ലീഷ്- വിംഗ്ലീഷ് എന്ന ബോളിവുഡ് ചലച്ചിത്രം അടുത്ത് ഏതോ ഒരു ചാനലിൽ കാണാനിടവന്നു. ശ്രീദേവിയുടെ രണ്ടാംവരവെന്നനിലയിൽ ഏറെ ഘോഷിക്കപ്പെട്ട ഈ ചലച്ചിത്രം മലയാളിസ്ത്രീകൾ വേണ്ടത്ര ഗൗരവത്തോടെ കണ്ടിട്ടില്ലെന്ന് ഉറപ്പിക്കാം. തിരശ്ശീലയിൽ കണ്ടതിനപ്പുറത്തേക്ക് വസ്തുതകളെ വേണ്ടത്ര ഗൗരവത്തോടെ കണ്ടിട്ടില്ലെന്ന തോന്നൽ ദൃഢപ്പെട്ടതിനുപുറകിൽ ഒരു കാരണമുണ്ട്. ശശിക്ക് നമ്മുടെ ചുറ്റുമുള്ള പലരുടേയും മുഖഛായയുണ്ട്. എല്ലാ തട്ടിലുള്ള സ്ത്രീകളുടേയും...

ശശി നമ്മളിൽ പലരേയുംപോലെ വീട്ടുകാര്യങ്ങളിൽ നിപുണയാണ്. ഭർത്താവിന്റേയും കുട്ടികളുടേയും ഭർത്തൃമാതാവിന്റേയും ദൈനംദിനജീവിതചക്രം സുഗമമായി തിരിയുന്നതിനുപുറകിൽ ശശിയുടെ വിശ്രമമില്ലാത്ത കൈകളാണ്, സ്നേഹമാണ്. സ്വാദിഷ്ടമായ ലഡു നിർമ്മിക്കൽ ശശിയുടെ വിനോദം. പലരും അവളുടെ ലഡുവിനെ പുകഴ്ത്തുന്നു. വീടുവീടാന്തരം ആവശ്യക്കാർക്ക് ലഡു എത്തിച്ചുകൊടുക്കുന്ന കാറ്ററിംഗ്സർവ്വീസ് മന്നോട്ടുപോകുന്നത് അങ്ങനെയാണ്.

പുറത്തുനിന്ന് എത്ര അഭിനന്ദനം ലഭിച്ചാലും സ്ത്രീ ഏറ്റവും കൊതിക്കുന്നത് ഭർത്താവിൽനിന്ന് ലഭിക്കുന്ന അംഗീകാരമാണ്. അവളുടെ മുന്നോട്ടുള്ള യാത്രയിൽ ഈ അംഗീകാരത്തിനു വലിയ സ്ഥാനമാണുള്ളത്. എന്നാൽ ഭർത്താവായ സതീഷിൽനിന്ന് നിരുത്സാഹപ്പെടുത്തൽ മാത്രമല്ല കുറ്റപ്പെടുത്തലും കേൾക്കുന്നു. ശശിക്ക് ഇംഗ്ലീഷ് സംസാരിക്കാനുള്ള ആത്മവിശ്വാസമില്ലായ്മയാണ് കഥാതന്തു.

കഴിവിനെ കാണാതിരിക്കുകയും കഴിവുകേടുകളെ കുത്തിവ്രണപ്പെടുത്തുകയും ചെയ്യുന്നത് ചില പുരുഷന്മാരുടെ ക്രൂരവിനോദങ്ങളിലൊന്നാണ്. അവയെ എങ്ങനെ നേരിടും എന്നിടത്താണ് സ്ത്രീയുടെ വിജയം. വ്യവസ്ഥിതിയും പരിസ്ഥിതിയും തികച്ചും എതിരാണ് എന്ന് ബോധ്യപ്പെട്ടാൽ സ്ത്രീമനസ്സ് പലപ്പോഴും മോഹമുക്തമാകും. യാഥാർത്ഥ്യങ്ങളോടുള്ള ഒരുതരം സമരസപ്പെടൽ. ഈ സമരസപ്പെടലിലാണ് മിക്ക മലയാളിസ്ത്രീകളും എന്നത് ഭീതിതമായ വസ്തുതയാണ്. നിരാശാരോഗത്തിലേക്കുള്ള ചവിട്ടുപടി.

സരസപ്പെടലിന് ഒരു മറുവശമുള്ളത് മിക്ക പുരുഷന്മാരും കാണുന്നില്ല. അളവില്ലാത്ത സ്നേഹത്തിന്റേയും അനുകമ്പയുടേയും ഒരുതലം അവളുടെ പ്രകൃതത്തിന്റെ പ്രത്യേകത കൊണ്ട് ജൻമനാ ഉള്ളിലുണ്ട്. ആ തലം ഉണരുന്നതുകൊണ്ടാണ് മേൽപ്പറഞ്ഞ സമരസതക്ക് തയ്യാറാകുന്നത്. അത് കണ്ടറിഞ്ഞ് അംഗീകരിക്കുമ്പോൾ സ്ത്രീത്വം അതിന്റെ പരിപൂർണ്ണത കൊണ്ട് വസന്തം ഒരുക്കും. ശശി അത്തരമൊരു അംഗീകാരത്തിനായി കൊതിക്കുന്നുണ്ട്. ഒരാശ്വാസത്തിനായി സ്വന്തം കുട്ടികളെ സമീപിക്കുമ്പോൾ അ

വരും ഇംഗ്ലീഷ് സംസാരിക്കാത്ത
അമ്മയെ കളിയാക്കുന്നു. അങ്ങ
നെ ഭാര്യ എന്ന നിലയിലും അ
മ്മ എന്ന നിലയിലും ഒരുപാട് കു
റ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങുന്നു
ഈ കഥാപാത്രം. കരച്ചിലിനുള്ള
കാർമേഘം മനസ്സിലുണ്ടെങ്കിലും
ഒരുതരം മരവിപ്പാണ് മുഖത്ത് പ്ര
കടമാകുന്നത്

പി.ടി.എ മീറ്റിംഗിൽ ഇംഗ്ലീഷ്
സംസാരിക്കാനറിയാത്ത അമ്മ വ
ന്നതിൽ മകൾക്ക് കുറച്ചിൽ.
പി.ടി.എ യുടെ അർത്ഥം എന്തെ
ന്ന് അമ്മക്കറിയുമോയെന്ന് മകൾ
ധിക്കാരത്തോടെ ചോദിക്കു
മ്പോൾ പാരന്റ് എന്ന വാക്കിനർ
ത്ഥം അറിയാമെന്ന് ശശി പറയു
ന്നിടത്ത് അവളിലെ അമ്മ തേ
ങ്ങുന്നു. ഇംഗ്ലീഷ് സംസാരി
ക്കാൻ മകൾ മിടുക്കിയാണെന്ന്
ടീച്ചർ പറയുന്നിടത്ത് ശശി
സന്തോഷിക്കുന്നുണ്ട്. തന്റെ
കുറവ് മകൾ നികത്തിയല്ലോ
എന്നോർത്ത്.

മകൾ പുതിയ തലമുറയുടെ
നേർക്കാഴ്ച തന്നെ. അമ്മ എന്ന
വാക്കിനർത്ഥം കാണാത്ത, തന്റെ
നിലനിൽപ്പിന് തന്നെ കാരണഭൂത
യായ, ഉയർച്ചയിൽ ഏറ്റവുമധികം
സന്തോഷിക്കുന്നവളായ അമ്മയെ
മറന്ന് മനം മടുപ്പിക്കുന്ന പൊങ്ങ
ച്ചത്തിന്റേയും ധിക്കാരത്തിന്റേയും
താൻപോരിമയുടേയും ലോകത്തി
ലേക്ക് അധഃപതിക്കുന്ന യുവത
നമ്മെ ഇരുത്തി ചിന്തിപ്പിക്കു
ന്നുണ്ട്. കുട്ടികളെ എങ്ങനെയാണ്
കൈകാര്യം ചെയ്യേണ്ടത് എന്ന
ചോദ്യത്തിനുത്തരം കാലത്തിന്റെ
ആവശ്യമായി സിനിമ മുന്നോട്ടു
വെയ്ക്കുന്നു.

ആയിടക്കാണ് ശശി ചേച്ചിയു
ടെ മകളുടെ വിവാഹ ഒരുക്കങ്ങൾ
ക്കായി ന്യൂയോർക്കിൽ എത്തിപ്പെ
ടുന്നത്. വിവാഹത്തിന് ഒരു മാ
സം മുൻപ് ശശി പോകും. ഭർ
ത്താവും കുട്ടികളും കല്യാണത്തി
ന് രണ്ടുദിവസം മുൻപും. ഇതാ
ണ് തീരുമാനം. കുടുംബത്തെ പി
രിഞ്ഞിരിക്കുന്നതിൽ ശശിക്ക് വി
ഷമമുണ്ടെങ്കിലും ഒരു നിയോഗം
പോലെ അവൾ ന്യൂയോർക്കിൽ
എത്തപ്പെട്ടു. അവിടെ വെച്ച് ഒരു
വിസ്മയം പോലെ ഒരു പരസ്യം
അവളുടെ കണ്ണിൽപ്പെടുന്നു. 'നാ
ലാഴ്ചകൊണ്ട് ഇംഗ്ലീഷ് സംസാ
രിക്കാൻ പഠിക്കാം' ഒട്ടും ചിന്തി
ക്കേണ്ടി വന്നില്ല ശശിക്ക് അതിൽ
ചേരാൻ. പൗലോകൊയ്‌ലോയു
ടെ പ്രശസ്ത വചനം ഓർമ്മവന്നു
ആ സീൻ കണ്ടപ്പോൾ. 'ഒരാൾ
എന്തെങ്കിലും നേടാൻ ആത്മാർ
ത്ഥമായി പരിശ്രമിക്കുകയാണെ
ങ്കിൽ മുഴുവൻ പ്രപഞ്ചവും ആ
ആഗ്രഹപൂർത്തീകരണത്തിനായി
യത്നിക്കും.' അതേ അതു തന്നെ
യാണിവിടെ സംഭവിച്ചത്. ഇംഗ്ലീ
ഷ് ക്ലാസ് ആത്മവിശ്വാസത്തിന്റെ
ലോകമാണ്. അവൾക്ക് മുമ്പിൽ ഒ
രുക്കിയത്. പല പല രാജ്യങ്ങളിൽ
നിന്നെത്തിയവർ അവരുടെ സംസ്
ക്കാരം, ഒന്നിച്ചുള്ള പഠനം എല്ലാം
ശശിയുടെ ഒളിച്ചുള്ള വരവിനൊ
പ്പം രസകരമായി ചിത്രീകരിച്ചി
ട്ടുണ്ട്. തന്നെപ്പോലുള്ളവരുടെ പ
രിസരത്തെത്തിയപ്പോൾ സ്വയം ഉ
ള്ളിലേക്ക് നോക്കാനുള്ള അവസ
രമൊരുങ്ങി. അവിടെ അവൾക്കു
മുമ്പിൽ പരിമിതികളില്ലാതായി. പ
തുക്കെ പതുക്കെ അവൾ ഇംഗ്ലീ
ഷ് സംസാരിക്കാൻ പഠിച്ചു തു
ടങ്ങി. അതിനിടെ ശശി ഇംഗ്ലീഷ്
ക്ലാസ്സിലെ സുഹൃത്തുക്കളുമായി
പങ്കുവെക്കുന്ന ചില വികാരങ്ങൾ
ശ്രദ്ധേയമാണ്. ആണുങ്ങൾ പാച
കം ചെയ്താൽ അതു കല. പെ
ണ്ണുങ്ങൾ പാചകം ചെയ്താൽ അ
തു സ്വധർമ്മം. എല്ലാ കഴിവു
കളും അടുക്കളയുടെ നാലു ചുമ
രുകളിൽ ഹോമിക്കേണ്ടി വന്ന ഒ
രു വീട്ടമ്മയുടെ വിലാപം. She is
pressure cooker in the kitchen
of life എന്ന് എവിടെയോ വാ
യിച്ചത് എത്ര ശരിയാണ്. നിത്യജീ
വിതത്തിൽ നിന്നുള്ള നേരറിവി
ന്റെ മൊഴികൾ. ഇംഗ്ലീഷ് ക്ലാ
സ്സിൽ ഒരു വിദേശിക്ക് ശശിയോട്
താത്പര്യം തോന്നുന്നുണ്ട്. പ്രണ
യത്തിന്റെ ലക്ഷണങ്ങളെല്ലാം ത
ന്നെ അയാളുടെ ഭാവങ്ങളിൽ പ്ര
കടമാണ്. തന്റെ ഭർത്താവിൽ നി
ന്ന് കേൾക്കാനാഗ്രഹിക്കുന്ന വാ
ക്കുകളാണ് അയാൾ പലപ്പോഴും
പങ്കുവെക്കുന്നത്. എന്നാൽ അ
ദ്ദേഹത്തെ കൈകാര്യം ചെയ്ത
രീതിയാണ് ഇതിൽ ഏറ്റവും ഹൃദ
യഹാരിയായതെന്ന് വ്യക്തിപരമാ
യി തോന്നുന്നു. പ്രലോഭനത്തിൽ
ശശി തെല്ലും കുലുങ്ങുന്നില്ല. സ
ന്തോഷം പ്രകടിപ്പിച്ചിരുന്നുവെ
ങ്കിലും ഒരിക്കലും അതിരുവിട്ടു
ചിന്തിച്ചില്ല എന്നത് നമ്മുടെ സം
സ്ക്കാരത്തിന്റെ മൂല്യവും ശക്തി
യുമാണ്. ശശി വ്യക്തമാക്കു
ന്നുണ്ട്. 'എനിക്ക് വേണ്ടത് പ്രേമ
മല്ല മാനുഷിക പരിഗണനയാണ്.'
അമ്മയുടെ കൈപ്പുണ്യവും കാരു
ണ്യവും പ്രസരിപ്പിക്കാനുള്ള അവ
സരവും ക്ലാസ്സിൽ ശശി ഉപയോഗ
പ്പെടുത്തി. ഇഡ്‌ലി സാമ്പാറും അ
മ്മയും നഷ്ടബോധമുണ്ടാക്കുന്നു
എന്ന് തപ്പിപ്പിടിച്ച് ക്ലാസ്സിൽ വിള
മ്പിയ തമിഴ് യുവാവിന്റെ മുന്നിൽ
പിറ്റേ ദിവസം ഇഡ്ഡലി സാമ്പാർ
റെഡി.

സിനിമയുടെ അവസാന ഭാഗ
ങ്ങൾ ഹൃദയഹാരിയാണ്. ഭാര്യ
യെ സ്നേഹിക്കുന്ന ഏതു പുരു
ഷന്റേയും കണ്ണിൽ ഈറനണിയി
ക്കുന്ന നിമിഷങ്ങൾ. വിവാഹച്ചട
ങ്ങിൽ എല്ലാവരുടേയും മുന്നിൽ
വെച്ച് ശശി ഇംഗ്ലീഷിൽ മനോഹ
രമായി ആശംസനേരുന്നു. കുടും
ബബന്ധത്തിന്റെ മൂല്യങ്ങളും സ്വ
ന്തം സ്വപ്നങ്ങളും പ്രതീക്ഷകളും
എല്ലാം അതിലുണ്ട്. ആദരവും സ്
നേഹവും ഒരുപോലെ ലഭിക്കുന്ന
ഇടമാണ് കുടുംബം. അവിടെ
മുൻവിധി അപ്രസക്തമാണ്. സ്വ
ന്തം കഴിവിനെ തിരിച്ചറിയാനും
പരിമിതികളെ അതിക്രമിക്കാനുമു
ള്ള നല്ല തട്ടകമാണ് കുടുംബം.
ആ വാക്കുകൾ സദസ്സിനെ കോരി
ത്തരിപ്പിച്ചു. കുറ്റബോധത്തിൽ നി
ന്നുണർന്ന ഭർത്താവ് ചോദിക്കുക
യാണ് 'നിനക്കിപ്പോഴും എന്നോട്
ഇഷ്ടമുണ്ടോ?' 'പിന്നെയില്ലാതെ?
അതുകൊണ്ടല്ലേ രണ്ടു ലഡ്ഡു വിള
മ്പിയത്.' അഭിമാനം തുടിക്കുന്ന മ
റുപടി. ഇത് ഒരു സ്വപ്നസാക്ഷാ
ത്കാരം. ●

ശാസ്ത്രം


# ശാസ്ത്ര നോബൽ 2014



സീമ ശ്രീലയം

## മസ്തിഷ്ക്കത്തിന്റെ ജിപിഎസ് രഹസ്യങ്ങൾ

നമ്മൾ വഴികൾ ഓർത്തിരിക്കുന്നതിന്റെ രഹസ്യമെന്താണ്? നിൽക്കുന്ന സ്ഥാനവും ദിശയുമൊക്കെ തിരിച്ചറിയുന്നതിന്റെയോ? തലച്ചോറിൽ ഒളിഞ്ഞിരിപ്പില്ലേ ഒരു ജിപിഎസ് സംവിധാനം? ഏറെ നാളായി ശാസ്ത്രജ്ഞരെ കുഴക്കിക്കൊണ്ടിരുന്ന സമസ്യയാണിത്. ഈ മസ്തിഷ്ക്ക ജിപിഎസ്സിന്റെ രഹസ്യങ്ങൾ ചുരുൾ നിവർത്തിയ മൂന്ന് ഗവേഷകർക്കാണ് ഇത്തവണത്തെ വൈദ്യശാസ്ത്ര നോബൽ സമ്മാനം. നോർവീജിയൻ ഗവേഷക ദമ്പതികളായ മേ ബ്രിറ്റ് മോസർ, എഡ്വേഡ് മോസർ, ബ്രിട്ടീഷ് അമേരിക്കൻ ഗവേഷകനായ ജോൺ ഒകീഫ് എന്നിവരാണ് പുരസ്ക്കാരത്തിന് അർഹരായത്. 1970 കളിൽ ജോൺ ഒകീഫ് എലികളിൽ നടത്തിയ പരീക്ഷണങ്ങൾ സ്ഥലങ്ങളും വഴികളുമൊക്കെ ഓർത്തിരിക്കാൻ സഹായിക്കുന്ന സ്ഥലകോശങ്ങളെക്കുറിച്ചുള്ള സൂചനകൾ നൽകി. തലച്ചോറിലെ ഹിപ്പോകാമ്പസ്സിൽ കാണപ്പെടുന്ന ഈ കോശങ്ങൾ നമ്മുടെ സഞ്ചാരപാതകളുടെ ഒരു ഭൂപടം തന്നെ രേഖപ്പെടുത്തുമെന്നാണ് ഇദ്ദേഹത്തിന്റെ കണ്ടെത്തൽ. പിന്നീട് 2005 ലാണ് മസ്തിഷ്ക്ക ജിപിഎസ്സിലെ മറ്റൊരു പ്രധാന ഘടകമായ ഗ്രിഡ് കോശങ്ങളുടെ രഹസ്യങ്ങൾ മേ ബ്രിറ്റ് മോസറും എഡ്വേഡ് മോസറും കണ്ടെത്തിയത്. എങ്ങനെയാണ് നമ്മുടെ തലച്ചോർ ഇത്ര കിറുകൃത്യമായി സ്ഥാനവും ദിശയും വഴിയുമൊക്കെ ചിത്രങ്ങളായി ഓർമ്മയിൽ സൂക്ഷിച്ച് സ്ഥാനനിർണ്ണയവും ദിശാനിർണ്ണയവും നടത്തുന്നത് എന്ന് വ്യക്തമാക്കാൻ ഇതു സഹായിച്ചു. അൽഷിമേഴ്സ് പോലുള്ള രോഗങ്ങളുടെ ഇനിയും നാം തിരിച്ചറിഞ്ഞിട്ടില്ലാത്ത രഹസ്യങ്ങളിലേക്കു വെളിച്ചം വീശാനും നൂതന ചികിൽസാരീതികൾ വികസിപ്പിക്കാനും ഈ നേട്ടം സഹായകമാകും. ഓർമ്മയുടെയും മറവിയുടെയുമൊക്കെ രഹസ്യങ്ങൾ ഇനിയുമറിയാൻ ഒരുപാടുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു ഈ ഗവേഷണങ്ങൾ.




## രസതന്ത്ര നോബൽഅതിസൂക്ഷ്മ നിരീക്ഷണ സംവിധാനത്തിന്

കോശങ്ങൾക്കുള്ളിലെ അതിസൂക്ഷ്മ കണങ്ങളെയും അവയ്ക്കുണ്ടാവുന്ന മാറ്റത്തെയുമൊക്കെ നിരീക്ഷിക്കുന്നതെങ്ങനെ? ഇതിനുള്ള ഉത്തരമാണ് സൂപ്പർ റിസോൾവ്ഡ് ഫ്ലൂറസൻസ് മൈക്രോസ്കോപ്പി. അമേരിക്കൻ ശാസ്റ്റ്രജ്ഞരായ എറിക് ബെറ്റ്സിഗ്, വില്ല്യം മേർണർ, ജർമൻ ശാസ്ത്രജ്ഞനായ സ്റ്റെഫാൻ ഹെൽ എന്നിവർക്ക് ഈ സംവിധാനം വികസിപ്പിച്ചെടുത്തതിനാണ് രസതന്ത്ര നോബൽ ലഭിച്ചത്. ശരീരകോശങ്ങൾക്കുള്ളിലെ ആരും കാണാക്കാഴ്ചകളെ ഫ്ലൂറസന്റ് തന്മാത്രകൾ ഉപയോഗിച്ച് പ്രകാശിപ്പിച്ച് നിരീക്ഷിക്കുന്ന സങ്കേതമാണിത്. കോശങ്ങൾക്കുള്ളിലെ സൂക്ഷ്മ കണങ്ങൾക്ക് വിവിധ രോഗാവസ്ഥകളിൽ ഉണ്ടാവുന്ന മാറ്റങ്ങളെന്തൊക്കെ , വിവിധ സാഹചര്യങ്ങളിൽ അവ എങ്ങനെ പ്രതികരിക്കുന്നു , ഈ സൂക്ഷ്മ കണങ്ങളുടെ പ്രവർത്തനം എങ്ങനെയാണ് തുടങ്ങി ഒട്ടേറെ ചോദ്യങ്ങൾക്കുള്ള വ്യക്തമായ ഉത്തരമാണ് ഈ അതിസൂക്ഷ്മദർശന സംവിധാനം നൽകുന്നത്. ഇലക്ട്രോൺ മൈക്രോസ്കോപ്പുമായി താരതമ്യം ചെയ്യുമ്പോൾ കോശങ്ങൾക്ക് നാശം വരുത്താതെ നിരീക്ഷണം നടത്താം എന്ന മേന്മയുമുണ്ട്. പുതിയ രോഗനിർണ്ണയ മാർഗ്ഗങ്ങൾ, നൂതന ചികിൽസാരീതികൾ, പുതിയ ഔഷധങ്ങളുടെ വികസനം തുടങ്ങി ഒട്ടേറെ സാധ്യതകളിലേക്കുള്ള വാതിലുകളാണ് ഈ നേട്ടം തുറക്കുന്നത്.

## ഊർജതന്ത്ര നോബൽ ബ്ലൂ എൽ ഇ ഡിക്ക്

എൽ ഇഡി ബൾബുകൾ ഇന്നു നമുക്ക് സുപരിചിതമാണ്. ലൈറ്റ് എമിറ്റിങ് ഡയോഡ് എന്നതിന്റെ ചുരുക്കമാണ് എൽ ഇ ഡി. ഊർജക്ഷമതയേറിയതും പരിസ്ഥിതി സൗഹൃദപരവുമായ പ്രകാശസ്രോതസ്സുകളുടെയും എൽ ഇ ഡി ഉപകരണങ്ങളുടെയുമൊക്കെ നിർമ്മാണം സാധ്യമാക്കിയ കണ്ടുപിടിത്തത്തിനാണ് ഇത്തവണത്തെ ഊർജതന്ത്ര നോബൽ. ജാപ്പനീസ് ഗവേഷകരായ ഉസാമു അകാസാക്കി, ഹിരോഷി അമാനോ, ഇപ്പോൾ യുഎസ് പൗരത്വമുള്ള ഷുജി നകാമുറ എന്നിവർക്കാണ് ബ്ലൂ എൽ ഇ ഡി യുടെ കണ്ടുപിടിത്തത്തിന് പുരസ്ക്കാരം ലഭിച്ചത്. നീല പ്രകാശം പരത്തുന്ന ഡയോഡുകളുടെ കണ്ടുപിടിത്തം ഈ രംഗത്ത് വൻ വിപ്ലവത്തിനു തന്നെയാണ് വഴിയൊരുക്കിയത്. തോമസ് ആൽ വാ എഡിസൺ കണ്ടുപിടിച്ച വൈദ്യുത ബൾബ് കഴിഞ്ഞ നൂറ്റാണ്ടിൽ പ്രഭ ചൊരിഞ്ഞതുപോലെ ഈ നൂറ്റാണ്ടിനെ പ്രകാശപൂരിതമാക്കിക്കൊണ്ടിരിക്കുകയാണ് എൽ ഇ ഡി കൾ. എൽ ഇ ഡി ഉപകരണങ്ങൾക്ക് പ്രവർത്തിക്കാൻ വളരെക്കുറഞ്ഞ ഊർജം മതി എന്നതുകൊണ്ടു തന്നെ ഏറെ വൈദ്യുതി ലാഭിക്കാം. ഏതാണ്ട് ഒരു ലക്ഷം മണിക്കൂർ വരെയാണ് എൽ ഇ ഡി ലാമ്പുകളുടെ ആയുസ്സ്. ആഗോളതാപനത്തിനെതിരായ പോരാട്ടത്തിൽ പ്രതീക്ഷയുടെ പച്ചത്തുരുത്തായി എൽ ഇ ഡി കൾ മാറുകയും ചെയ്തു.

●



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara